Vol. 8 No. 1 January 2025
ISSN 2582-2594

www. akgct.org

# ACADEMIC RESEARCH AND REVIEW LETTERS

(Multi-disciplinary Peer Reviewed Research Journal)

**A Biannual Research Journal**
Association of
Kerala Government
College Teachers

# ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 8 No. 1 January 2025

A Biannual Research Journal

**Association of Kerala Government College Teachers**
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www. akgct.org

**ACADEMIC RESEARCH AND REVIEW LETTERS**
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

*Published in India by*
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL. 8 NO. 1 January 2025

ISSN: 2582 - 2594

Book design: SJ Communications

[Free and private circulation only]

## Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

**Editorial Correspondence**
All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

Printed at: KT Digital House, Mukkam, Kerala, India

# Editorial Board

Chief Editor

**Dr. Muhammed Rafeeq T.**

*Associate Professor, Dept. of Islamic History, University College, Thiruvananthapuram*

Editor

**Dr. Muhamed Basheer K. K.**

*Assistant Professor, Dept. of Malayalam, KKTM Govt. College, Pullut*

Editorial

**Dr. Ajaykumar A. P.**

*Assistant Professor, Dept. of Zoology, SNGS College, Pattambi*

**Dr. Sandhya S. Nair**

*Associate Professor, Dept. of Political Science, University College, Thiruvananthapuram*

**Dr. Baiju S.**

*Associate Professor, Dept. of Mathematics, Govt. College Kariavattom, Thiruvananthapuram*

**Dr. P. K. Sujathan**

*Assistant Professor, Dept. of Economics, Govt. Victoria College, Palakkad*

**Dr. Sajikumar K. B.**

*Associate Professor, Dept. of Commerce, PMG College, Chalakkudy, Thrissur.*

**Dr. Finosh G. Thankam**

*Assistant Professor*

*Tissue Engineering and Regenerative Medicine*

*Department of Translational Research*

*Western University of Health Sciences, Pomona, CA-91766*

**Dr. Sherin B. S.**

*Associate Professor,*

*Department of Comparative Literature and India Studies,*

*The English and Foreign Languages University, Hyderabad.*

Statement about ownership and other particulars about

## ACADEMIC RESEARCH AND REVIEW LETTERS

### Form IV

| | | | |
|---|---|---|---|
| 1. | Place of publication | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 2. | Periodicity of Publication | : | Half Yearly |
| 3. | Printers Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 4. | Publishers Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 5. | Editor's Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 6. | Name and Address of the Individual who own the Periodical | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |

I, Dr. Muhammed Rafeeq T. hereby declare that the particulars given above are true to the best of my knowledge and belief.

15-01-2025

Sd/-
Dr. MUHAMMED RAFEEQ T
Publisher

# Preface

We are pleased to present the January 2025 issue of Academic Research and Review Letters, featuring 19 scholarly papers from diverse fields, including Subaltern Studies, Muslim Women Studies, Migration Studies, Environmental Studies, Literature Studies, and Media Studies. This issue showcases cutting-edge research from esteemed scholars, exploring complex themes and issues.

Siyar Manuraj, Dr. Babu C.C. & Dr. Zabeena Hameed P., in their insightful paper, offers a fascinating comparison between Adam Smith's concept of division of labour and the Indian caste system, revealing the complexities of socioeconomic dynamics. The authors' thoughtful analysis provides a deeper understanding of the intersections between economics, culture, and society. The paper ‘Social Media and Modern Language Evolution’ by Divya T., examines the impact of social media on language evolution, highlighting the emergence of new words, linguistic peculiarities, and changing communication patterns. The author's analysis provides valuable insights into the dynamic relationship between technology, language, and culture.

In his study Dr. Muhamed Basheer K.K. explores the influence of Sree Narayana Guru's thoughts on Pandit K. P. Karuppan's ideas, covering various aspects such as brotherhood, non-violence, and anti-casteism. The research sheds light on the philosophical connections between these two prominent figures. The findings contribute to a deeper understanding of Kerala thought and culture. Krishnan P.C., analyses Zacharia's ‘Ottakannanmar’ uncovering the themes of loneliness, lust, and negative identity. The research employs a Freudian lens to examine the protagonist's fragmented personality and the

societal factors that shape it. The study offers an in depth of the human analysis human psyche and its complexities. Haritha S.R., examines the impact of digital media on social orders, drawing on Jean Baudrillard's theory of surrealism. The study explores how digital media reinterpret reality and blur the lines between the real and the surreal. The findings provide a comprehensive review on the effects of digital media on modern society.

Dr.Yacob Thomas analyses the historical lessons of the Malayalam novel "Khathaka Vadham," focusing on the themes of modernity, feudalism, and humanization. The researcher examines how the novel reflects the social and cultural changes brought about by colonialism and missionary modernity. The study offers a detailed examination of the novel's historical significance. Dr.Rekha S. analyses the representation of Dalit self-expression in post-modern Malayalam poetry, highlighting the works of poets such as S. Joseph and Rafique Ahmed. The study explores how these poets use their narrative style to express the struggles and experiences of the Dalit community. The findings provide valuable insights into the role of poetry in social activism.

The researcher Santhoshkumar M. examines the literary contributions of Mughal rulers and nobles, focusing on the period from 1526 to 1707. The research explores the cultural and historical context of literary production during this time, highlighting the role of Persian as the official language. The study offers a comprehensive overview of the literary achievements of the Mughal Empire. The researchers Divya K.T. and Dr.Shajila Beevi S. study the impact of judicial interventions on Muslim women's rights, focusing on the landmark cases of Shah Bano and Shayara Bano. The study examines the role of the judiciary in shaping Muslim personal law and promoting gender justice and provide a detailed understanding of the complex relationship between law, religion, and gender.

Researcher Risana C.P. explores the trends, challenges, and policy responses related to Indian migration to the Gulf region. The research examines the historical context of this migration corridor and the impact of policies on migration patterns. The study offers a comprehensive analysis of the complexities surrounding Indian migration to the Gulf. Arya P.G., in her study examines


ISSN: 2582 - 2594

the influence of cartoons on children's cultural values, behaviours, and social interactions. The study investigates how children emulate behaviours and adopt character traits from their favourite cartoon characters. The paper also makes a sophisticated scrutiny in the insights into the role of media in shaping child development. Abdul Gafoor P., analyses the Silent Valley Movement in Kerala, highlighting its significance as a grassroots environmental activism campaign. The research examines the role of the Kerala Sastra Sahitya Parishad (KSSP) in mobilizing support against the proposed hydroelectric project and also the movement's impact on environmental conservation. The researcher Fathima R.V., explores the themes of identity, body, and sexuality in B.M. Suhara's stories, focusing on the experiences of Muslim women in Kerala. The study examines how Suhara's writings challenge patriarchal norms and offer a feminist perspective on women's lives. The findings provide valuable insights into the role of literature in promoting social change.

Dr.Jency K.A.& Sajo Jose make a study of Paulo Coelho's novel "By the River Piedra I Sat Down and Wept," exploring the intersection of love and spirituality. The research provides a comprehnsive analysis of the novel, examining its themes of forgiveness, self-discovery, and spiritual growth as well as its phylosophical and lietary significance. Dr.Ambily M,V,, through the paper child psycho analysis in the stories of M.T. offers a nuanced exploration of the psychological impact of childhood experiences on personality development, shedding light on the complexities of human emotions. The author's thoughtful analysis of M.T's short stories provides valuable insights into the human condition. Teji K Thomas in his paper- Philosophy of Death in the Stories of M.T., delves into the profound and universal theme of death, examining its portrayal in M.T's stories and its resonance with human existence. The author's philosophical analysis adds depth and complexity to our understanding of mortality. Dr.Sanjaykumar S, .in this engaging paper explores the cultural significance of the Dubai letter song, highlighting its role in expressing the emotions and experiences of expatriate workers. The author's analysis of the song's popularity sheds light on the power of music to connect people across border.

The paper entitled 'Breaking Barriers: The Role of MGNREGA in Enhancing the Economic Status of MuslimWomen'is an empowering paper highlighting the critical role of MGNREGA in promoting economic empowerment and social inclusion among Muslim women in Kerala. The author's research provides a compelling case for targeted initiatives that address the unique challenges faced by marginalized communities. 'Existential Crises: A Study on Shobasakthi's Gorilla' is also a thought-provoking paper offers a nuanced analysis of Shobasakthi's Gorilla, exploring themes of alienation, identity conflict, and existential crisis in the context of the Sri Lankan civil war. The author's literary analysis provides a deeper understanding of the human cost of conflict and the complexities of identity formation.

We extend our gratitude to the contributors, reviewers, and editorial team for their tireless efforts in making this issue a success. This publication is dedicated to fostering academic excellence and providing a platform for scholars to share their research.

Sincerely

**Dr. Muhamed Basheer K. K.**
Editor

**Dr. Muhammed Rafeeq T.**
Chief Editor


ISSN: 2582 - 2594

**ACADEMIC RESEARCH AND REVIEW LETTERS**
Vol. 8 No. 1 JANUARY 2025

# CONTENTS

## SUBALTERN STUDIES

1. **ആഡം സ്മിത്തും മനുസ്മൃതിയും** **11**
Siyar Manuraj, Dr. Babu C.C, Dr. Zabeena Hameed P.

2. **അടിമയിൽനിന്ന് മനുഷ്യനിലേക്കുള്ള ആധുനികതയുടെ നടപ്പാത: ഘാതകവധത്തിന്റെ ചരിത്രപാഠങ്ങൾ** **25**
ഡോ. യാക്കോബ് തോമസ്

3. **ദളിത് സ്വത്വാവിഷ്കാരം – ഉത്തരാധുനിക മലയാളകവിതകളിൽ** **37**
ഡോ. രേഖ എസ്

4. **ശ്രീനാരായണ ഗുരു ദർശനങ്ങളുടെ സ്വാധീനം പണ്ഡിറ്റ് കെ.പി. കറുപ്പൻ മാസ്റ്ററുടെ വ്യവഹാരങ്ങളിൽ** **47**
ഡോ. മുഹമ്മദ് ബഷീർ കെ. കെ.

## MEDIA STUDIES

5. **അതീതയാഥാർത്ഥ്യവും നവ സാമൂഹിക ക്രമവും: ഡിജിറ്റൽ യുഗത്തിലെ യാഥാർത്ഥ്യത്തിന്റെ പരിണാമം** **58**
എസ്. ആർ. ഹരിത

6. **സമൂഹമാധ്യമങ്ങളും ആധുനികഭാഷാപരിണാമവും** **66**
ദിവ്യ ടി.

7. **Beyond Entertainment: Exploring Enculturation and Behavioural Influences in Children** **71**
Arya P. G.

## MUSLIM WOMEN STUDIES

8. **Breaking Barriers: The Role of MGNREGA in Enhancing the Economic Status of Muslim Women in Thiruvananthapuram** **94**
Dr. Manoj R.

9. Judicial Interventions of Muslim Women Rights:
A Study from Shah Bano to Shayara Bano Case and its aftermath 102
Divya K.T, Dr. Shajila Beevi S.

10. സ്വത്വം, ശരീരം, ലൈംഗികത: ബി.എം.സുഹറയുടെ കഥകളിൽ 109
ഫാത്തിമ ആർ.വി.

## LITERATURE STUDIES

11 Artistic Intersection of Love and Spirituality in Paulo Coelho's *By the River Piedra I Sat Down and Wept* 115
Dr. Jency K.A., Dr. Sajo Jose

12 Existential Crises: A Study on Shobasakthi's Gorilla 125
Remya Krishnan

13 'ഒറ്റക്കണ്ണൻമാർ' വ്യാഖ്യാനവും ശരീരത്തിന്റെ തുറന്നാട്ടവും 130
കൃഷ്ണൻ പി.സി.

14 ദുബായ് കത്ത് പാട്ടും ജനപ്രിയതയും എസ്. എ ജമീലിന്റെ
ദുബായ് കത്ത് പാട്ടിനെ മുൻനിർത്തി ഒരു വിചാരം. 134
ഡോ. സഞ്ജയ കുമാർ എസ്.

15 Literary Contributions under the Mughal Empire From 1526 to 1707: A Historical Study 141
Santhosh Kumar M.

16 മൃത്യുദർശനം എം.ടിയുടെ കഥകളിൽ 152
(അഭയം, കല്പാന്തം, അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ)
ടെജി കെ. തോമസ്

17 ബാല്യമനോവ്യാഖ്യാനം എം.ടിയുടെ കഥകളിൽ 160
(പെരുമഴയുടെ പിറ്റേന്ന്, അന്തിവെളിച്ചം, ബന്ധനം)
ഡോ. അമ്പിളി എം.വി.

## ENVIRONMENTAL STUDIES

18 Roots of Environmentalism in Kerala: Examining the Silent Valley Movement 1973-1985 170
Abdul Gafoor P.

## MIGRATION STUDIES

19 Indian Migration to the Gulf: Trends, Challenges and Policy Responses 181
Risana C.P.


ISSN: 2582 - 2594

SUBALTERN STUDIES

# ആഡം സ്മിത്തും മനുസ്മൃതിയും

**Siyar Manuraj**
Associate Professor of Economics
K.K.T.M. Government College
Kodungallur, Kerala 680663
Email: simanuraj@gmail.com

**Dr. Babu C.C**
Deputy Director of Thrissur,
Collegiate Education (retd).
V.R. Puram, Chalakkudi
Email: drbabucc@gmail.com
&
**Dr. Zabeena Hameed P.**
Associate Professor of Economics
University of Calicut
Dr. John Mathai Centre
Aranattukara – Thrissur
Email: zabeenahp@gmail.com

സംഗ്രഹം

മുതലാളിത്തത്തിന്റെ വളർച്ചയുടെ ആദ്യകാലത്ത് ജീവിച്ചിരുന്ന ആഡം സ്മിത്ത് തൊഴിൽവിഭജനത്തിലൂടെയും അതിലൂടെയുള്ള കമ്പോള വികാസത്തിലൂടെയും രാജ്യങ്ങളുടെ സമ്പത്തും വ്യക്തികളുടെ ക്ഷേമവും വർദ്ധിക്കും എന്ന് തെളിയിക്കാനാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ "രാജ്യങ്ങളുടെ സമ്പത്ത്" എന്ന പുസ്തകം എഴുതിയത്. മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയുടെ അടിത്തറയായി ആഡം സ്മിത്ത് പ്രതിഷ്ഠിച്ചത് തൊഴിൽ വിഭജനത്തെ ആയിരുന്നു. മുതലാളിത്തത്തെ വ്യക്തിയുടെ സാമ്പത്തിക ശേഷികളുടെ വികാസത്തിന്റെ പാരമ്യതയിൽ എത്താനുള്ള സുനിശ്ചിതമായ മാർഗ്ഗം എന്ന നിലയിലാണ് സ്മിത്ത് വിഭാവനം ചെയ്തത്. ആ നിലയ്ക്ക് മുതലാളിത്ത വികാസത്തിന്റെ ചാലകശക്തിയായ തൊഴിൽ വിഭജനത്തെ വ്യക്തി സ്വാതന്ത്ര്യത്തെ ഉറപ്പുവരുത്തുന്ന ഒന്നായാണ് ആഡം സ്മിത്ത് വിശേഷിപ്പിച്ചത്. ഒരു വ്യക്തി എന്ന നിലയിലും ക്രയശേഷിയുള്ള അധ്വാനത്തിന്റെ ഉടമ എന്ന നിലയിലും ഒരാളുടെ "സാമ്പത്തിക തിരഞ്ഞെടുപ്പ

കൾക്ക്” സ്വതന്ത്ര ചലനാത്മകത ഉള്ള ഒരു ഇടമായാണ് ആഡം സ്മിത്ത് മുതലാളിത്ത കമ്പോളത്തെ വിശദീകരിക്കുന്നത്. ഇന്ത്യൻ ജാതിവ്യവസ്ഥയുടെ അടിത്തറയായി പ്രവർത്തിക്കുന്നതും തൊഴിൽ വിഭജനം തന്നെയാണ്. എന്നാൽ തൊഴിൽ വിഭജനം തന്നെ തൊഴിലാളിയുടെ സ്വതന്ത്ര തിരഞ്ഞെടുപ്പുകളെ, സാമ്പത്തികം മാത്രമല്ല സാമൂഹ്യവും സാംസ്കാരികവും ആയ തിരഞ്ഞെടുപ്പുകളെ, സമ്പൂർണ്ണമായി റദ്ദ് ചെയ്തുകൊണ്ടാണ് ജാതിവ്യവസ്ഥയ്ക്ക് അകത്ത് പ്രവർത്തിക്കുന്നത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനവും സാമൂഹ്യ-സാമ്പത്തിക ചലനാത്മകതയെ ഉറപ്പുവരുത്തുന്ന കാര്യത്തിൽ രണ്ടു ധ്രുവങ്ങളിൽ ആണ് കിടക്കുന്നത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് അകത്തുള്ള തൊഴിൽ വിഭജനവും തമ്മിലുള്ള താരതമ്യപഠനം ആണ് ഈ ലേഖനത്തിന്റെ കാതൽ.

**താക്കോൽവാക്കുകൾ:** മുതലാളിത്തം, ജാതിവ്യവസ്ഥ, തൊഴിൽ വിഭജനം, ശ്രേണീകൃത അസമത്തം, സംസ്കൃതവൽക്കരണം.

**ആമുഖം**

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആഡം സ്മിത്ത് ജീവിച്ചത് വ്യാവസായിക മുതലാളിത്തം ലോക സമ്പദ്‌വ്യവസ്ഥയിൽ പിച്ചവെച്ച് നടന്നുതുടങ്ങിയ കാലത്തായിരുന്നു. മുതലാളിത്തം ഭാവിയിൽ ആർജ്ജിച്ച സാങ്കേതിക വികാസമോ, ഉൽപ്പാദന വിപ്ലവമോ അദ്ദേഹം കാണുകയുണ്ടായില്ല. എന്നാലും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ വികാസത്തെ തന്റെ ജന്മദേശമായ കൊക്കോൾഡിയിലെ തുറമുഖത്ത് വന്നുപോയിരുന്ന കപ്പലുകളെ നിരീക്ഷിച്ചതിൽ നിന്നും സ്മിത്ത് തിരിച്ചറിഞ്ഞിരുന്നു. ആ തിരിച്ചറിവിന്റെ ബൗദ്ധിക പ്രതിഫലനമാണ് നമ്മൾ “Wealth of Nations” എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാണുന്നത്. ആഡം സ്മിത്ത് അദ്ദേഹത്തിന്റെ “രാജ്യങ്ങളുടെ സമ്പത്ത്” എന്ന പുസ്തകത്തിന്റെ ആരംഭത്തിൽ തന്നെ ഒരു സമൂഹത്തിന്റെ ജീവിതനിലവാരത്തെ നിർണ്ണയിക്കുന്നത് ആ സമൂഹം ആർജ്ജിച്ചിട്ടുള്ള മനുഷ്യാധ്വാനത്തിന്റെ ഗുണനിലവാരവും ആ അധ്വാനം എങ്ങനെയൊക്കെയാണ് ഉൽപ്പാദനക്ഷമമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നത്, അങ്ങനെ ഉണ്ടാക്കുന്ന വസ്തുക്കളേയും അവ കൊടുത്ത് പകരം വാങ്ങുന്ന വസ്തുക്കളേയും ആശ്രയിച്ചാണ് എന്നുറപ്പിച്ചു പറയുന്നു (സ്മിത്ത്, 1981)[1]. മനുഷ്യധ്വാനത്താൽ ഒരു രാജ്യത്തിനകത്ത് ഉണ്ടാക്കപ്പെടുന്ന വസ്തുക്കളും, അവ കൈമാറ്റം ചെയ്ത് മറ്റു രാജ്യങ്ങളിൽ നിന്നും സമ്പാദിക്കാൻ കഴിയുന്ന വസ്തുക്കളും ചേരുമ്പോഴാണ് രാജ്യത്തിന്റെ ദേശീയവരുമാനം നിർണ്ണയിക്കപ്പെടുന്നത് എന്നാണ് സ്മിത്ത് സമർഥിച്ചത്. അടഞ്ഞ ഒരു സമ്പദ്‌വ്യവസ്ഥയെ അല്ല ആഡം സ്മിത്ത് തന്റെ പുസ്തകത്തിൽ വിഭാവനം ചെയ്തത്, മറിച്ച് ലോകം മുഴുവനുമുള്ള രാജ്യങ്ങൾ പരസ്പരം സാമ്പത്തിക വിനിമയത്തിൽ ഏർപ്പെടുന്ന ചലനാത്മകമായ ഒരു സാമ്പത്തിക ലോകത്തെയാണ്. തോക്കിൻകുഴലിലൂടെയുള്ള സാമ്രാജ്യത്വം ആയിരുന്നില്ല സ്മിത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. ഒരു സമൂഹത്തിന്റെ സമ്പത്ത് നിശ്ചയിക്കുന്നത് ആ സമൂഹത്തിലെ തൊഴിലാളികളുടെ അധ്വാനവും അവരുടെ വൈദഗ്ദ്ധ്യവും ആണെന്ന് ആഡം സ്മിത്ത് പറയുമ്പോൾ അദ്ദേഹം ആശയതലത്തിൽ കാറൽ മാർക്സിന്റെ ഭാവി വരവറിയിക്കുകയായിരുന്നു. “തൊഴിലാളിയുടെ അധ്വാനമാണ് ലോകത്തേയും ചരിത്രത്തേ

യും നിർമ്മിക്കുന്നത്" (എംഗൽസ്, 1902)[2] എന്ന മാർക്സിയൻ ചിന്തയുടെ തന്നെ ആദ്യകാല സൂചനകൾ ആണ് ആഡം സ്മിത്തിന്റെ പുസ്തകത്തിലും പ്രതിഫലിക്കുന്നത്. സ്വന്തം അധ്വാനം കൊണ്ട് മാത്രം അതിജീവനം സാധ്യമല്ലാതിരുന്ന വേട്ടയാടൽ - പെറുക്കിതീനി മനുഷ്യരുടെ കാലത്തിൽ നിന്നും മനുഷ്യസമുദായം വളർന്നത് സ്വന്തം അധ്വാനശേഷികളെ വികസിപ്പിച്ചിട്ടാണ് എന്ന് മാർക്സും എംഗൽസും വിശദീകരിക്കുമ്പോൾ, ആ വികാസത്തിന്റെ സാമ്പത്തിക സാധ്യതകളെ കണ്ടുവെങ്കിലും അതിന്റെ ചരിത്രപരതയേയും, ചൂഷണാത്മകതയേയും ആഡം സ്മിത്തും പിൻഗാമി ഡേവിഡ് റിക്കാർഡോയും സൗകര്യപൂർവ്വം കണ്ടില്ലെന്ന നടിച്ചു എന്നത് ആനുഷംഗികമായി പറയട്ടെ. മനുഷ്യാധ്വാനശേഷികളുടെ വികാസത്തിലെ ഒരു സുവർണ്ണ ഏടായിട്ടാണ് ആഡം സ്മിത്ത് തൊഴിൽവിഭജനത്തെ (Division of labor) രേഖപ്പെടുത്തുന്നത്.

**ആഡം സ്മിത്തിന്റെ തൊഴിലാളിയും തൊഴിൽ വിഭജനവും**

ആഡം സ്മിത്തിന്റെ വായനാപരിസരത്തിലേക്ക് തൊഴിൽ വിഭജനമെന്ന ആശയം കടന്നു വരുന്നത് മാൻഡെവില്ലിന്റെ [Mandeville] Fable of the Bees എന്ന പുസ്തകത്തിൽ നിന്നാണെന്ന് കരുതപ്പെടുന്നു. മാൻഡെവിൽ എഴുതുന്നു "ഒരാൾ അമ്പും വില്ലും ഉണ്ടാക്കുമ്പോൾ മറ്റൊരാൾ ആഹാരവും, മറ്റൊരാൾ പാത്രങ്ങളും വേറൊരാൾ തുണിയും ഉണ്ടാക്കുമ്പോൾ അവർ പരസ്പരം ഉപകാരികൾ ആകുന്നുവെന്ന് മാത്രമല്ല, അവർ ചെയ്തുകൊണ്ടിരിക്കുന്ന ജോലികളിൽ അവർ മിടുക്കരും ആകുന്നു" (Mandeville, 1988)[3]. അധ്വാനത്തെ പരസ്പരബന്ധിതമായ ചെറു കണ്ണികൾ ആയി വിഘടിപ്പിക്കുന്നതിന്റെ അനന്ത സാധ്യതകളെ പറ്റിയാണ് മാൻഡെവിൽ പറഞ്ഞത്. ഇത് തന്നെയാണ് മറ്റൊരു തരത്തിൽ 1757 ൽ ജോസഫ് ഹാരീസ് അദ്ദേഹത്തിന്റെ "Essay upon Money and Coins" എന്ന ലേഖനത്തിൽ വ്യത്യസ്ത തൊഴിൽ ശേഷികൾ എങ്ങനെയാണ് സമൂഹത്തിന്റെ ക്ഷേമത്തെ വർധിപ്പിക്കുന്നത് എന്ന് വിശദീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിലും ഉണ്ടായിരുന്നത് "തൊഴിൽ വിഭജനം" തന്നെ ആയിരുന്നു (ഹാരിസ്, 1968)[4]. തൊഴിൽ വിഭജനമെന്ന ആശയത്തെ അടിത്തറയായി ഉറപ്പിച്ചുകൊണ്ടാണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ സ്വതന്ത്രമുതലാളിത്ത വ്യവസ്ഥിതിയെ വായനക്കാർക്ക് മുൻപിൽ സമർപ്പിക്കുന്നത്. ആഡം സ്മിത്തും അദ്ദേഹത്തിന് മുൻപ് പ്ലേറ്റോയും[5] സിനഫനും[6] (Xenophon), മാൻഡെവില്ലും, ഹാരീസും, പിൽക്കാലത്ത് എമീൽ ഡർക്കൈമും (Emile Durkheim) ജനപ്രീയവൽക്കരിച്ച തൊഴിൽ വിഭജനമെന്ന ആശയമാണ് മനുസ്മൃതിയിലും ഋക് വേദത്തിലും ചാണക്യന്റെ അർത്ഥശാസ്ത്രത്തിലും ഒക്കെ തെളിമയോടെ വിശദീകരിക്കപ്പെട്ട വർണ്ണ വ്യവസ്ഥയുടേയും ജാതിവ്യവസ്ഥയുടേയും അടിസ്ഥാനം. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും മനുസ്മൃതിയിലെ തൊഴിൽ വിഭജനവും തമ്മിലുള്ള താരതമ്യപഠനമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യവും കാതലും.

ആഡം സ്മിത്ത് എഴുതുന്നു "THE GREATEST IMPROVEMENTS in the productive powers of labour, and the greater part of the skill, dexterity, and judgment, with which it is anywhere directed, or applied, seem to have been the effects of the division of labour................. To take an example, therefore, from a very trifling manufacture, but one in which the division of labour has been very often taken notice of, the trade of a pin-maker: a workman not

educated to this business (which the division of labour has rendered a distinct trade, nor acquainted with the use of the machinery employed in it (to the invention of which the same division of labour has probably given occasion), could scarce, perhaps, with his utmost industry, make one pin in a day, and certainly could not make twenty But in the way in which this business is now carried on, not only the whole work is a peculiar trade, but it is divided into a number of branches, of which the greater part are likewise peculiar trades. One man draws out the wire; another straights it; a third cuts it; a fourth points it; a fifth grinds it at the top for receiving the head; to make the head requires two or three distinct operations; to put it on is a peculiar business; to whiten the pins is another; it is even a trade by itself to put them into the paper; and the important business of making a pin is, in this manner, divided into about eighteen distinct operations, which, in some manufactories, are all performed by distinct hands, though in others the same man will sometimes perform two or three of them. I have seen a small manufactory of this kind, where ten men only were employed, and where some of them consequently performed two or three distinct operations. But though they were very poor, and therefore but indifferently accommodated with the necessary machinery, they could, when they exerted themselves, make among them about twelve pounds of pins in a day. There are in a pound upwards of four thousand pins of a middling size. Those ten persons, therefore, could make among them upwards of forty-eight thousand pins in a day. Each person, therefore, making a tenth part of forty-eight thousand pins, might be considered as making four thousand eight hundred pins in a day. But if they had all wrought separately and independently, and without any of them having been educated to this peculiar business, they certainly could not each of them have made twenty, perhaps not one pin in a day; that is, certainly, not the two hundred and fortieth, perhaps not the four thousand eight hundredths, part of what they are at present capable of performing, in consequence of a proper division and combination of their different operations" (സ്മിത്ത്, 1976)[7]. ആഡം സ്മിത്തിന്റെ രാജ്യങ്ങളുടെ സമ്പത്ത് എന്ന പുസ്തകത്തിലെ ഏറ്റവും കൂടുതലായി ഉദ്ധരിക്കപ്പെട്ട ഭാഗങ്ങളിൽ ഒന്നായ സൂചി നിർമ്മാണത്തിൽ തൊഴിൽ വിഭജനം ഉണ്ടാക്കുന്ന മാന്ത്രികതയും ഉൽപ്പാദനക്ഷമതാവർദ്ധനവും വെളിപ്പെടുത്തുന്ന ഭാഗമാണ് മേൽ കൊടുത്തിട്ടുള്ളത്. ഇത്രയും വലിയ ഒരു ഉദ്ധരണി നൽകിയത് തന്നെ ആ ഉദ്ധരണിയുടെ സാമ്പത്തികവും ചരിത്രപരവുമായ പ്രാധാന്യത്തെ മുൻനിർത്തിയാണ്. തൊഴിൽ വിഭജനത്തിലൂടെ സ്വന്തം പ്രയത്നശേഷിയും രാഷ്ട്രത്തിന്റെ ഉൽപ്പാദനശേഷിയും എങ്ങനെയാണ് വർദ്ധിക്കുന്നത് എന്നാണ് ആഡം സ്മിത്ത് പറയുന്നത്. വായനക്കാരുടെ സൂക്ഷ്മദൃഷ്ടി പതിയേണ്ട ചിലകാര്യങ്ങളിലേക്ക് ഇനി നമുക്ക് പ്രവേശിക്കാം.

മേൽകൊടുത്ത ഉദ്ധരണിയിൽ ആഡം സ്മിത്ത് വിശദീകരിക്കുന്ന തൊഴിലാളി ഉള്ളത് മാർക്സ് പറഞ്ഞതുപോലുള്ള Socially necessary abstract labor എന്ന നിലയിലാണ്(Marx,

 ISSN: 2582 - 2594

1887)[8]. മാർക്സ് തൊഴിലാളിയുടെ വർഗ്ഗപരിസരത്തെ വ്യക്തമാക്കുമ്പോൾ ആഡം സ്മിത്ത് ആ ഭാഗം അദൃശ്യമാക്കിവെക്കുകയാണ് ചെയ്യുന്നത്. ഒരു ജോലിയിൽ ഏർപ്പെടുന്ന സ്വതന്ത്രവ്യക്തി എന്ന നിലയിലാണ് ആഡം സ്മിത്ത് തൊഴിലാളിയെ തന്റെ പുസ്തകത്തിൽ ചിത്രീകരിക്കുന്നത്. തന്റെ അധ്വാനം തന്റെ തന്നെ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ആ അധ്വാനം ആവശ്യമുള്ള മറ്റൊരു വ്യക്തിക്കോ സ്വതന്ത്രമായി, യാതൊരുവിധ നിർബന്ധമോ ബലപ്രയോഗമോ കൂടാതെ കൈമാറ്റം ചെയ്യാൻ കഴിയുന്ന ഒരു സ്വതന്ത്രവ്യക്തി എന്ന നിലയിൽ ആണ് ആഡം സ്മിത്ത് തൊഴിലാളിയെ വായനക്കാർക്ക് മുൻപിൽ പ്രദർശിപ്പിക്കുന്നത്. ഒരു വ്യക്തി എന്ന നിലയിലും ഉൽപാദന പ്രക്രിയയിൽ ഏർപ്പെടുന്ന ഒരു തൊഴിലാളി എന്ന നിലയിലും അയാൾ ഏർപ്പെടുന്ന തൊഴിലുകളുടെ തിരഞ്ഞെടുപ്പിൽ സമ്പൂർണ്ണമായ സ്വയം നിർണ്ണയശേഷിയും അവകാശവും ഉള്ള വ്യക്തി ആയാണ് ആഡം സ്മിത്തിന്റെ തൊഴിലാളിയെ അദ്ദേഹം വിഭാവനം ചെയ്തിട്ടുള്ളത്. അടിമ എന്ന നിലയിൽ നിന്നും പ്രജ എന്ന നിലയിൽ നിന്നും വ്യത്യസ്തമായി അധികാരങ്ങളും അവകാശങ്ങളും ഉള്ള പൗരൻ എന്ന സങ്കൽപ്പനത്തിലാണ് ആഡം സ്മിത്ത് മുതലാളിത്തത്തിലെ തൊഴിലാളിയെ ഉറപ്പിച്ചിട്ടുള്ളത്.

പ്ലേറ്റോവിയൻ അടിമ വ്യവസ്ഥിതിയിൽ കൊല്ലപ്പെടുക അല്ലെങ്കിൽ അടിമ, ഉടമ പറയുന്ന ജോലികൾ പറയുന്ന സമയം വരെ ചെയ്യുക എന്ന അവസ്ഥയാണ് അടിമയ്ക്ക് ഉണ്ടായിരുന്നത്. അടിമത്തം എന്നാൽ കൊല്ലപ്പെടാതിരിക്കുക എന്നായിരുന്നു അർഥം. അധ്വാനിക്കുക അല്ലെങ്കിൽ കൊല്ലപ്പെടുക എന്നതിനപ്പുറം മറ്റൊരു തിരഞ്ഞെടുപ്പ് അടിമയ്ക്ക് ഉണ്ടായിരുന്നില്ല. സ്വന്തം അധ്വാനശേഷി മാത്രമല്ല സ്വന്തം ശരീരവും ജീവിതവും ഒന്നും അടിമയ്ക്ക് സ്വന്തം ആയിരുന്നില്ല. ഉടമയ്ക്ക് വേണ്ടി അധ്വാനിക്കുന്ന ഒരു മൃഗമോ യന്ത്രമോ മാത്രം ആയിരുന്നു അടിമകൾ. അടിമയെ ശാരീരികമായും മാനസികമായും സാംസ്കാരികമായും കീഴ്പ്പെടുത്തിക്കൊണ്ടാണ് അടിമവ്യവസ്ഥ നിലനിന്നത്. അടിമ വ്യവസ്ഥയിൽ അടിമയും അയാളുടെ അധ്വാനവും ഒന്നായി തന്നെയാണ് നിലനിന്നിരുന്നത്. അടിമയുടെ ഉടമ കൈവശം വെച്ചത് അടിമയുടെ അധ്വാനം മാത്രമായിരുന്നില്ല അടിമയെന്ന വ്യക്തിയെ കൂടി ആയിരുന്നു. ഒരു വ്യക്തിയെ അടിമയാക്കി നിലനിർത്തുന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതിയെ സമ്പൂർണ്ണമായി ന്യായീകരിക്കുന്ന ഒരു മൂല്യബോധത്തിനകത്ത് മാത്രമേ ആ വ്യവസ്ഥയ്ക്ക് നിലനിൽക്കാൻ കഴിയൂ. അടിമ വ്യവസ്ഥിതി എന്നത് തൊഴിൽ വിഭജനത്തിന്റെ ക്രൂരവും വന്യവുമായ ഒരു രൂപമാണ്. അടിമയുടെ ശരീരത്തെ മരത്തിൽ തലകീഴായി കെട്ടിത്തൂക്കി അടിയിൽ ആഴി കത്തിച്ച് അയാളെ ജീവനോടെ മെല്ലെമെല്ലെ വറുത്തെടുക്കുന്ന, അയാളുടെ ശരീരഭാഗങ്ങൾ ഓരോന്നായി ചൂഴ്ന്നെടുക്കുന്ന Mob Lynching അടിമകളെ ഭയപ്പെടുത്തുക, അവരെ ബലപ്രയോഗത്തിലൂടെ അവർ ജീവിക്കുന്ന ഇടങ്ങളിൽ ചെയ്യുന്ന തൊഴിലുകളിൽ തളയ്ക്കുക എന്നത് കേവലം ഉടമയുടെ ദേഷ്യവും അടിമയുടെ മേലുള്ള ഉടമസ്ഥതയും നിയന്ത്രണവും ആ നിയന്ത്രണങ്ങളുടെ വന്യത പ്രകടിപ്പിക്കുക എന്നതിനപ്പുറം "അടിമയെ സംബന്ധിച്ചിടത്തോളം അയാളുടെ അധ്വാനശേഷി മാത്രമായി ഉടമയ്ക്ക് വിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം അടിമ വ്യവസ്ഥയിൽ ഉണ്ടായിരുന്നില്ല" എന്ന ചരിത്ര യഥാർത്ഥ്യം ആണ് വെളിപ്പെടുന്നത് (പാറ്റേഴ്സൺ, 1940)[9]. തൊഴിൽ വിഭജനത്തിന്റെ ഏറ്റവും വന്യവും ക്രൂരവും ആയ അവസ്ഥയായിരുന്നു അടിമവ്യവസ്ഥ. ആഡം സ്മിത്ത് വിഭാവനം ചെയ്യുന്ന തൊഴിൽ വിഭജനം അടിമ

വ്യവസ്ഥയുടെ നേർ വിപരീതം ആയിരുന്നു. സ്വതന്ത്രവ്യക്തി എന്ന നിലയിൽ തനിക്കേറ്റവും കൂലി തരുന്ന ആൾക്ക് സ്വന്തം അധ്വാനം വിൽക്കാൻ അവകാശമുള്ള മനുഷ്യൻ ആയിരുന്നു സ്മിത്തിന്റെ തൊഴിലാളി. സ്വന്തം അദ്ധ്വാനത്തിന് അർഹമായ കൂലി തൊഴിലാളിക്ക് കൊടുക്കുന്ന ചൂഷണരഹിതമായ ഒരു വ്യവസ്ഥ ആയാണ് സ്മിത്ത് മുതലാളിത്തത്തെ ചിത്രീകരിച്ചത്. എന്നാൽ മാർക്സ് മുതലാളിത്തത്തിൽ കണ്ടത് തൊഴിലാളിയുടെ അധ്വാനം മതിയായ കൂലി കൊടുക്കാതെ കവരുന്ന ചൂഷകനായ മുതലാളിയെ ആണ്. സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കുന്ന മാന്ത്രികനായി സ്മിത്ത് മുതലാളിയെ കണ്ടപ്പോൾ, തന്റെ കരസ്പർശത്താൽ സാമ്പത്തിക വസന്തം സൃഷ്ടിക്കുന്ന കാമദേവനായാണ് ഷുംപീറ്റർ മുതലാളിയെ കണ്ടപ്പോൾ, മാർക്സ് അവരെ കണ്ടത്. തൊഴിലാളിയുടെ അധ്വാനം കവരുന്ന ചൂഷകരായിട്ടാണ്.

മുതലാളിത്തം തൊഴിലാളിയേയും അയാളുടെ അധ്വാനത്തെയും രണ്ടായി കണ്ടുകൊണ്ടാണ് അവർക്കിടയിലെ സാമ്പത്തിക വിനിമയത്തെ നിർമ്മിച്ചിരിക്കുന്നത്. ഒരു വ്യക്തി എന്ന നിലയിൽ തൊഴിലാളിയുടെ “തിരഞ്ഞെടുക്കാൻ ഉള്ള” സ്വാതന്ത്ര്യത്തെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടാണ് മുതലാളിത്തം അധ്വാനത്തെ നിർവചിക്കുന്നത്. മുതലാളിത്ത ഉൽപ്പാദന പ്രക്രിയയിൽ പങ്കാളിയാകുന്ന തൊഴിലാളി മുതലാളിക്ക് വിൽക്കുന്നത് സ്വന്തം അധ്വാനശേഷി മാത്രമാണ്; തന്നെ തന്നെയല്ല. അടിമ വ്യവസ്ഥയിൽ നിന്നും ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും അടിമയേയും അടിയാന്മാരെയും വ്യക്തികൾ എന്ന നിലയിൽ സ്വാതന്ത്ര്യത്തോടെ തങ്ങളുടെ അധ്വാനം വിൽക്കാൻ ശേഷിയുള്ള ആളുകളായി പരിവർത്തിപ്പിക്കുകയാണ് മുതലാളിത്തം ചെയ്തത്. മുതലാളിത്തത്തിലെ തൊഴിലാളി ഉടമയ്ക്ക് വേണ്ടി ജീവൻ ബലികഴിക്കേണ്ട ദുർഗ്ഗതിയിൽ ഉള്ള അടിമയോ അടിയാനോ അല്ല. ഇഷ്ടാനുസരണം ജോലിയിൽ ഏർപ്പെടാനും ഇഷ്ടാനുസരണം ജോലിയിൽ നിന്നും വിട്ട് പോകാനും നിയമം മൂലം തന്നെ സ്വാതന്ത്ര്യമുള്ള ഒരാളായിട്ടാണ് മുതലാളിത്തം തൊഴിലാളിയെ നിർവ്വചിച്ചിട്ടുള്ളത്. ഈ വിമോചനാത്മക തൊഴിലാളി നിർവ്വചനത്തിനകത്താണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ തൊഴിൽ വിഭജനമെന്ന ആശയം ഉറപ്പിച്ചിരിക്കുന്നത്. തൊഴിലാളിയോ മുതലാളിയോ ആകാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ആഡം സ്മിത്ത് സാമൂഹ്യമായി യാതൊരു തരത്തിലും പരിമിതപ്പെടുത്തുന്നില്ല. വ്യക്തിയുടെ അഭിരുചികളെ അനിയന്ത്രിതമായി പിന്തുടരാനുള്ള അവകാശമാണ് ആഡം സ്മിത്ത് തൊഴിലാളിക്കും മുതലാളിക്കും വകവെച്ചു കൊടുക്കുന്നത്. അഭിരുചികളെ പിൻപറ്റാനുള്ള വ്യക്തിയുടെ ഉപാധിരഹിതമായ ശേഷിയുടെ മേലാണ് ആഡം സ്മിത്ത് അദ്ദേഹത്തിന്റെ അദൃശ്യകരം (Invisible Hand) എന്ന ആശയത്തെ പ്രവർത്തനക്ഷമം ആക്കുന്നത്. കമ്പോളമെന്നത് സാമൂഹ്യവികാസത്തിൽ സ്വാഭാവികമായി ഉണ്ടായിവരുന്ന (Naturalism) ഒന്നാണെന്നും അത് സമൂഹത്തിന്റെ ക്ഷേമത്തെ ഉയർത്തുന്ന ഒന്നാണെന്നുമുള്ള ചിന്ത (Optimism) സ്മിത്ത് ഉറപ്പിച്ചു പറയുന്നത് അടിമയോ അടിയാനോ അല്ലാത്ത, സ്വതന്ത്രവ്യക്തിത്വം ഉള്ള തൊഴിലാളിയെ നിർമ്മിച്ചുകൊണ്ടാണ്. രാഷ്ട്രീയമായി അടിമയിൽ നിന്നും പൗരനിലേക്കുള്ള പരിവർത്തനത്തെ കമ്പോളത്തിലേക്ക് പരാവർത്തനം ചെയ്യുകയാണ് ആഡം സ്മിത്ത് ചെയ്തത്. എല്ലാ വ്യക്തികളും അവരുടെ സാമ്പത്തിക അഭിരുചികളെ പിന്തുടരുകയും അവർക്ക് ഏറ്റവും ഗുണകരമായ കാര്യത്തിൽ ഏർപ്പെടുകയും ചെയ്യുമ്പോൾ വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെയും ക്ഷേമം പരമാവധിയാകുന്നു എന്നാണ് ആഡം സ്മിത്ത് കരുതിയത്. സാമൂഹ്യക്ഷേമത്തെ പരമാവധിയാക്കാനുള്ള

ഉപാധിയായാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെ കാണുന്നത്. തൊഴിലുകൾക്കിടയിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള വ്യക്തിയുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തെ ആഡം സ്മിത്ത് അനുവദിച്ചുകൊടുക്കുന്നു. തൊഴിലാളിയുടെ ഈ സ്വാതന്ത്ര്യത്തെ തൊഴിൽ എടുക്കാനുള്ള അയാളുടെ ശേഷിക്കപ്പുറം മറ്റൊരു സാമൂഹ്യനിലകൊണ്ടും പരിമിതപ്പെടുത്താൻ ആഡം സ്മിത്ത് തയ്യാറാകുന്നില്ല. വ്യക്തിയുടെ ഈ സ്വാതന്ത്ര്യമാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനത്തിന്റെയും കമ്പോള മുതലാളിത്തത്തിന്റെയും പ്രത്യേകത. ആഡം സ്മിത്തിന്റെ ഈ കേന്ദ്ര ആശയത്തെ മുൻനിർത്തി നമുക്ക് ഇന്ത്യൻ ജാതിവ്യവസ്ഥയും അതിനകത്തെ തൊഴിൽ വിഭജനവും എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് ഇന്ത്യൻ ജാതിവ്യവസ്ഥയോട് അംബേദ്കറും ഗാന്ധിയും പുലർത്തിയ നിലപാടുകളെ വിശകലനം ചെയ്തുകൊണ്ട് നോക്കാം.

## ജാതിവ്യവസ്ഥയും തൊഴിൽ വിഭജനവും തൊഴിലാളിയും

ജാതിയെ പറ്റിയുള്ള ഡോക്ടർ അംബേദ്കറുടെ ചരിത്രപ്രസിദ്ധമായ നിരീക്ഷണം "ജാതിവ്യവസ്ഥ തൊഴിലിനെ മാത്രമല്ല തൊഴിലാളികളെ കൂടിയാണ് വിഭജിക്കുന്നത്" എന്നാണ് (Ambedkar, 2019)[10]. തൊഴിൽ കമ്പോളത്തിലേക്കുള്ള തൊഴിലാളിയുടെ സ്വതന്ത്രപ്രവേശനത്തെ മുൻനിർത്തിയാണ് മുതലാളിത്തവും കമ്പോളവും സ്മിത്തിയൻ അദൃശ്യകരവും പ്രവർത്തിക്കുന്നത്. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥ തൊഴിലുകൾക്കിടയിൽ തൊഴിലാളിക്ക് സ്വതന്ത്രചാലകത്വം അനുവദിക്കുന്നില്ല എന്നാണ് അംബേദ്കർ പറയാൻ ശ്രമിച്ചത്. ഒരു സ്വതന്ത്രസമൂഹത്തിനകത്ത് സ്വാഭാവികമായി ഉയർന്നുവരുന്നതും എല്ലാവരുടേയും ക്ഷേമത്തെ ഉണ്ടാക്കുന്നതുമായ ഒരു സാമൂഹ്യ സ്ഥാപനമായാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെ കണ്ടത്. എന്നാൽ സാമൂഹ്യനിയന്ത്രണത്തിനകത്ത് അസ്വഭാവികമായി ഉണ്ടായിവന്നതും വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും സാമൂഹ്യക്ഷേമം ഉറപ്പുവരുത്താത്തതുമായ ഒരു സാമൂഹ്യതിന്മ ആയാണ് അംബേദ്കർ ജാതിവ്യവസ്ഥയേയും അതിനകത്തെ തൊഴിൽ വിഭജനത്തേയും കണ്ടത്. ജാതിവ്യവസ്ഥ പ്ലേറ്റോവിയൻ അടിമവ്യവസ്ഥ തന്നെയായിരുന്നു അംബേദ്കറുടെ വീക്ഷണത്തിൽ.

വർണ്ണവ്യവസ്ഥ അനുസരിച്ച് സമൂഹത്തെ ബ്രാഹ്മണർ, ക്ഷത്രീയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലായി തരംതിരിക്കുകയും അവർക്കിടയിൽ എങ്ങനെയാണ് അധികാരം, അവകാശം, സമ്പത്ത് വിതരണം ചെയ്യപ്പെടേണ്ടത് എന്നാണ് മനുസ്മൃതി പറയുന്നത് (നാഥാനന്ദ, 1988)[11]. ആദ്യത്തെ മൂന്നു വർണ്ണങ്ങളിൽ നിന്നും ശൂദ്രർ വിവേചനങ്ങൾ നേരിട്ടുവെങ്കിലും വർണ്ണവ്യവസ്ഥയ്ക്ക് അകത്ത് നിലനിൽക്കുന്നതിന് അവർ കൊടുക്കേണ്ട കപ്പം ആയാണ് ഈ വിവേചനങ്ങളും അധികാര അവകാശ നിഷേധങ്ങളും നിലനിന്നത്. അതായത് ശൂദ്രജനവിഭാഗങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരമുള്ള വിധേയപ്പെടലിന് അകത്താണ് വർണ്ണവ്യവസ്ഥ അഭംഗുരം പ്രവർത്തിച്ചത്. എന്നാൽ വർണ്ണവ്യവസ്ഥയ്ക്ക് വെളിയിൽ ജീവിച്ച സ്വതന്ത്ര മനുഷ്യരായ അവർണ്ണ ജനതകളുടെമേൽ സ്മൃതി അടിച്ചേൽപ്പിച്ച വിവേചനങ്ങൾ അവരുടെ സ്വതന്ത്ര വിധേയപ്പെടലിൽ ഉണ്ടായതല്ല, മറിച്ച് അധികാരവും ആയുധവും കൊണ്ട് സവർണ്ണർ നേടിയെടുത്ത ഒന്നാണ്. ശൂദ്രത്വം എന്നത് ഒരു വിഭാഗം ആളുകൾ സ്വയം സ്വീകരിച്ച സാമൂഹ്യനില ആകുമ്പോൾ അടിയാളത്വം എന്നത് ഒരു വിഭാഗം ജനങ്ങളുടെ മേൽ ബലമായി അടിച്ചേൽപ്പിച്ച സാമൂഹ്യനിലയാണ്. ഈ വിവേചനം നമ്മൾ തിരിച്ചറിഞ്ഞില്ലെങ്കിൽ എങ്ങ

നെയാണ് ജാതിവ്യവസ്ഥ പ്രവർത്തിച്ചത് എന്ന് നമുക്ക് മനസ്സിലാകാതെ പോകും. സമൂഹത്തെ സാമൂഹ്യപദവികളുടെ കാര്യത്തിൽ ശ്രേണീബദ്ധമായി നിലനിർത്തുകയും, ഓരോരുത്തരും തങ്ങൾക്ക് മുകളിൽ ഉള്ളവരോട് വിധേയത്തം പുലർത്തുകയും താഴെ ഉള്ളവരോട് വിവേചനം പുലർത്തുകയും ചെയ്യുന്നതിലൂടെ തങ്ങൾ അനുഭവിക്കുന്ന സാമൂഹ്യഅടിമത്തത്തെ തങ്ങൾക്ക് താഴെയുള്ളവരുടെമേൽ യജമാനത്തം ആർജ്ജിച്ചുകൊണ്ട് റദ്ദുചെയ്യുന്ന സാമൂഹ്യവൈകൃതം ആണ് ജാതിവ്യവസ്ഥ. വർണ്ണ വ്യവസ്ഥയ്ക്ക് വെളിയിൽ ജീവിച്ച ആളുകളെ അസ്പൃശ്യർ ആയി മുദ്രകുത്തുകയും അവർക്ക് "ഗ്രാമത്തിനു വെളിയിൽ ആയിരിക്കണം പാർപ്പിടം, അവർക്ക് ലോഹപാത്രത്തിൽ ഭക്ഷണം കൊടുക്കരുത്, നായയും കഴുതയും ആയിരിക്കണം അവരുടെ സ്വത്ത്, അവരെ കൃത്യമായി തിരിച്ചറിയും വിധമുള്ള വസ്ത്രധാരണവും തൊഴിലും പുലർത്തികൊണ്ട് അവർ ജീവിച്ചുകൊള്ളണം" എന്ന് മനുസ്മൃതി പറയുമ്പോൾ ആഡം സ്മിത്ത് മനസ്സിൽ കണ്ട തൊഴിൽ വിഭജനമല്ല ഇന്ത്യൻ ജാതിവ്യവസ്ഥ വിഭാവനം ചെയ്ത തൊഴിൽ വിഭജനം എന്ന് കാണാം. വിദ്യാഭ്യാസം, തൊഴിൽ, സ്വത്ത്, സഞ്ചാര സ്വാതന്ത്ര്യം, മറ്റുള്ളവരുമായുള്ള സാമൂഹ്യവിനിമയങ്ങൾ ഒക്കെ ജാതിവ്യവസ്ഥ അസ്പൃശ്യജനതകൾക്ക് നിഷേധിച്ചിരുന്നു. ആഡം സ്മിത്തും മനുവും തൊഴിൽ വിഭജനത്തിന്റെ കാര്യത്തിൽ രണ്ടു ധ്രുവങ്ങളിൽ ആണുള്ളത്. സ്മിത്തിന്റെ ലിബറൽ സ്പേസ് മനുസ്മൃതിയിൽ ഇല്ല.

ഇനി നമുക്ക് മഹാത്മാഗാന്ധിയുടെ വർണ്ണാശ്രമധർമ്മ വീക്ഷണങ്ങളെ അവലോകനം ചെയ്തുകൊണ്ട് എങ്ങനെയാണ് സ്മിത്തിന്റെ തൊഴിൽ വിഭജനം ഇന്ത്യൻ ജാതിവ്യവസ്ഥയിൽ നിന്നും വ്യതിരിക്തം ആകുന്നത് എന്ന് നോക്കാം. ജാതിവ്യവസ്ഥയെ തകർത്തുകൊണ്ടുള്ള പുത്തൻ ഇന്ത്യയെ ആണ് അംബേദ്കർ ജാതിനിർമ്മൂലനം എന്ന കൃതിയിലൂടെ വിഭാവനം ചെയ്തത്. എന്നാൽ ഗാന്ധിജി ആകട്ടെ വർണ്ണവ്യവസ്ഥയുടെ അടിത്തറയിൽ കെട്ടിപ്പൊക്കുന്ന രാമരാജ്യത്തെയാണ് സ്വപ്നം കണ്ടത്. രാമരാജ്യത്തിന്റെ രാഷ്ട്രസംവിധാനമാണ് ഗ്രാമസ്വരാജ്. ഗാന്ധി അദ്ദേഹത്തിന്റെ ആദർശഭാംഗി (Ideal Bhangi) എന്ന ലേഖനത്തിൽ ആത്മീയതലത്തിൽ തോട്ടിയും പുരോഹിതനും തുല്യർ ആണെന്ന് വിശദീകരിക്കുന്നുണ്ട് (Gandhi, 1936)[12]. ബ്രഹ്മത്തിന്റെ പലവിധ രൂപങ്ങൾ (Manifestation) എന്ന നിലയിൽ, ചെയ്യുന്ന ജോലികൾ പലതാണ് എങ്കിലും, സമൂഹത്തിൽ അവർ അനുഭവിക്കുന്ന സാമൂഹ്യ പദവികൾ വ്യത്യസ്തം ആണെങ്കിലും, തോട്ടിയും ബ്രാഹ്മണനും ഒന്നാണ് എന്ന വിപ്ലവകരമായ നിലപാടാണ് ഗാന്ധി പുലർത്തിയത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനത്തിൽ തോട്ടിയും പൗരോഹിത്യവും തൊഴിലുകൾ എന്ന നിലയിൽ സമൂഹത്തിൽ നിലനിൽക്കുന്നു. എന്നാൽ ഇന്നയാളുകൾ മാത്രം തോട്ടിപ്പണി ചെയ്യണം ഇന്നയാളുകൾ മാത്രം പുരോഹിതർ ആകണം എന്ന നില സ്മിത്തിന്റെ തൊഴിൽ വിഭജനത്തിൽ ഇല്ല. എന്നാൽ അതാണ് ജാതിവ്യവസ്ഥയുടെ മർമ്മം. വ്യക്തിയുടെ തൊഴിൽ അഭിരുചിയല്ല, മറിച്ച് ജന്മം ആണ് ജാതിവ്യവസ്ഥയിൽ ഒരുവനെ പുരോഹിതനോ തോട്ടിയോ ആക്കുന്നത്. തോട്ടിയുടെ മകന് പുരോഹിതൻ ആകാൻ സാമൂഹ്യനിയന്ത്രണം ഇല്ലാത്ത സമൂഹത്തിലാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം പ്രവർത്തിക്കുന്നത്. എന്നാൽ തോട്ടിയുടെ മകന് തോട്ടി മാത്രം ആകാൻ പറ്റുന്ന ഒരു സമൂഹത്തിലാണ് ജാതിവ്യവസ്ഥയും അതിനകത്തെ തൊഴിൽ വിഭജനവും പ്രവർത്തിക്കുന്നത്. ഗാന്ധിയുടെ രാമരാജ്യത്തിൽ തോട്ടിയുടെ മകന് പുരോഹിതൻ ആകാൻ കഴിയില്ല. അയാൾക്ക് ഏറ്റവും മെച്ചപ്പെട്ട തോട്ടി ആയി മാറാനേ കഴിയൂ. ഗാന്ധിയൻ രാമരാജ്യത്തിനകത്ത് ജാതിവ്യവസ്ഥ തൊഴിലാളിയുടെ മേൽ


ISSN: 2582 - 2594

അടിച്ചേൽപ്പിക്കുന്ന ചലന സ്വാതന്ത്ര്യമില്ലായ്മ ആഡം സ്മിത്തിന്റെ തൊഴിലാളിക്ക് ഇല്ല. ഗാന്ധിയുടെ ആദർശഭാംഗി ജാതിവ്യവസ്ഥയ്ക്ക് അകത്ത് അയാൾക്ക് പറഞ്ഞിട്ടുള്ള ഇടങ്ങൾക്കുള്ളിൽ മാത്രം അധിവസിച്ചുകൊണ്ട് സ്വന്തം ജോലിയിൽ മെച്ചപ്പെടുന്ന തൊഴിലാളി മാത്രമാണ്. മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാനുള്ള അവകാശം അയാൾക്കില്ല. ആത്മീയ തലത്തിൽ ബ്രഹ്മത്തിലേക്ക് എത്താനുള്ള തോട്ടിയുടെ അവകാശത്തെ ഗാന്ധി സമ്മതിച്ചുകൊടുക്കുന്നു. എന്നാൽ ഭൗതീകതലത്തിൽ തോട്ടി പുരോഹിതൻ ആകുന്നതിനെ ആദർശഭാംഗി എന്ന ലേഖനത്തിൽ ഗാന്ധി അനുകൂലിക്കുന്നില്ല. മെച്ചപ്പെട്ട തോട്ടി ആയി മാറുന്നതിലൂടെ, യാതൊരു മടിയോ അനിഷ്ടമോ കൂടാതെ ആ കർമ്മം ചെയ്യുന്നതിലൂടെ ഒരിക്കൽ തോട്ടിക്കും ബ്രഹ്മത്തിൽ എത്തിച്ചേരാം എന്നാണ് ഗാന്ധി പറയുന്നത്. എന്നാൽ തോട്ടി ആയോ പൂജാരി ആയോ മാത്രം ഒരാൾക്ക് ജീവിക്കേണ്ടിവരുന്ന ഒരവസ്ഥ ഇല്ലാത്ത കാലത്തെയാണ് അംബേദ്കർ സ്വപ്നം കണ്ടത്. ഇന്ത്യൻ ഭരണഘടനയിലൂടെ അദ്ദേഹം നേടിയെടുക്കാൻ ഉദ്ദേശിച്ചതും അത് തന്നെയാണ്. ഗാന്ധി പശുവിനെ ഒരു സാമ്പത്തികവിഭവം ആയിട്ട് മാത്രമല്ല മറിച്ച് ഗ്രാമീണ ആത്മീയതയെ പ്രതിനിധീകരിക്കുന്ന ഒന്നായിട്ട് കൂടിയാണ് കരുതിയത്. ഗോവധ നിരോധനം ഗാന്ധിക്ക് ആത്മീയമായ ഒരു പ്രവർത്തി ആയിരുന്നു. എന്നാൽ അംബേദ്കറെ സംബന്ധിച്ച് ഗോവധ നിരോധനം ആധുനികകന്നുകാലിപരിപാലനത്തിന്റെ അവിഭാജ്യ ഘടകമായ ഒരു കാര്യം ആയിരുന്നു (ജാഫ്രലോട്ട്, 2000)[13]. ഗാന്ധിയുടെ ഗോവധനിരോധനം ജാതിവ്യവസ്ഥയുടെ നിലനിൽപ്പിനെ അനുകൂലിക്കുന്ന ഒന്നായി നിലകൊണ്ടപ്പോൾ അംബേദ്കറുടെ ഗോവധനിരോധനം തൊഴിൽ വിഭജനത്തിന്റെ സാധ്യതകളെ വിപുലപ്പെടുത്തുന്ന ഒന്നായാണ് മുന്നോട്ട് വന്നത്. ആഡം സ്മിത്ത് വിഭാവനം ചെയ്തതുപോലെ കമ്പോളത്തിൽ ഒരു വ്യക്തി എന്ന നിലയിലും തൊഴിലാളി എന്ന നിലയിലും സ്വതന്ത്രമായി ഇടപെടാൻ ശേഷിയുള്ള ഒരാളായി അസ്പൃശ്യജാതികളെ മാറ്റാനാണ് അംബേദ്കർ ഭരണഘടനയിലൂടെ ശ്രമിച്ചത്.

ജാതിയും വർണ്ണവും പ്രവർത്തിക്കുന്ന ഇന്ത്യൻ സാമൂഹ്യ ഇടങ്ങളിൽ ജാതി കർമ്മത്തെ മറികടക്കാനുള്ള വ്യക്തിയുടെ അവകാശത്തെ നിയമ/ധർമ്മവിരുദ്ധം ആയാണ് സ്മൃതി കരുതുന്നത്. ആഡം സ്മിത്ത് ആകട്ടെ ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കാനുള്ള വ്യക്തിയുടെ അവകാശത്തെ ഉപാധിരഹിതമായി വകവെച്ചു കൊടുക്കുന്നു. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം തൊഴിൽ കമ്പോളത്തിലേക്കുള്ള തൊഴിലാളികളുടെ സ്വതന്ത്രമായ കടന്നുവരവിനെ സ്വാഗതം ചെയ്യുന്നു. ഇത്തരമൊരു സാഹചര്യം ഉണ്ടാകണമെങ്കിൽ തൊഴിൽ വൈദഗ്ദ്ധ്യം നേടാനുള്ള സ്വാതന്ത്ര്യം തൊഴിലാളിക്ക് ഉണ്ടാകണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം എല്ലാവർക്കും ലഭ്യമാകുന്ന ഒരു സമൂഹത്തിൽ നടക്കുന്ന തൊഴിൽ വിഭജനത്തെ പറ്റിയാണ് ആഡം സ്മിത്ത് പറഞ്ഞത്. സമൂഹത്തിലെ അഞ്ചിൽ നാല് ഭാഗം വരുന്ന ശൂദ്രർ അടക്കമുള്ള ബഹുജനങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിച്ച ഇന്ത്യൻ ജാതിവ്യവസ്ഥ തൊഴിൽ കമ്പോളത്തിലേക്ക് എല്ലാവർക്കും സ്വതന്ത്രമായ പ്രവേശനം അനുവദിക്കാത്ത അടഞ്ഞ സ്ഥലമായിരുന്നു. ഓരോ ജാതിക്കും സംവരണം ചെയ്തിട്ടുള്ള തൊഴിലുകൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യം മാത്രം നേടുന്നതിനപ്പുറം ഒരു തൊഴിലിൽ നിന്നും മറ്റൊരു തൊഴിലിലേക്ക് മാറുന്നതിനെ ഇന്ത്യൻ ജാതിവ്യവസ്ഥ അനുകൂലിക്കുന്നേ ഇല്ല. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം ചലനാത്മകവും പുരോഗമനാത്മകവും സമൂഹത്തിലെ മുഴുവൻ ആളുകളേയും ഉൾക്കൊ

ളളുന്നതും ആയിരുന്നു. എന്നാൽ ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് അകത്തുള്ള തൊഴിൽ വിഭജനം അടഞ്ഞതും, ചലനരഹിതവും എല്ലാവർക്കും തുല്യപങ്കാളിത്തം അനുവദിക്കാത്തതും ആണ്.

### ആഡം സ്മിത്തും മനുവും

തൊഴിൽ മാർക്കറ്റിൽ ജാതി പ്രവർത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന പോസിറ്റീവ് ആയ ഗുണങ്ങളെ പറ്റി ഗാന്ധിജി പലവട്ടം പറഞ്ഞിട്ടുണ്ട്. ഓരോ ജാതിക്കും അവരുടേതായ തൊഴിലുകൾ ഉള്ളതിനാൽ മറ്റു ജാതിക്കാരിൽ നിന്നും തൊഴിൽ മാർക്കറ്റിൽ അവർക്ക് കിടമത്സരം നേരിടേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. ഓരോ ആൾക്കും അവരുടെ ജാതിക്കായി നീക്കി വെച്ച തൊഴിലുകൾ ചെയ്യാമായിരുന്നു. ഒരേ തൊഴിൽ നൂറ്റാണ്ടുകളായി ചെയ്തുവരുന്നതിനാൽ കാര്യക്ഷമതയുള്ള ഒരു തൊഴിൽ ഗിൽഡായി ഓരോ ജാതിക്കും പ്രവർത്തിക്കാൻ കഴിയുമായിരുന്നു. ഓരോ വ്യക്തിക്കും തൊഴിലും വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്തുന്ന ഒന്നായാണ് ഗാന്ധിജി ജാതിവ്യവസ്ഥയെ വിഭാവനം ചെയ്തത്. വർണ്ണവ്യവസ്ഥയിൽ പൂർവ്വ ജന്മ കർമ്മങ്ങളെ ആശ്രയിച്ചാണ് ഓരോ വ്യക്തിയും അവരുടെ ഈ ജന്മത്തിലെ വർണ്ണത്തിലേക്ക് പ്രവേശിക്കുന്നത്. ഒരാൾക്ക് അയാളുടെ വർണ്ണത്തിനായി നിശ്ചയിച്ചിട്ടുള്ള അതിർത്തികളെ അതിലംഘിക്കാൻ അനുവാദമില്ലെന്ന തത്വത്തിന്മേൽ ആണ് ഗാന്ധിജി ആദർശ ഭാംഗിയെ ഉണ്ടാക്കിയിട്ടുള്ളത്. ജന്മം അല്ല കർമ്മം ആണ് ഒരാളുടെ വർണ്ണത്തെ നിർണ്ണയിക്കുന്നത് എന്നത് കേൾക്കുമ്പോൾ പുരോഗമനാത്മകം ആണെന്നു തോന്നുമെങ്കിലും പൂർവ്വജന്മകർമ്മങ്ങൾ ആണ് ഈ ജന്മത്തിലെ വർണ്ണത്തെ നിശ്ചയിക്കുന്നത് എന്ന സനാതനധർമ്മ വീക്ഷണം, ഈ ജന്മത്തിൽ, ജന്മംകൊണ്ട് ലഭ്യമായ വർണ്ണത്തെ അതിന്റെ പൂർവ്വ നിശ്ചയ കർമ്മ സാധ്യതകളെ അതിലംഘിക്കാൻ അനുവദിക്കുന്നില്ല എന്നതിനാൽ വ്യക്തിയുടെ കഴിവുകളേയോ, അയാളുടെ സാമ്പത്തിക തിരഞ്ഞെടുപ്പുകളേയോ ജാതിവ്യവസ്ഥ അംഗീകരിക്കുന്നില്ല എന്ന് കാണാം. ഗാന്ധിയുടെ ആദർശ ഭാംഗി പൂർവ്വ ജന്മ കർമ്മങ്ങളുടെ പാശംകൊണ്ട് ബന്ധിക്കപ്പെട്ട ഒരു വ്യക്തിയാണ്. ജാതിയുടെ അതിർവരമ്പുകളെ മറികടക്കാനുള്ള അവകാശം അയാൾക്കില്ല. എന്നാൽ ആഡം സ്മിത്തിന്റെ തൊഴിലാളിയെ അടിമയിൽ നിന്നും കുടിയാനിൽ നിന്നും വ്യത്യസ്തൻ ആക്കുന്നത് ഇഷ്ടമുള്ള തൊഴിൽ പഠിക്കാനും അതിൽ ഏർപ്പെടാനുമുള്ള അയാളുടെ അവകാശമാണ്. ആ സ്വാതന്ത്ര്യം എല്ലാ വ്യക്തികൾക്കും അനുവദിച്ചു കൊടുക്കുന്നതും അതിനായി സാഹചര്യങ്ങൾ ഒരുക്കുന്നതുമായ ലിബറൽ മുതലാളിത്തമാണ് ആഡം സ്മിത്ത് സ്വപ്നം കണ്ടത്. എന്നാൽ വിദ്യയും തൊഴിലും വരുമാനവും സമൂഹത്തിലെ ചിലർക്ക് മാത്രമായി സംവരണം ചെയ്തുവയ്ക്കുന്ന സംവിധാനമാണ് ഇന്ത്യൻ ജാതിവ്യവസ്ഥയിൽ ഉണ്ടായിരുന്നത്. തൊഴിൽ വിഭജനത്തെ പറ്റി സ്മിത്തിനും മുൻപേ സംസാരിച്ച ഗ്രീക്ക് ചിന്തകൻ പ്ലേറ്റോ തൊഴിൽ വിഭജനത്തിന്റെ അടിസ്ഥാനമായി കണ്ടെത്തിയത് ജന്മനാ ആളുകളിലുള്ള ഗുണ വ്യതിയാനങ്ങളെ ആയിരുന്നു. എന്നാൽ സ്മിത്ത് ആകട്ടെ വ്യക്തികൾ തമ്മിലുള്ള ശേഷീവ്യത്യാസത്തെ തൊഴിൽ വിഭജനത്തിന്റെ കാരണമായിട്ടല്ല മറിച്ച് ഫലമായിട്ടായിരുന്നു വീക്ഷിച്ചത്. പ്ലേറ്റോയുടെ വീക്ഷണത്തിനകത്ത് ഇന്ത്യൻ ജാതിവ്യവസ്ഥയുടെ യുക്തി കാണാവുന്നതാണ്. ഓരോ വ്യക്തിക്കും ജന്മനാ ചില കഴിവുകൾ ഗുണങ്ങൾ ഉണ്ടെന്നും അതിനാൽ ഓരോ വ്യക്തിയേയും പ്രകൃതി ചില പ്രത്യേക കർമ്മങ്ങൾ ചെയ്യാനായാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന പ്ലെറ്റൊണിയൻ നിഗമനം ജാതിയുടെ മൂല്യബോധത്തെ ന്യായീകരിക്കാൻ ഉപയോഗി

 ISSN: 2582 - 2594

ക്കാവുന്നതാണ്. പരിവർത്തനം ചെയ്യാനുള്ള വ്യക്തിയുടെ ശേഷിയെ അംഗീകരിക്കുകവഴി സ്മിത്ത് മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവേശ്ചയുടെ പ്രതിഫലനമാണ് ഭൂമിയിലെ മനുഷ്യജീവിതമെന്ന ചിന്തയെ കൂടി ചോദ്യം ചെയ്യുന്നതായി കാണാം.

ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം പ്രവർത്തിക്കുന്നത് കൂലിയുടെ സമരസപ്പെടലിലൂടെ തൊഴിലിന്റെ വിതരണത്തെ ഉറപ്പുവരുത്തുന്ന തൊഴിൽ കമ്പോളത്തിലൂടെയാണ്. തൊഴിൽ കമ്പോളത്തിലേക്ക് പ്രവേശിക്കാനും വിട്ടുപോകാനും വ്യക്തികൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടാകുമ്പോൾ കഴിവും കൂലിയും തമ്മിൽ സ്വതന്ത്രമായി വിനിമയം ചെയ്യപ്പെടുന്നു. എന്നാൽ ജാതിവ്യവസ്ഥയിൽ തൊഴിലുകൾ ആളുകൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നത് ജന്മം കൊണ്ടാണ്. അല്ലാതെ ജോലി ചെയ്യാനുള്ള ഒരാളുടെ കഴിവോ അഭിരുചിയോ സമ്മതമോ അല്ല. വ്യക്തികൾക്ക് അവരുടെ കഴിവും അഭിരുചിയും അനുസരിച്ച് സാമൂഹ്യമായും സാമ്പത്തികമായും ഉന്നത നിലയിലേക്ക് സ്വതന്ത്രമായി പോകാൻ കഴിയുന്ന ഒന്നായാണ് സ്മിത്തിന്റെ തൊഴിൽ വിഭജനം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ നൂറ്റാണ്ടുകളായി ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക- സാമൂഹിക അസമത്തങ്ങളെ അതേപടി നിലനിർത്താനും അധീശ വർഗ്ഗങ്ങൾ കൈവശം വച്ചനുഭവിക്കുന്ന സമ്പത്തും അധികാരവും അതേപടി തുടരാനും ഉള്ള മാർഗ്ഗമായാണ് ജാതിവ്യവസ്ഥയ്ക്കകത്ത് തൊഴിൽ വിഭജനം നിലനിർത്തിയത്. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനം സാമൂഹ്യമായി മനുഷ്യരെ പുതുക്കിപ്പണിയുന്നതും സാമ്പത്തികമായി അവരെ മെച്ചപ്പെടുത്തുന്നതും ആവുമ്പോൾ, ത്രൈവർണ്ണികർക്ക് മാത്രം മെച്ചമുള്ള ഒരു അടഞ്ഞ വ്യവസ്ഥ ആയിരുന്ന ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനം. അത് മനുഷ്യരെ വിഘടിപ്പിച്ചു. തൊഴിലിടങ്ങളെ ജാതി ഇടങ്ങൾ ആക്കി മാറ്റി. മനുഷ്യരുടെ ശേഷികൾക്ക് ജാതിയുടെ അളവുകോലുകൊണ്ട് അതിർത്തി വരച്ചു. സാമൂഹ്യമായി മുന്നേറാനുള്ള മനുഷ്യരുടെ കഴിവിനെ ഇല്ലാതാക്കി. അങ്ങനെ തൊഴിൽ വിഭജനം കൊണ്ട് ആഡം സ്മിത്ത് എന്താണോ വിഭാവനം ചെയ്തത് അതിന്റെയൊക്കെ വിപരീതം ആയിരുന്നു ജാതിവ്യവസ്ഥയ്ക്ക് അകത്തെ തൊഴിൽ വിഭജനം. രാജ്യങ്ങളുടെ സമ്പത്ത് എങ്ങനെയാണ് വളരുന്നതെന്ന മൗലികമായ ചോദ്യമാണ് ആഡം സ്മിത്ത് ചോദിച്ചത്. മെർക്കന്റൈൽ സാമ്പത്തിക ചിന്തകർ മുന്നോട്ടുവെച്ച "അയൽരാജ്യങ്ങളെ ദരിദ്രർ" ആക്കുന്ന സാമ്പത്തികനയം സ്മിത്തിന് സ്വീകാര്യമായിരുന്നില്ല. രാജ്യങ്ങൾ സാമ്പത്തികമായി വളരുന്നത് പ്രാഥമികമായി തൊഴിൽ വിഭജനത്തിന്റെ വികാസത്തിലൂടെയും അതിനെ സഹായിക്കുന്ന കമ്പോള വികാസത്തിലൂടെയും ആണെന്നാണ് സ്മിത്ത് കരുതിയത്. കമ്പോളത്തിന്റെ നിഷ്പക്ഷത (Neutrality) ജാതിവ്യവസ്ഥയ്ക്ക് അന്യമായിരുന്നുവല്ലോ. ആധുനിക ഇന്ത്യയിലെ ജയിലുകളിൽ തോട്ടിപ്പണി എടുക്കേണ്ടത് "താഴ്ന്ന ജാതികൾ" ആയിരിക്കണമെന്നും, ഭക്ഷണം വെക്കേണ്ടതും ജയിൽ ആശുപത്രിയിലെ സഹായി ആകേണ്ടതും "ഉയർന്ന ജാതികൾ" ആകണമെന്നും ജയിൽ മാനുവലിൽ തന്നെ എഴുതിവെച്ച് നടപ്പിലാക്കുമ്പോൾ ജയിലിനു പുറത്ത് അധ്യാപകൻ ആയി ജോലി നോക്കുന്ന ആളും ജയിലിനകത്ത് എത്തിയാൽ അയാളുടെ ജാതികൊണ്ട് മാത്രം അയാൾ തോട്ടിപ്പണി ചെയ്യണം എന്ന ജയിൽ മാനുവൽ യുക്തി മനുസ്മൃതിയുടെ യുക്തിയാണ്. അത് ആഡം സ്മിത്തിന്റെ യുക്തിയല്ല. ജയിലിൽ എത്തുന്നതോടെ ഒരാൾ അയാളുടെ ജാതികൊണ്ട് മാത്രം തൊഴിൽ തിരഞ്ഞെടുപ്പിന് അവകാശമില്ലാത്ത ഒരാളായി മാറ്റപ്പെടുന്നത് ഇന്നും തുടരുന്നു എന്നത് ഭരണഘടനയുടെ ചൂടിലും മനുസ്മൃതി വാടിപ്പോകുന്നില്ല എന്നാണ് സൂചിപ്പിക്കുന്നത്.

കമ്പോളത്തിന്റെ നിഷ്പക്ഷതയെ സൂചിപ്പിച്ചുകൊണ്ട് Can Adam Smith challenge Manu? Caste and the free market in India എന്ന ലേഖനത്തിൽ രാംകുമാർ ഇങ്ങനെ എഴുതുന്നു. “കമ്പോളം കറുത്ത ജോലിക്കാരെയോ വെളുത്ത ജോലിക്കാരെയോ വേർതിരിക്കുകയോ അവരോട് വിവേചനം കാണിക്കുകയോ ചെയ്യുന്നില്ല. കമ്പോളം ജോലിക്കാരെ മുന്നാക്ക ജാതിക്കാർ എന്നോ പിന്നാക്ക ജാതിക്കാർ എന്നോ കാണുന്നില്ല. അവർക്ക് ഏൽപ്പിച്ച ജോലി കൃത്യമായി ചെയ്യാൻ പറ്റുന്നുണ്ടോ എന്ന് മാത്രമാണ് കമ്പോളം നോക്കുന്നത്. രണ്ടു തൊഴിലാളികൾക്ക് ഇടയിൽ കൂലി വ്യത്യാസം നിലനിൽക്കുന്നുവെങ്കിൽ അവർക്കിടയിലെ കിടമൽസരത്തിലൂടെ ഒരു നാൾ അവരുടെ കൂലി തുല്യമാകുക തന്നെ ചെയ്യും”. തത്വത്തിൽ കമ്പോളം ഒരു നിഷ്പക്ഷ സ്ഥാപനം ആണെങ്കിൽ പോലും പ്രായോഗികമായി ഒരു സമൂഹത്തിനകത്തെ എല്ലാ വിവേചനങ്ങളേയും പ്രതിഫലിപ്പിക്കുന്ന ഒന്നാണ് മുതലാളിത്ത കമ്പോളം എന്നാണ് ഈ ലേഖനത്തിലൂടെ അദ്ദേഹം പറയാൻ ശ്രമിക്കുന്നത് (Ram Kumar, 2021)[14]. മുതലാളിത്ത കമ്പോളത്തിൽ ആഡം സ്മിത്തിന്റെ അദൃശ്യകരമല്ല പ്രവർത്തിക്കുന്നത്. അവിടെ ആളുകളുടെ ജാതി, മതം, വർഗ്ഗം, നിറം, ലിംഗം, ലൈംഗികത, വാസസ്ഥലം ഒക്കെ സക്രിയമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പരസ്യമായ രഹസ്യമാണ്. കമ്പോളപ്രയോഗങ്ങളെ അടിസ്ഥാനമാക്കി വിമർശനസാധ്യത ഉള്ളപ്പോൾ തന്നെ തത്വത്തിൽ കമ്പോളം നിഷ്പക്ഷത പുലർത്താൻ പറ്റുന്ന ഒരു സ്ഥാപനം തന്നെയാണ് എന്ന് കാണാം. എന്നാൽ ജാതിവ്യവസ്ഥ തത്വത്തിൽ മാത്രമല്ല പ്രയോഗത്തിലും ജാതിവിവേചനത്തെ അനുകൂലിക്കുന്ന സാമൂഹ്യ സ്ഥാപനമാണ്. അവിടെയാണ് ആഡം സ്മിത്തിന്റെ തൊഴിൽ വിഭജനവും മനുസ്മൃതിയിലെ ജാതിവ്യവസ്ഥയും വഴിപിരിയുന്നത്. സോവിയറ്റ് യൂണിയൻ തകരുമ്പോഴും മാർക്സും കമ്യൂണിസവും മെച്ചപ്പെട്ട പ്രയോഗസാധ്യതയ്ക്കായി നിലനിൽക്കും എന്ന് പറയുന്നത് പോലെ വെളുത്തവരുടെ മെറിറ്റിന് ചുറ്റും കമ്പോളം കറങ്ങിയാലും കറുത്തവരെ കൂടി പരിഗണിക്കേണ്ട കാലം വരുമെന്ന ഒരു സാധ്യത കമ്പോളത്തിനകത്തുണ്ട്. എന്നാൽ ജാതിവ്യവസ്ഥയ്ക്ക് അകത്ത് ഗാന്ധിയുടെ ആദർശ ഭാംഗിക്ക് ഒരിക്കലും അയാളുടെ ജാതി കേന്ദ്രീകൃത തൊഴിലിടത്തിന് വെളിയിൽ പോകാൻ കഴിയില്ല. ഈ വ്യത്യാസം മനുവിനേയും ആഡം സ്മിത്തിനേയും പരസ്പര വിനിമയം സാധ്യമല്ലാത്ത രണ്ടു ധ്രുവങ്ങളിലേക്ക് മാറ്റിനിർത്തുന്നു.

## ഉപസംഹാരം

തൊഴിൽ വിഭജനത്തിന്റെ സാധ്യതകളെപ്പറ്റി വാചാലരായിരുന്നവർ ആണ് ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയും സിനഫോണും ഒക്കെ. പിൽക്കാലത്ത് വികസിക്കാൻ പോകുന്ന മുതലാളിത്തത്തെ കാണുന്നതിനും മുൻപേ അതിനെപറ്റി പറഞ്ഞ ആളായിരുന്നു മാൻഡെവിൽ. അതുകൊണ്ട് തന്നെ തൊഴിൽ വിഭജന സിദ്ധാന്തത്തെ പറ്റിയുള്ള ആഡം സ്മിത്തിന്റെ നിഗമനങ്ങൾക്ക് തനിമ ഇല്ലെന്നു വാദിച്ച ആളുകൾ ആയിരുന്നു ഷുംപീറ്ററും (Schumpeter, 2006)[15], റാഷിദും (Rashid, 1998)[16]. എന്നാൽ സ്കിന്നർ, ക്യാംബെൽ (Skinner and Campbell, 1976)[17], വൈനർ (Viner, 1991)[18] തുടങ്ങിയവർ സ്മിത്തിന്റെ തൊഴിൽ വിഭജന സിദ്ധാന്തത്തിന്റെ തനിമയെ പിന്തുണച്ചവർ ആയിരുന്നു. ആഡം സ്മിത്തിന്റെ തൊഴിൽ വിഭജന സിദ്ധാന്തത്തെ പറ്റിയുള്ള അക്കാദമിക് ചേരിതിരിവുകൾ എന്ത് തന്നെ ആണെങ്കിലും അദ്ദേഹത്തിന്റെ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ സ്വതന്ത്ര വായനക്കാർക്ക് അറിയാൻ കഴിയുന്നത് മുതലാളിത്ത കമ്പോള വ്യവസ്ഥിതിയുടെ വികാസത്തെപ്പറ്റി, അതിന്റെ അത്ഭുതാവഹമായ വികസനസാ

ധ്യതകളെ പറ്റിയുള്ള ഉറച്ച ബോധ്യത്തിലാണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തെപ്പറ്റി സംസാരിച്ചത്എന്നാണ്. കമ്പോള വികാസത്തിന്റെ പാരമ്യതയിൽ ആണ് ആഡം സ്മിത്ത് തൊഴിൽ വിഭജനത്തിന്റെ നേട്ടങ്ങളെ പ്രതിഷ്ഠിച്ചത്. പോലീസ് സ്റ്റേറ്റിന് മുകളിലേക്ക് ഭരണകൂടം വളരേണ്ടതില്ല എന്ന അടിസ്ഥാന സങ്കൽപ്പനത്തിലാണ് ആഡം സ്മിത്ത് തന്റെ ജനഹിത മുതലാളിത്തത്തെ നിർമ്മിച്ചെടുത്തിട്ടുള്ളത്. എന്നാൽ കൃത്യമായ മർദ്ദനോപാധികളോടുകൂടി, വ്യക്തികളുടെ സ്വാതന്ത്ര്യങ്ങളെ കവരുന്ന ഒരു “പോലീസ് സ്റ്റേറ്റിനെ” ആണ് മനുസ്മൃതിയിലെ ജാതിവ്യവസ്ഥയുടെ നടത്തിപ്പിനായി മനു വിഭാവനം ചെയ്തിട്ടുള്ളത്. ജാതിയുടെ നാലതിർത്തിക്കുള്ളിൽ വ്യക്തിയുടെ പെരുമാറ്റങ്ങളെ തളച്ചിടുന്നത് വ്യക്തിയുടെ തന്നെ ആത്മീയമായ കടമയായി വളർത്തിയെടുക്കുന്നതിൽ ജാതിവ്യവസ്ഥ വിജയിച്ചു. അപഭ്രംശം സംഭവിക്കുന്ന വ്യക്തികളെ നേർവഴിക്ക് നടത്തുക എന്നത് സ്മൃതിയിലെ പോലീസ് സ്റ്റേറ്റിന്റെ ധർമ്മം ആയിരുന്നു. സ്മൃതിയിലെ പോലീസ് സ്റ്റേറ്റ് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ കവർന്നപ്പോൾ ആഡം സ്മിത്തിന്റെ പോലീസ് സ്റ്റേറ്റ് വ്യക്തിസ്വാതന്ത്ര്യത്തിനായി നിലകൊള്ളുന്നതാണ്. കമ്പോളത്തിന്റെ നിഷ്പക്ഷതയിൽ ആണ് ആഡം സ്മിത്ത് തന്റെ വിമോചനാത്മക തൊഴിൽ വിഭജന സിദ്ധാന്തത്തെ ഉറപ്പിച്ചത്. കമ്പോളത്തെ മഹത്വവൽക്കരിച്ച സാമ്പത്തിക ചിന്തകർക്ക് പോലും കമ്പോളത്തിന്റെ നിഷ്പക്ഷതയിൽ സംശയം ഉണ്ടായിരുന്നു എന്നതാണ് സത്യം. കമ്പോളത്തിൽ സക്രിയമായി ഇടപെടുന്നതിൽ വ്യക്തിയുടെ സമ്പത്തും പണവും പദവിയും ഒക്കെ നിർണ്ണായകങ്ങളായ ഘടകങ്ങൾ ആണെന്ന ഉറച്ച ബോധ്യം അവർക്കെല്ലാം ഉണ്ടായിരുന്നു. മുതലാളിത്ത കമ്പോളവ്യവസ്ഥയുടെ കാലത്തും ഇന്ത്യയിൽ ജാതിവ്യവസ്ഥയും അതിന്റെ അധികാര വിഭവവിതരണ രീതികളും വലിയ മാറ്റങ്ങൾ ഒന്നുമില്ലാതെ ഇന്നും തുടരുന്നു എന്നത് സൂചിപ്പിക്കുന്നത് കമ്പോളത്തിന് പുറത്ത് കാഴ്ചക്കാരായി നിൽക്കുന്ന ഭരണകൂടങ്ങളല്ല വേണ്ടത് മറിച്ച് കമ്പോളത്തിൽ ഇടപെടുന്ന ഭരണകൂടം തന്നെയാണ് വേണ്ടത് എന്നാണ്. ജാതിക്കെതിരെയുള്ള ഒരു ജനാധിപത്യ പ്രതികരണം എന്ന നിലയിൽ “സംവരണം” കാലഹരണപ്പെട്ട ഒരാശയവും പ്രയോഗപദ്ധതിയും ആണെന്ന് മുതലാളിത്ത കമ്പോളത്തിൽ എങ്ങനെയാണ് ജാതി പ്രവർത്തിക്കുന്നത് എന്നറിയുന്ന ആരും പറയില്ല. ഇന്ത്യയിലെ പിന്നാക്കജാതികൾ അനുകരണത്തിലൂടെയും (താർദേ, 1903)[19] സംസ്കൃതവൽക്കരണത്തിലൂടെയും (ശ്രീനിവാസ്, 1952)[20] സനാതനവ്യവസ്ഥയ്ക്ക് അകത്തേക്ക് പ്രവേശിക്കുമ്പോൾ അവർക്ക് നഷ്ടപ്പെടുന്നത് ഭരണഘടനാപരമായ സംവരണവും മറ്റിതര സുരക്ഷകളും ആണ്. പകരം അവർക്ക് കിട്ടുന്നത് ക്രീമിലേയർ ചങ്ങലകൾ ആണ്. ആഡം സ്മിത്ത് വിഭാവനംചെയ്ത വിമോചക കമ്പോളവ്യവസ്ഥയിലേക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ആവശ്യമായ ക്രയശേഷിയും സാമൂഹ്യമൂലധനവും ആണ് ഇന്ത്യൻ ഭരണഘടന സംവരണത്തിലൂടെ പിന്നാക്ക ജനതകൾക്ക് നൽകിയത്. എന്നാൽ ഇന്നും തകർക്കാൻ കഴിയാത്ത ഘടനാപരമായ അസമത്വവും, (Structural Inequality of Thomas Sowell) (Doleac, 2020)[21] പിൻവലിച്ചുകൊണ്ടിരിക്കുന്ന ഭരണഘടനാ സംരക്ഷകളും കമ്പോള വ്യവസ്ഥയ്ക്കുള്ളിൽ ജാതി അനുഭവിക്കേണ്ട ദുർഗ്ഗതിയിലേക്കാണ് ഇന്ത്യയിലെ പിന്നാക്ക ജനതകളെ നയിക്കുന്നത്.

## ഗ്രന്ഥസൂചിക.


1. Smith, A. (1981). An Inquiry into the Nature and Causes of the Wealth of Nations. Indianapolis: Liberty Classics.
2. Mandeville, Bernard (1992) "The Fable of Bees". Oxford Press, UK. Liberty Fund, Indianapolis Edition.
3. Harris, Joseph. (1968) "An Essay upon Money and Coins". Hawkins and Middle Temple Gate Publishers. London.
4. എംഗൽസ്, ഫ്രെഡറിക്ക് (2017) "കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉദ്ഭവം". ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
5. Plato (1997). Plato: complete works. J.M. Cooper & Hutchinson ed. Indianapolis, United States: Hackett Publishing.
6. Xenophon (1914). Cyropaedia. Walter Miller ed. s.l.: Loeb Classical Library.
7. Adam Smith. The Wealth of Nations. Edited By A.S. Skinner, R.H. Campbell and W.B. Todd: Oxford: Clarendon Press, 1976. Retrieved from Internet Archive.
8. Marx, Karl. (1887) "Das Capital". Progress Publishers, Moscow, USSR.
9. പാറ്റേഴ്സൻ, ഒർലാണ്ടോ (1940) "Slavery and Social Death". ഹാർവാർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ലണ്ടൻ, ഇംഗ്ലണ്ട്.
10. അംബേദ്കർ, ബി.ആർ. (2019) "കാസ്റ്റസ്സ് ഇൻ ഇന്ത്യ" അംബേദ്കർ സാഹിത്യ സർവ്വസ്വം വോളിയം 1, ഗവർമെന്റ് ഓഫ് മഹാരാഷ്ട്ര.
11. സിദ്ധി നാഥാനന്ദ സ്വാമി (1988) "മനസ്മൃതി വ്യാഖ്യാനം", പ്രബുദ്ധ കേരളം പ്രസ്സ്, ശ്രീ രാമകൃഷ്ണ മഠം, പുറനാട്ടുകര.
12. Gandhi, M.K. (1936) "Ideal Bhangi", Harijan Magazine.
13. ക്രിസ്റ്റോഫ് ജാഫ്രലോട്ട് (2000) "അംബേദ്കറും അസ്പൃശ്യതയും" ഹഴ്സ്റ്റ് പബ്ലിഷിംഗ് ഹൗസ്, ബ്രിട്ടൻ.
14. R. Ramakumar. (2021). Can Adam Smith challenge Manu? Caste and the free market in India. Accessed from https://themorningcontext.com/chaos/can-adam-smith-challenge-manu-caste-and-the-free-market-in-india. The Morning Context.
15. Schumpeter, J. (2006). History of Economic Analysis. Abingdon on-Thames: Taylor & Francis e-Library.
16. Rashid, S. (1998). The myth of Adam Smith. 1st ed. Cheltenham: Edward Elgar Publishing Limited.
17. Adam Smith. The Wealth of Nations. Edited By A.S. Skinner, R.H. Campbell and W.B. Todd: Oxford: Clarendon Press,1976. Retrieved from Internet Archive.
18. Viner, J. (1991). Essays on the intellectual history of economics. In: D. A. Irwin, ed. Adam Smith. Princeton, NJ: Princeton University Press, pg. 248-261.
19. താർദേ, ഗബ്രിയേൽ (1903) "The Laws of Imitation". ഹെൻറി ഹോൾട്ട് ആൻഡ് കമ്പനി, USA. Accessed from Internet Archive.
20. ശ്രീനിവാസ്, എം എൻ (1952) "Religion and Society among the Coorgs of South India". ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, യു കെ
21. Jennifer L. Doleac (2020) A Review of Thomas Sowell's Discrimination and Disparities. Department of Economics, Texas A&M University, jdoleac@tamu.edu.



ISSN: 2582 - 2594

# അടിമയിൽനിന്ന് മനുഷ്യനിലേക്കുള്ള ആധുനികതയുടെ നടപ്പാത: ഘാതകവധത്തിന്റെ ചരിത്രപാഠങ്ങൾ

**ഡോ. യാക്കോബ് തോമസ്**
അസി. പ്രൊഫസർ,
കെ. കെ. ടി. എം. ഗവ. കോളേജ്,
പുല്ലൂറ്റ്
Email: yacobthom6@gmail.com

**സംഗ്രഹം**

കൊളോണിയൽ – മിഷണറി ആധുനികതയിലൂടെയാണ് ഫ്യൂഡലിസത്തെ വിച്ഛേദിച്ച് ജാതികളായിരുന്ന ശരീരങ്ങൾ മനുഷ്യരെന്ന പദവിയിലേക്ക് എത്തപ്പെട്ടത്. ശ്രേണികളായി വിഭജിക്കപ്പെട്ട ശരീരങ്ങൾ ആധുനികതയുടെ അച്ചടി- സ്കൂൾ- മതപാഠങ്ങളിലൂടെ തുല്യതയുള്ള ശരീരങ്ങളായി അടയാളപ്പെടുന്നു. അതിന്റെ ചരിത്രപരമായ മുഴക്കം കേരളത്തിലെ അടിമകളുടെ മനുഷ്യവല്ക്കരണത്തിലൂടെയാണ്. അകറ്റിനിർത്തപ്പെട്ടിരുന്ന അടിമകൾ ചരിത്രത്തിലേക്കു കയറിവരുന്നതിന്റെ കാഴ്ചകളാണ് ആദ്യകാല മലയാളനോവലുകളുടെ കേന്ദ്ര ആശയം. ഘാതകവധം എന്ന നോവൽ ഇതിന്റെ ഒരടയാളമാണ്. കീഴാളർ ആധുനികരാകുന്നതിന്റെ പാഠങ്ങളെ വായിച്ചെടുക്കുകയാണ് ഈ പഠനം.

**താക്കോൽവാക്കുകൾ :** ആധുനികത, മനസ്സ്, അടിമത്തം

പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളീയജീവിതത്തിലെ ആധുനികതയുടെ മുളപൊട്ടലിനെ അഞ്ചുകഥകളിലൂടെ ബന്ധിച്ചെടുത്തിരിക്കുന്ന ആഖ്യാനമാണ് കോളിൻസ് മദാമ്മയുടെ ഘാതകവധം. ജന്മി കോശിയുടെ മാനസാന്തരകഥ, അയാളുടെ അടിമയായ പുലയൻ പൗലൂസിന്റെ അതിജീവനകഥ, കോശിയുടെ മകൾ മറിയത്തിന്റെ കഥ, അന്ധനായ നമ്പൂതിരിയുടെ മാനസാന്തരകഥ, പുരോഹിതന്റെ കഥ. സൂക്ഷ്മമായ വായനയിൽ ഇന്ദുലേഖയിലേതിനേക്കാൾ കേരളീയചരിത്രപാഠങ്ങൾ മുദ്രിതമായിരിക്കുന്ന ആഖ്യാനമാണ് ഇതെന്നു കാണാം. വിശേഷിച്ചും അടിമകളുടെയും ജന്മിമാരുടെയും ജീവിതം ആഖ്യാനിക്കുന്നതിലൂടെ അക്കാലത്തെ കേരളീയസമൂഹത്തിൽ നടന്ന ആധുനികതാപരമായ മാറ്റങ്ങളുടെ അടിത്തട്ടാണ് നോവൽ

കാണിച്ചുതരുന്നത്. അതിന്റെ കേന്ദ്രം മറിയ എന്ന പതിനാലുകാരിയും പൗലൂസ് എന്ന അടിമയുമാണ്. മറിയ സ്കൂളിൽ പഠിക്കുന്ന കുട്ടിയാണ്. തനിക്കു കിട്ടിയ അറിവ് വിദ്യയിലൂടെ വേദോപദേശത്തിലൂടെ അവൾ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു.

പുലയരെ കഥാപാത്രമാക്കിയിരിക്കുന്ന നോവൽ മലയാളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ അക്കാലത്ത് പുതുമയായിരുന്നുവെന്ന് നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ജോർജ് ഇരുമ്പയം, 1997:40). കേരളീയ ജീവിതം ആധുനികതയുമായി കാര്യമായി സംഘർഷപ്പെടുന്നത് ഇവിടെ ചിത്രീകരിക്കുന്നു. സുറിയാനികളുടെ ജീവിതരീതികളിലേക്കും വസ്ത്രധാരണത്തിലേക്കും നോവലിസ്റ്റ് സഞ്ചരിക്കുന്നുണ്ട്. അക്കാലത്തെ ക്രിസ്ത്യാനികളുടെ പള്ളി, മത, കുടുംബ ജീവിതങ്ങളുടെ പ്രശ്നവല്ക്കരണമായിട്ടാണ് ഇവ കടന്നുവരുന്നത്. 'നാട്ടുശീലങ്ങൾ' എന്തുകൊണ്ട് ബൈബിളിനു വിരുദ്ധമാകുന്നുവെന്നും അതിനെ എങ്ങനെ മാറ്റിത്തീർക്കണമെന്നും നോവൽ പറയുന്നു. പള്ളിമതത്തിന്റെ ജീർണതയ്ക്കെതിരേ മിഷനറിമാർ ഉണ്ടാക്കിയ വിശ്വാസവിപ്ലവത്തിന്റെ സൂചകമാണ് നോവലെന്ന് ഉമ്പമൺ തോമസ് പറയുന്നു (1992:31). "നമ്പൂരിത്തത്തിന്റെ സുയോധന വിലക്ഷണയ്ക്കെതിരേ ചന്തുമേനോൻ ഉയർത്തിയ ഭീമഗദയാണ് ഘാതകവധ രചയിതാക്കൾ മലങ്കര നസ്രാണികളുടെ നേരെ വലിച്ചെറിയുന്നത് " (അതേകൃതി, 31).

കേരളീയ ആധുനികതയിലെ മിക്ക ആശയങ്ങളും സങ്കല്പനരൂപത്തിൽ നോവലിൽ കാണാം. (1) അടിമത്തനിഷേധം. (2) ജാതിവിരുദ്ധത. (3) ആധുനികവിദ്യാഭ്യാസത്തിനുള്ള പ്രസക്തി. (4) എല്ലാവരും മനുഷ്യരാണെന്നും എല്ലാവരെയും തുല്യരായി സ്നേഹിക്കണമെന്നുള്ള ചിന്ത. (5) മനസിനും അതിന്റെ ഗുണങ്ങൾക്കുമുള്ള ഊന്നൽ. അതിലൂടെ സ്നേഹം മാനസികമാണെന്നുള്ള പഠിപ്പിക്കൽ. (6) പ്രണയവും വിവാഹവും മാനസികമായി അടുപ്പമുള്ളവർ നടത്തുന്ന തെരഞ്ഞെടുപ്പാണെന്ന പ്രഖ്യാപനം. (7) സ്ത്രീയെ വ്യക്തിയായി കാണുന്ന സമീപനം. (8) മിശ്രഭോജനം. കേരള നവോത്ഥാനചരിത്രത്തിലെ സുപ്രധാന സംഭവമായിഗണിക്കുന്ന മിശ്രഭോജനമെന്ന ആശയം നോവലിൽ വ്യക്തമായി പ്രതിപാദിക്കുന്നു. പുലയരും നമ്പൂതിരിയും മറിയയുടെ വിവാഹത്തിൽ ഒന്നിച്ചിരുന്ന് ഉണ്ണുന്ന സദ്യയുടെ വിവരണത്തിൽ ഇതു കാണാം. നിലവിലെ ജാതിവ്യവസ്ഥയ്ക്കു ബദൽ അതിന്റെ ശുദ്ധീകരണമല്ലെന്നും പുതിയൊരു ജ്ഞാന-സാമൂഹികവ്യവസ്ഥിതിയാണെന്നും കോളിൻസ് മാദാമ്മ ഭാവന ചെയ്യുന്നു.

വാർധക്യം വന്ന മനുഷ്യനായാണ് നായകനായ പൗലൂസിനെ അവതരിപ്പിക്കുന്നത്. 'വൃദ്ധൻ' എന്നു നോവലിൽ പറയുന്നു. എന്നാൽ അയാളുടെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് അയാൾ അത്ര വൃദ്ധനല്ല എന്നാണ്. പൗലോസ് ക്രിസ്തീയവിശ്വാസിയായി തന്റെ ജാതിജീവിതത്തിൽ നിന്ന് പുറത്തുചാടുന്നു. ഇത് ഭ്രവുടമയായ കോശിയെ വിറളിപിടിപ്പിക്കുന്നു. അവർ തമ്മിലുള്ള സംഘട്ടനവും ഒടുവിൽ കോശിയുടെ മാനസാന്തരവുമാണ് നോവലിന്റെ വിഷയം. കോശിയുടെ മകളായ മറിയത്തിലൂടെയാണ് ക്രിസ്തുമതാശയങ്ങൾ പൗലൂസ് അടക്കമുള്ളവർ നേടുന്നത്. പൗലൂസിന്റെ കുട്ടിയെ കോശി കൊല്ലുന്നതോടു കൂടിയാണ് നോവൽ തുടങ്ങുന്നത്. ആ മരണം ഏല്പിച്ച ആഘാതത്തിലും അയാൾ തളരുകയല്ല മറിച്ച് ക്ഷമയുടെയും സഹനത്തിന്റെയും ക്രിസ്തീയവഴിയിൽ ഉറച്ചുനില്ക്കുകയാണ്. ജന്മിത്തത്തിന്റെ പാതയെ അംഗീകരിക്കുന്ന സുറിയാനി വിശ്വാസമാണ് കോശിയും മറ്റും പിന്തുടരുന്നത്. ആ പാതയ്ക്കു വിരുദ്ധമായി കീഴാളരുടെ മോചനത്തെ ഉന്നംവയ്ക്കുന്ന പാതിരിവേദക്കാരുടെ വിശ്വാസങ്ങളും

 ISSN: 2582 - 2594

കടന്നുവരുന്നു. സുറിയാനി വിശ്വാസവും മിഷനറി വിശ്വാസവും തമ്മിലുള്ള സംഘട്ടനമാണ് നോവലിന്റെ കാതൽ. പൗലൂസ്, മറിയം, ബ്രാഹ്മണൻ എന്നിവർ മിഷണറിമാരുടെ ഭാഗത്തും കോശിയും മറ്റും മറുഭാഗത്തും നില്ക്കുന്നു.

പൗലൂസിന്റെ മകനെ കൊന്ന കോശി എന്ന ഘാതകന് അവസാനം മാനസാന്തരം വരുന്നതാണ് നോവൽ ഘാതകവധം എന്ന പേരുകൊണ്ട് അടയാളപ്പെടുത്തുന്നത്. മാനസികപരിവർത്തനംകൊണ്ട് ഘാതകനെ വധിച്ചു എന്നാണ് പറയുന്നത്. അങ്ങനെ തന്റെ ജന്മിയെ മാനസാന്തരത്തിലേക്ക് നയിച്ച, പൗലൂസ് അയാളുടെ അടിമ എന്ന അവസ്ഥയിൽനിന്ന് സ്വതന്ത്രമനുഷ്യനായി ക്രിസ്തീയ ഉപദേശിയായി മാറുന്നതാണ് ചിത്രീകരിക്കുന്നത്. കീഴാളരെകുറിച്ചുള്ള പൊതുബോധത്തിൽനിന്ന് പുതിയൊരു സാധ്യതയിലേക്കാണ് പൗലൂസിനെ ആവിഷ്കരിക്കുന്നത്. ജാത്യധിഷ്ഠിതമായ നിലവിലെ സുറിയാനിജീവിതം നാട്ടാചാരപ്രകാരമാണെന്നും അതിനെ മറികടക്കുന്ന ആത്മീയദർശനത്തിൽ അടിയുറച്ച വ്യക്തിജീവിതം ഉണ്ടാകണമെന്നുമുള്ള കാഴ്ചപ്പാടാണ് ഉന്നയിക്കപ്പെടുന്നത്. അതിലൂടെ അടിമകളെ പീഡിപ്പിക്കാത്ത, ജാതിനിരപേക്ഷമായി എല്ലാവരോടും ഇടപെടുന്ന, പുതിയ ലിംഗമൂല്യങ്ങളെ പോഷിപ്പിക്കുന്ന സംസ്കാരം രൂപപ്പെടുന്നു. അതിന്റെ അടയാളമാണ് കോശിയുടെ മാനസാന്തരം. നോവലിലെ ആധുനികത രൂപപ്പെടുത്തുന്നത് മറിയയെന്ന ജന്മി കോശിയുടെ മകളായ പതിന്നാലുകാരിയിലൂടെയാണ്. കോശിയുടെ മാനസാന്തരത്തിൽ അവൾക്കും പങ്കുണ്ട്. തന്റെ കാര്യത്തിൽ എല്ലാ തീരുമാനങ്ങളും പതിന്നാലുവയസ്സുള്ള അവളാണ് എടുക്കുന്നത്. ഇതിനൊക്കെ അവളെ സഹായിക്കുന്നത് അവൾക്കു കിട്ടിയ മിഷനറിസ്കൂളിലെ നവീകരണവിശ്വാസമാണ്. പ്രൊട്ടസ്റ്റന്റ് വിശ്വാസമാണ് ഘാതകവധത്തിലെ ആധുനികതയുടെ അടിസ്ഥാനം. പഴമയെ നീക്കി ആധുനികവ്യക്തിവല്കരണത്തിൽ അടിസ്ഥാനപ്പെട്ട ജീവിതരീതികൾ സാധ്യമാക്കുക എന്നതാണ് അതിന്റെ ഉള്ളടക്കം. മറിയ അങ്ങനെ ഇന്ദുലേഖയുടെ മുന്നോടിയും ഇന്ദുലേഖയെക്കാൾ വ്യക്തിത്വമുള്ള കഥാപാത്രമായും നിലകൊള്ളുന്നു.

### ആധുനികതയുടെ മനസ്സുകൾ

നോവലിൽ നിരന്തരം കാണുന്നത് മനസിനെക്കുറിച്ചുള്ള പരാമർശങ്ങളാണ്. കേരളത്തിൽ അക്കാലത്ത് രൂപംകൊണ്ട മനസ് - ശരീരം ദ്വന്ദ്വാത്മക സംവാദങ്ങളെയാണിത് കുറിക്കുന്നത്. പിന്നീട് ഇന്ദുലേഖയിലും മറ്റും ഈ ചർച്ച ശക്തിപ്പെടുന്നതുകാണാം. കോശിയുടെ മാനസികപരിവർത്തനത്തിന്റെ കഥയായ ഇതിൽ മനസിന്റെ മറ്റൊരു മാനമായ ആത്മാവും കടന്നുരുന്നു. 'പുലയന് ആത്മാവുണ്ടോ' എന്ന ചോദ്യത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. അതിനുശേഷം പൗലൂസ്, ജന്മിയായ കോശിയുടെ മനസിനെ ദൈവം അലിയിക്കുന്നതുവരെ പണിയെടുക്കില്ലെന്നു ശപഥം എടുക്കുന്നു. പൗലൂസിന്റെ പ്രഖ്യാപനം കോശിയുടെ മനസിനെ ഇളക്കിമറിക്കുന്നത് പലരൂപത്തിൽ കാണുന്നു. പൗലൂസ് മതംമാറിയശേഷം അവന്റെ ക്രിസ്ത്യാനിയെന്ന പദവിയെ അവൻ കാണുന്നത് വിവിധതരം പ്രലോഭനങ്ങളിൽ നിന്നുള്ള അതിജീവനമായിട്ടാണ്. മനസിലെ സംഘർഷങ്ങളാണ് ഇവിടെ പ്രത്യക്ഷമാകുന്നത്.

ഏഴാം അധ്യായത്തിൽ മനസ് ശക്തമായി ഉന്നയിക്കപ്പെടുന്ന സംഭവം കാണാം. പൗലൂസിന്റെ വീട്ടിൽ പോയി അവനെ ശുശ്രൂഷിക്കുന്ന മറിയത്തിനെ തേടി പിതാവ് വരുന്നു.

കോപാകുലനായ കോശി അവളുടെ വസ്ത്രത്തിലും മറ്റും നോക്കുമ്പോൾ അവൾ പറയുന്നു; 'നിന്റെ ഹൃദയത്തിലെ സ്ഥിതി അറിയുന്നതിന് എന്റെ കണ്ണിനുനേരേ നോക്കുക' എന്ന് (അതേകൃതി, 68). മനസ്- കണ്ണ്- മുഖം എന്നിവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ശരീരഘടനയായിട്ടാണ് പുതിയകാലത്ത് നിർവചിക്കുന്നത്. മറിയം അപകടത്തിൽപെട്ട സമയത്ത് പൗലൂസും കൂട്ടരും രക്ഷിച്ച് എത്തിച്ചപ്പോൾ ഇരുട്ടിൽവച്ച് പൗലൂസ് പറഞ്ഞ വാചകങ്ങൾ കോശിയുടെ ഹൃദയത്തെ നിരന്തരം ചുട്ടുപൊള്ളിച്ചതായി കാണുന്നു. മറിയത്തെ വിവാഹം ചെയ്യുവാൻ വന്ന ചെറുപ്പക്കാരൻ മുമ്പൊരു വിവാഹം ചെയ്തിരുന്നുവെന്നും ആദ്യത്തെ ഭാര്യയെ പീഡിപ്പിച്ചു കൊല്ലുകയായിരുന്നു വെന്നും സൂചിപ്പിച്ചുകൊണ്ട് 'ശരീരത്തിനു ഭക്ഷണം വേണ്ടപോലെ ഹൃദയത്തിനും സ്നേഹവും ദയയും വേണ്ടതാകുന്നുവെന്ന്' മറിയം പറയുന്നുണ്ട് (അതേകൃതി, 118). ചുരുക്കത്തിൽ ശരീര കേന്ദ്രീകൃതമായ ഫ്യൂഡൽ പുരുഷനെ റദ്ദാക്കുകയും ആന്തരികതയിൽ ശ്രദ്ധിക്കുന്ന മനുഷ്യരെ നോവൽ ഭാവന ചെയ്യുകയുംചെയ്യുന്നു. ഈ മനസാണ് ആധുനികവ്യക്തിയുടെ അടിസ്ഥാനം. കേരളചരിത്രത്തിൽ വ്യക്തികളെ ഭാവനചെയ്തത് ഇത്തരം നോവലുകളാണ്.

### പൗലൂസ്: അടിമത്തത്തിന് എതിരേ

പൗലൂസ് എന്ന പേര് അടിമയ്ക്ക് നല്കിയതിൽ ക്രൈസ്തവ നസ്രാണി/സുറിയാനി വിരുദ്ധത കണ്ടെത്താം. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് വ്യാപകമായി പൗലൂസ് എന്ന് പേരുണ്ടായിരുന്നു. കേരളത്തിൽ സുറിയാനികൾ നായരെപ്പോലെ സവർണപദവിയിലാണ് കഴിഞ്ഞിരുന്നത്. ഹിന്ദുജാതിക്ക് സമാന്തരമായി കച്ചവടം കുലത്തൊഴിലാക്കി കഴിഞ്ഞ നസ്രാണിക്ക് സവിശേഷപദവികൾ ഉണ്ടായിരുന്നതായും ഹിന്ദുക്ഷേത്രങ്ങളുമായി അവർക്ക് ബന്ധമുണ്ടായിരുന്നുവെന്നും ചരിത്രത്തിൽ കാണാം. ക്ഷേത്രത്തിലേക്കുള്ള വസ്തുക്കൾ അശുദ്ധമായാൽ അത് തൊട്ട് ശുദ്ധമാക്കിയിരുന്നത് ക്രിസ്ത്യാനികളായിരുന്നു (കുര്യൻ തോമസ്, 2018:108). തൈലാദിവസ്തുക്കളശുദ്ധമായാൽ/ പൗലൂസു തൊട്ടാലതു ശുദ്ധമാകും എന്നപറച്ചിൽ ഇതുമായി ബന്ധപ്പെട്ടതാണ്. പൗലൂസ് എന്ന പേരാണവിടെയും വരുന്നത്. പൗലൂസ് എന്നത് നസ്രാണി എന്നതിന്റെ പ്രാസനിബദ്ധമായ ഒരു പ്രതിബിംബമാണെന്ന് കുര്യൻ തോമസ് പറയുന്നു (അതേകൃതി, 108). സുറിയാനികളുടെ ആഭിജാത്യമുള്ള പേരാണിത് എന്ന് വ്യക്തമാകുന്നു. സുറിയാനികളുടെ ആഭിജാത്യത്തിന്റെ അടയാളമായ പൗലൂസ് അടിമയ്ക്കും ഇട്ടതിലൂടെ സുറിയാനി- അടിമ വ്യത്യാസം എടുത്തുകളയുകയാണ് നോവൽ.

പുലയനായ അടിമയായിട്ടാണ് കഥയിൽ സ്ഥാനമെങ്കിലും വൈകാതെ നോവലിലെ ജന്മിയേക്കാൾ വലിയ മനുഷ്യനായി അയാൾ വളരുന്നു, ഒടുവിൽ ഉദാത്തമായ അവസ്ഥയിലേക്കും അധിനിവേശ- മിഷനറി കാഴ്ചകൾ ഇവിടുത്തെ കീഴാളരെ കണ്ടിരുന്നത് മോഷണവും മറ്റും നടത്തുന്ന ദുർവൃത്തരായിട്ടാണ്. 'പുലയന് ആത്മാവുണ്ടോ' എന്ന കോശിയുടെ ചോദ്യമാണ് പൗലൂസിനെ പോലുള്ളവരെ അടയാളപ്പെടുത്തുന്ന ആദ്യസന്ദർഭം. മനസില്ലാത്ത വെറും മൃഗാവസ്ഥയിലുള്ളവരാണ് പുലയർ എന്ന കേരളീയ ജന്മിത്വപാഠത്തെ തിരുത്തുകയാണ് നോവലിന്റെ കഥാതന്തു തന്നെ. 'ആത്മാവില്ലാത്തവർ' എന്നു പറയുന്നവർക്ക് ആത്മാവുണ്ടെന്നും ആത്മാവുണ്ടെന്നു കരുതി നടക്കുന്നവരുടെ ആത്മീയ ജീവിതം ശരിയല്ലെന്നുമാണ് നോവൽ പറയുന്നത്. അതായത് ആത്മാവില്ലാത്ത പൗലൂസിന്റെ ആത്മീയവഴിയാണ് ഒടുവിൽ


ISSN: 2582 - 2594

കോശിയും അനുഗമിക്കുന്നത്. ശരീരത്തിനു മീതെ മനസിനെ സ്ഥാപിക്കുന്ന പ്രത്യയശാസ്ത്ര വ്യവസ്ഥയിൽ പൗലൂസിന്റെ ശരീരത്തെക്കുറിച്ച് നോവൽ തികഞ്ഞ അശ്രദ്ധകാണിക്കുകയും അവന്റെ മനസിനെയും അതിന്റെ പരിവർത്തനങ്ങളെയും ശ്രദ്ധിക്കുകയും ചെയ്യുന്നു. വൃദ്ധനായ പൗലൂസ് നിരന്തരം പലരൂപത്തിൽ പീഡനത്തിനു വിധേയമാകുന്നുണ്ട്. ഒരു തവണ ജന്മിയുടെ അടികൾക്കും മറ്റൊരുതവണ അയാളുടെ ആൾക്കാരുടെ ചങ്ങലക്കിടലിനും പിന്നൊരുതവണ കല്ലേറിനും പൗലൂസ് വിധേയമാകുന്നു. ശരീരത്തിന് പീഡനമേല്ക്കുമ്പോഴും അവൻ തളരുകയല്ല മറിച്ച് കൂടുതൽ കരുത്തനാവുകയാണ്. അതിന്റെ ശക്തമായ രൂപമാണ് അവന്റെ ജന്മിക്കെതിരേയുള്ള പ്രതിജ്ഞ. വാർധക്യം വന്ന ശരീരത്തിൽ സ്ഥിതിചെയ്യുന്ന മനസ് യൗവനമുള്ളതാണെന്നും അതാണ് ശരീരത്തെ ജീവിപ്പിക്കുന്നതെന്നും ഇതിലൂടെ സൂചിപ്പിക്കുന്നു. പൗലൂസ് എങ്ങനെയാണ് നിലവിലെ ജീവിത്തിലേക്ക് വന്നതെന്ന വിവരണം കേവലമായ മതപരിവർത്തനത്തിന്റെ കഥയായിട്ടല്ല കാണേണ്ടത്, മറിച്ച് യേശുദാസൻ പറയുന്നപോലെ 'മതാരോഹണ'ത്തിന്റെ കഥയായാണ് (2010:4). ഒരു മതസംഘത്തിന്റെ പ്രവർത്തനഫലമായി പലരും ചേർന്നകൂട്ടത്തിൽ മതംമാറിയവനല്ലായിരുന്നു പൗലൂസ്. അക്കാലത്തെ സാമൂഹിക തിരിച്ചറിവുകൾ അതിലുണ്ടായിരുന്നു.

പുലയർക്കുവേണ്ടി മരിച്ച യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ് ബൈബിൾ പൗലൂസിന് നല്കിയത് മറിയമാണ്. വായിക്കാനറിയാത്ത അവൻ ആ പുസ്തകം ആരും കാണാതെ സൂക്ഷിച്ചു പോന്നു. എന്നാൽ അതിനുള്ളിലെ ആശയങ്ങൾ വായിക്കണമെന്ന ചിന്ത അവനെ പുതിയൊരു മനുഷ്യനാക്കുകയായിരുന്നു. അക്ഷരമറിയാത്ത പൗലൂസ് ഒരു ഈഴവബാലനെ ഗുരുവാക്കി അവന് തന്റെ കൂലിയുടെ പകുതിനല്കി അക്ഷരാഭ്യാസം നേടി വായിക്കുന്നു. അങ്ങനെയാണവൻ ക്രിസ്ത്യാനിയാകുന്നത്. "എന്റെ ദിവസങ്ങൾ സൂര്യരശ്മിയും സന്തോഷവും ഉള്ളവയായിത്തുടങ്ങി" (കോളിൻസ് മദാമ്മ, 1990:67). ക്രിസ്തുവിനെക്കുറിച്ച് കേട്ട് അവനെക്കുറിച്ചുള്ള പുസ്തകം വായിക്കാനായി അക്ഷരാഭ്യാസം നേടി ജീവിതം നവീകരിച്ച പൗലൂസ് കേരളത്തിലെ അടിമജനതയുടെ മതാരോഹണചരിത്രത്തിലെ ആദിപാഠമാണ്. സാക്ഷരതാപ്രസ്ഥാനത്തിന്റെ തുടക്കക്കാഴ്ചയും. ബൈബിൾഭാഷയും ആശയങ്ങളും കീഴാളർക്ക് ജാതിയുടെ ലോകത്തിനെ വെല്ലുന്ന പുതിയലോകബോധം പ്രദാനം ചെയ്തതായി യേശുദാസൻ നിരീക്ഷിക്കുന്നുണ്ട് (2010:44). വിമോചന സന്ദേശവും പാട്ടും പ്രാർഥനയും അവർക്ക് പുതിയ ബദൽ ഇടം നല്കി (അതേകൃതി, 44). ഭൗതികമായ നേട്ടത്തിനൊപ്പം ആത്മീയമായ ബദലുമാണ് കേരളത്തിലെ മതപരിവർത്തനത്തിന്റെ ചരിത്രത്തെ സവിശേഷ പ്രശ്നമാക്കുന്നതെന്ന പറയാം.

ആശയതലത്തിൽ യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ അടിമത്തം എന്ന അവസ്ഥയെ ചോദ്യം ചെയ്യുന്നതായി നോവലിൽ പറയുന്നു.

1) എല്ലാവർക്കും വേണ്ടിയുള്ള ദൈവസങ്കല്പമാണ്, രക്ഷകനാണ് യേശു എന്നാണ് വാദം. അതായത് ഹിന്ദുവിശ്വാസമനുസരിച്ച് കീഴാളർക്കും മേലാളർക്കും തുല്യദൈവമില്ല, മേലാളരുടെ ദൈവത്തെ കീഴാളർക്ക് കാണാനോ ആരാധിക്കാനോ അവകാശമില്ല. ജാതീയമായി വേർപിരിഞ്ഞ ഹിന്ദുസങ്കല്പത്തിന് ഉപരിയായി എല്ലാവരെയും തുല്യമായിക്കാണുന്ന ദൈവസങ്കല്പം രൂപപ്പെടുന്നു. അതിലൂടെ ദൈവത്തിനുമുന്നിൽ എല്ലാവരും തുല്യരാണെന്നു പഠിപ്പിക്കപ്പെടുന്നു. ഇതുവഴി മനുഷ്യരൂപമുള്ളവരെല്ലാം ഒന്നാണെന്നും തുല്യരാണെന്നും അവർക്കിടയിലെ

വേർതിരിവുകൾ അപ്രസക്തമാണെന്നും പഠിപ്പിക്കപ്പെടുന്നു. പൗലൂസിന്റെ പുതിയ സ്വത്വത്തെ സാധ്യമാക്കുന്നത് മറിയത്തിലൂടെ ലഭിക്കുന്ന ഈ അറിവുകളാണ്. പൗലൂസ് അവസാനം ബ്രാഹ്മണനോടു ഇത് പറയുന്നുണ്ട്. "ക്രിസ്ത്യാനി മാർഗത്തിനു ചെയ്‌വാൻ കഴിയുന്നത് എന്തെന്നു നോക്കുവാൻ അനുസകലരെയും ക്രിസ്തുവിൽ ഒന്നാക്കുന്നു" (കോളിൻസ് മാദാമ്മ, 1990:142). മനുഷ്യരെ വേർതിരിവില്ലാതെ ഒന്നായിക്കാണുന്ന സന്ദേശമാണ് കേരളീയജാതിവ്യവസ്ഥയുടെ അടിവേരിനെ ചോദ്യംചെയ്ത പ്രധാന ആശയധാര. എന്നാൽ ക്രിസ്ത്യാനികൾക്കുപോലും അതിൽ വിശ്വാസമില്ലെന്നും എല്ലാവരെയും ഒന്നായിക്കാണുന്ന വിശ്വാസത്തിൽ സുറിയാനികളെയും കൊണ്ടുവരണമെന്നുമാണ് നോവൽ പറയുന്നത്. അടിമയും ഉടമയും ഒന്നാണെന്നും അടിമയ്ക്കു ഉടമയുടെ എല്ലാ അവകാശവുമുണ്ടെന്നും നോവൽ വ്യക്തമാക്കുന്നു.

2) ക്രിസ്ത്യാനിയായാൽ ആരാധന നിർബന്ധമാണ്. ആരാധനയ്ക്കാണ് ശബത്ത്ദിവസം-ഞായർ. ആ ദിവസം ഒരുവേലയും പാടില്ല. വിശ്രമമില്ലാതെ അടിമകളെ പണിയെടുപ്പിക്കുന്ന വ്യവസ്ഥയാണ് അടിമത്തം. പൗലൂസും കൂട്ടരും ഇങ്ങനെ പണിയെടുക്കുന്നവരായിരുന്നു. ഇവിടെയാണ് ഞായറാഴ്ച അവർ പണിയെടുക്കാതെ വിശ്രമിച്ച് ആരാധന നടത്താൻ ശ്രമിക്കുന്നത്. അതാണ് ജന്മി കോശിയെ വിറളിപിടിപ്പിക്കുന്നത്. പണിയെടുക്കുന്നവർക്കും വിശ്രമം വേണമെന്നും തൊഴിലാളിയെ പീഡിപ്പിക്കാനോ മറ്റോ ഉടമയ്ക്കവകാശം ഇല്ലെന്നുള്ള ആശയങ്ങൾ ഇതിലൂടെ കടന്നുവരുന്നു. എല്ലാവരും മനുഷ്യരെന്ന ബോധം, ആഴ്ചയിലൊരിക്കലുള്ള വിശ്രമം തുടങ്ങിയവ ക്രിസ്തുവിശ്വാസത്തിലൂടെ രൂപപ്പെടുകയും കേരളീയ അടിമത്തവ്യവസ്ഥ ചോദ്യംചെയ്യപ്പെടുകയും ചെയ്യുന്നു. അടിമത്തത്തിന്റെ എല്ലാ ഭാവങ്ങളെയും നോവൽ ചോദ്യംചെയ്യുന്നതിന്റെ ഒരുദാഹരണം അഞ്ചാംഅധ്യായത്തിൽ കാണാം. പൗലൂസിനെ യജമാനന്റെ ആൾക്കാർ നട്ടുച്ചവെയിലത്തു ചങ്ങലയിൽ പൂട്ടി ഇട്ടിടത്ത് ചെല്ലുന്ന പുരോഹിതൻ ആ പ്രവർത്തിയെ ചോദ്യംചെയ്യുന്നു. ക്രിസ്ത്യാനിമാർഗത്തെക്കുറിച്ച് വല്ലതും അറിഞ്ഞിട്ടുള്ളവരും സർക്കാരിന്റെ അടിമക്കാരെക്കുറിച്ചുള്ള കാര്യങ്ങളറിയുന്നവരും ഇങ്ങനെ ചെയ്യാൻ കൂട്ടാക്കുന്നതല്ലെന്നു പുരോഹിതൻ പറഞ്ഞതോടെ അവർ പൗലൂസിനെ വിമോചിപ്പിക്കുന്നു. ചുരുക്കത്തിൽ കേരളീയ അടിമത്തം എന്ന വ്യവസ്ഥയുടെ ചോദ്യംചെയ്യലാണ് ഘാതകവധത്തിന്റെ അടിത്തറ. ഈ ഭാഗത്ത് ക്രിസ്തുമതതാത്പര്യമാണെങ്കിലും അക്കാലത്ത് ലോകമാകെ രൂപംകൊണ്ടിരുന്ന തൊഴിലാളി ബോധത്തിന്റെ അലയൊലികളുണ്ടെന്ന് സന്തോഷ് കുമാർ ചൂണ്ടിക്കാണിക്കുന്നു (2012:23). പത്തൊമ്പതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ തൊഴിൽ സമയം എട്ടുമണിക്കൂറാക്കാനും ആഴ്ചയിൽ വിശ്രമദിവസം അനുവദിക്കാനും പലയിടത്തും നടന്ന സമരങ്ങൾ ഇന്ത്യയിലും പ്രതിഫലിച്ചിരുന്നുവെന്നും ഇന്ത്യൻ റയിൽവേ തൊഴിലാളികൾ അക്കാലത്ത് പണിമുടക്കിയിരുന്നുവെന്നും കാണാം. അവയുടെ ആശയാവലികളിലൂന്നിയാണ് നോവലിൽ ഈ ഭാഗം വന്നിരിക്കുന്നതെന്നു വ്യക്തം.

3) മനസാണ് ഒരാളുടെ ശരീരത്തെ നിയന്ത്രിക്കുന്നതെന്നും ഒരാളുടെ ചെയ്തികളെ നിർണയിച്ച് ജീവിതത്തെ നല്ലത്/ചീത്ത തുടങ്ങിയവയിൽ പ്രതിഷ്ഠിക്കുന്നതെന്നും ഉറപ്പിക്കുകയാണ് നോവൽ. അതിനാൽ മനസാണ് നല്ലതാക്കേണ്ടത്. അതിന് അറിവാണ് വേണ്ടത്. മാനസികമായിട്ടാണ് മനുഷ്യർ ഒന്നാകുന്നത്. മനസിനെ സാധ്യമാക്കുന്നത് ആന്തരികമായ ഗുണങ്ങളെ സൃഷ്ടിക്കുന്നതിലൂടെയാണ്. സത്യം, നീതി, സ്നേഹം, ദയ, അലിവ് തുടങ്ങിയ ഗുണ

 ISSN: 2582 - 2594

ങ്ങളിലൂടെയാണ് ഒരാളുടെ മനസ് വളരുന്നത്. അയാളിലെ മനുഷ്യത്വം വികസിക്കുന്നത്. സാമൂഹികജീവിയെന്ന നിലയിൽ ഒരാളുടെ ജീവിതം അന്യരുമായി താദാത്മ്യപ്പെടുന്നത് ഇത്തരം മാനസികഗുണങ്ങളിലൂടെയാണ്. ഇതിന് സഹായിക്കുന്നതാണ് ദൈവവിശ്വാസവും ക്രൈസ്തവികതയും. ഹിന്ദുമതം പഠിപ്പിക്കുന്നത് മനുഷ്യർ തുല്യരല്ലെന്നും അവർ ജാതിയുടെയും വർണത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്തരാണെന്നുമാണ്. അതിനാൽ മാനസികഗുണങ്ങളോ മറ്റോ ആരെയും തുല്യരാക്കുന്നില്ല. ഇവിടെയാണ് മാനസികഗുണങ്ങളിലൂന്നി ശാരീരികമായ, വ്യത്യാസങ്ങളെ മറികടക്കാൻ പ്രൊട്ടസ്റ്റന്റ് വിശ്വാസം ആഹ്വാനം ചെയ്തത്. ഭൗതികമായ അടിമത്തത്തെയും പീഡനത്തെയും മറികടക്കുന്നതിനും ചോദ്യംചെയ്യുന്നതിനും ഈ ആന്തരികമൂല്യങ്ങളും ഗുണങ്ങളും സഹായിക്കുന്നു. അടിമയായ പൗലൂസ് ജന്മിയായ കോശിയെ ചോദ്യംചെയ്യുന്നതും മറിയം പിതാവിനെ ചോദ്യംചെയ്യുന്നതും ഈ മാനസിക വികാസത്താലാണ്. ഈ മാനസിക, ആന്തരിക ഗുണവളർച്ചയാണ് നാരായണഗുരുവിലൂടെയും മറ്റും കേരളനവോത്ഥാനത്തിന്റെ അടിത്തറയായി വികസിക്കുന്നത്. അതിന്റെ തുടക്കത്തിൽ പൗലൂസ് എന്ന അടിമയെയാണ് ഘാതകവധം പ്രതിഷ്ഠിക്കുന്നത്.

### ആന്തരികഗുണങ്ങളുള്ള വ്യക്തികൾ

പൗലൂസിന്റെ വാക്കുകൾ മൂന്നുതവണ നോവലിൽ നീണ്ടഭാഷണങ്ങളായി കടന്നുവരുന്നുണ്ട്. ആദ്യത്തേത് ജന്മി കോശിയോട് നേരിട്ട് പറയുന്നതാണ്. മറ്റൊന്ന് മറിയത്തോട് സംസാരിക്കുന്നത്. മൂന്നാമത്തേത് കോശിയിൽ നിന്നു പിരിഞ്ഞു താമസിക്കുന്നവേളയിൽ നടത്തുന്ന പ്രഭാഷണമാണ്. ആ പ്രഭാഷണത്തോടെയാണ് കോശിക്കു മാനസാന്തരം ഉണ്ടാകുന്നതും അയാൾ അനുതപിക്കുന്നതും. മറിയത്തോടുള്ള വാക്കുകളൊഴിച്ച് ബാക്കി രണ്ടും തന്റെ ഉള്ളിലെ അമർഷവും ദുഃഖവും മറ്റുള്ളവരെ അറിയിക്കുന്ന പ്രകടനങ്ങളാണ്. ദൈവത്തിന്റെ സ്നേഹമാണ് അവന്റെ സംസാരവിഷയം. തന്റെ അടിമത്തബോധത്തിൽ നിന്ന് അതിനെതിരേയുള്ള കലഹത്തിന്റെ സംഘർഷമായിട്ടാണ് അദ്ദേഹത്തിന്റെ ചിന്തകൾ പുറത്തേക്കുവരുന്നത്. ഭൂമിയിൽ കഷ്ടപ്പെടുന്നവർക്ക് സ്വർഗം ലഭിക്കും എന്നതാണ് ആ വാക്കുകൾ (അതേകൃതി, 131).

"ക്രിസ്ത്യാനികൾ തമ്മിൽ സ്നേഹിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നു. ഇതുചെയ്യുന്നതിനു നാം സകലരെയും നമ്മുടെ ശത്രുക്കളെപോലും സ്നേഹിക്കണം. നമ്മിൽ ചിലർ തിന്മയിൽ കാലം കഴിച്ചുകൂട്ടീട്ടുണ്ട്. അധികം പേർക്കു കഠിനക്കാരായ യജമാനന്മാരും ഉണ്ടായിരുന്നിട്ടുണ്ട്. എന്നാൽ അവരുടെ തിന്മയ്ക്കു നന്മപകരം ചെയ്യുന്നതിനു കരുതിക്കൊണ്ടു നാം അവരുടെ പേർക്കു പ്രാർഥിക്കണം" (അതേകൃതി, 132).

ഇങ്ങനെ സ്നേഹംകൊണ്ട് തന്റെ സമൂഹത്തിലെ ജന്മിത്വത്തെയും അടിമത്തത്തെയും നീക്കംചെയ്യാം എന്ന പ്രതീക്ഷയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. നേരിട്ട് ജന്മിമാരെ /യജമാനന്മാരെ എതിർക്കണം എന്ന സൂചന ഇവിടെയില്ല. അവരുടെ മാനസാന്തരത്തിനുള്ള പ്രാർഥനയാണ് മുന്നോട്ടുവയ്ക്കപ്പെടുന്നത്. ദൈവം അടിമകളെ മോചിപ്പിക്കും എന്നതാണ് വിവക്ഷ. അതോടൊപ്പം യജമാനനുവേണ്ടി പണിയെടുക്കണം എന്നു സൂചിപ്പിക്കുന്നുമുണ്ട്.

അക്കാലത്ത് കേരളത്തിലെ അടിമകളുടെയിടയിൽ പ്രവർത്തിച്ച മിഷനറിമാരുടെ ജന്മിത്വത്തോടുള്ള വിധേയത്വവും സംഘർഷവും ഇതിൽ പ്രകടമാണ്. നിലവിലെ ജാതിവ്യവസ്ഥ

യെ നേരിട്ട് ചോദ്യംചെയ്യുന്ന പ്രക്രിയയിൽനിന്ന് അവർ മാറിനിന്നിരുന്നുവെന്നത് പറഞ്ഞു. എന്നാൽ ആന്തരികഗുണത്തിലൂടെ പ്രത്യക്ഷതകൾക്കുപരി മനുഷ്യനിലെ മാനസികഭാവത്തിന് ഊന്നൽനല്കിയ മിഷനറിമാർ, ജന്മിത്വം എന്ന അധികാരത്തിനു മീതേ മനുഷ്യത്വം എന്ന വ്യവസ്ഥയെ സ്ഥാപിക്കുകയായിരുന്നു. ആ വ്യവസ്ഥയിലേക്ക് കീഴാളരെ കൊണ്ടുവരികയായിരുന്നു എന്നത് ഇവിടെ വ്യക്തമാക്കുന്നു. അങ്ങനെയാണ് പൗലൂസ് തന്റെ ഉടമയായ കോശിയേക്കാൾ വലിയവനായി മാറുന്നത്. പിന്നീട് പൗലൂസ് അടിമയായി പണിയെടുത്തിട്ടില്ലെന്നാണ് സൂചനകൾ. കോശിയെ വിട്ടുപോയശേഷം നിരവധി മാസങ്ങൾ കഴിഞ്ഞശേഷമാണ് അയാൾ പഴയ സ്ഥലത്തുവരുന്നതും ജീവിക്കുന്നതും. എന്നാൽ അയാളിലെ 'ഓച്ഛാനിക്കൽ' അടക്കമുള്ള ജാതിപരമായ വിധേയത്വഭാവങ്ങൾ ഇല്ലാതാകുന്നില്ല. അയാളുടെ വിശ്വാസം എല്ലാത്തരം അടിമത്തത്തിൽനിന്നും അദ്ദേഹത്തെ മോചിപ്പിച്ചു. വീണ്ടും പഴയ തൊഴിലിലേക്ക് പൗലൂസ് മടങ്ങുന്നില്ല. കീഴാളർ അവരുടെ കൃഷിപ്പണിയിൽ കെട്ടപ്പെട്ടവരാണെന്ന പൊതുബോധമാണ് ഇവിടെ പൗലൂസ് നിഷേധിക്കുന്നത്. സ്വാതന്ത്ര്യംനേടി പുതിയമേഖലകളിലേക്ക് പോകാനാവും എന്ന സാധ്യതയാണ് ഇവിടെ കാണുന്നത്. അതിലൂടെ ജാതിയുടെ യുക്തികൾ തിരസ്കരിക്കുന്നു.

**ജന്മിക്കുമീതേ അധികാരം**

തന്റെ കുഞ്ഞിനെ കോശി കൊന്നപ്പോൾ പൗലൂസ് നടത്തിയ പ്രഭാഷണം അദ്ദേഹം എങ്ങനെ മാറ്റത്തിനുവിധേയമായി എന്നു സൂചിപ്പിക്കുന്നതാണ് (അതേകൃതി, 40-42). കോശിയെ കഠിനക്കാരനായ യജമാനൻ എന്നാദ്യം സംബോധന ചെയ്ത് അയാൾ കാര്യങ്ങൾ പറയുന്നതിനുമുമ്പ് ആ ജാതിക്കു പതിവില്ലാത്ത ഒരു ധൈര്യത്തോടുംകൂടെ മിക്കവാറും ദീർഘദർശന രീതിയിൽ കുറ്റക്കാരനായ തന്റെ യജമാനനോട് ഇപ്രകാരം പറഞ്ഞു:

"ഞാൻ കഴിഞ്ഞുപോയവരുടെ കാലത്തെ ഇപ്പണിയിൽ വേലയെടുത്തുവന്നു. ഞാൻ അന്നൊരു അജ്ഞാനിയായിരുന്നതു കൊണ്ടു നെല്ലും മറ്റും കട്ടുവാരിക്കൊണ്ടു പോവുകയും തെങ്ങേൽ കേറുകയും വാഴക്കുല ചെത്തുകയും മറ്റും പല മോഷണങ്ങളും ചെയ്തിട്ടുണ്ട്......എന്നാൽ ഇപ്പോൾ ഒരു ക്രിസ്ത്യാനിയായിരിക്കുന്നു. ദൈവത്തിന്റെ വചനത്തിൽനിന്നു പരമാർഥിയായിരിക്കാൻ ഞാൻ പഠിച്ചു......നല്ല അധ്വാനിയായിരിക്കണമെന്നും ഞാൻ അറിഞ്ഞു. വേലയെടുക്കാത്തവൻ ഭക്ഷിക്കരുത് എന്നു പറഞ്ഞിട്ടുണ്ടല്ലോ?......എന്നാൽ ഇപ്പോൾ ഞാൻ തീർത്തു പറയുന്നു, എന്റെ ഈ കൈ ഇനിയും ഒരിക്കലും നിങ്ങൾക്കു വേലയെടുക്കയില്ല. തന്റെ ചോറിനിയുമൊരുനാളും ഞാൻ ഉണ്ണുകയുമില്ല. ഇപ്പോൾ ഞാൻ പോകുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ തിരിച്ച ദൈവം കഠിനക്കാരനായ ഞങ്ങളുടെ യജമാനന്റെയും മനസിനെ അലിയിക്കുന്നതുവരെ നമ്മൾ തമ്മിൽ കാണുകയുമില്ല" (അതേകൃതി, 40-42).

പൗലൂസിന്റെ ലിംഗപരമായ രൂപീകരണം നടക്കുന്നത് ശരീരം, ഭാഷ, വസ്ത്രം, കരുത്ത് എന്നിവയുടെ പ്രത്യക്ഷതലത്തിലല്ല, മറിച്ച് സ്വഭാവഗുണങ്ങളെന്ന നിലയിൽ ആന്തരികമായാണ്. തന്റെ യജമാനന്റെ പൗരുഷത്തിനു പിന്നിലാണ് ആണെന്ന നിലയിൽ തന്റെ സ്ഥാനം എന്നുറച്ചു തന്നെയാണ് അയാൾ നില്ക്കുന്നത്. അക്കാലത്തെ കീഴാളരുടെ അടിമബോധത്തിലാണ് അയാളുടെ ഇരിപ്പും നടപ്പുമെല്ലാം. മറിയയ്ക്കു മുന്നിൽപ്പോലും 'ഓച്ഛാനിച്ചാ'ണ് അയാൾ നില്ക്കുക. എന്നാൽ അയാൾ പ്രകടിപ്പിക്കുന്ന സ്ഥൈര്യവും വ്യക്തിത്വവും ധീരതയും അക്കാലത്ത് സവ


ISSN: 2582 - 2594

ർണരെക്കാൾ ഉയർന്ന വ്യക്തിത്വമായി അയാളെ മാറ്റുന്നു. ഈ വാക്കുകൾ അത് വ്യക്തമാക്കുന്നു.

'ഞാൻ' എന്നാണ് തന്നെ പൗലൂസ് വിശേഷിപ്പിക്കുന്നത്. അക്കാലത്ത് ദലിതർ മേലാളരുടെ മുന്നിൽ 'ഞാൻ' എന്നു പറയാൻ പാടില്ലെന്ന് വഴക്കമുണ്ടായിരുന്നിടത്താണ് ഈ പ്രയോഗത്തിന്റെ വിപ്ലവസ്വഭാവം പ്രസക്തമാകുന്നത്. 'ജാതിഭാഷ'യും 'ആചാരഭാഷ'യും നിലനിന്നകാലത്താണ് അതിനെ ലംഘിച്ചുകൊണ്ട് ഒരു പുലയൻ സംസാരിക്കുന്നത്. ഇവിടെ പൗലൂസിന്റെ 'ഞാനി'ന്റെ മൂല്യം വ്യക്തമാകുന്നു. 1896ൽ തിരുവതാംകൂർരാജാവിനു സമർപ്പിക്കപ്പെട്ട 'ഈഴവമെമ്മോറിയലി'ൽ ഉപയോഗിച്ചിരിക്കുന്ന അടിയശബ്ദത്തിന്റെ എണ്ണം ഇരുപതിനട്ടുത്തുവരുമെന്ന് പി.കെ. ബാലകൃഷ്ണൻ പറയുന്നുണ്ട് (2012:57). അതായത് തങ്ങളുടെ കീഴാഴ്മ പ്രകടിപ്പിക്കുന്ന ഭാഷയെ ചെറുക്കാൻപോലും അക്കാലത്ത് കീഴാളർക്ക് കഴിയുന്നില്ല. ഓരോജാതിക്കും കൃത്യമായ ജാതിഭാഷ-ആദര, വിനയഭാഷകൾ- നിലനിന്നകാലത്ത് അതിനെയെല്ലാം നിരാകരിച്ചുകൊണ്ട് എല്ലാവരും ഒരേഭാഷ സംസാരിച്ചത് ആധുനിക വിദ്യാഭ്യാസവും മറ്റും പ്രചരിച്ച കാലത്താണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്ന കാലത്താണ് പൗലൂസ് എന്ന പുലയൻ ജന്മി കോശിയുടെ മുമ്പിൽ തലയുയർത്തിനിന്ന് 'ഞാൻ' എന്ന് ആവർത്തിച്ചു പറയുന്നത്.

മിഷനറിമാരിലൂടെ അച്ചടിയിലേക്കും സ്കൂൾ പാഠപുസ്തകങ്ങളിലേക്കും വന്നപ്പോഴാണ് മലയാളഭാഷയുടെ ആധുനികത രൂപംകൊള്ളുന്നത്. ബെഞ്ചമിൻ ബെയ്ലിയാണ് അച്ചടിയിലൂടെയും പുസ്തകനിർമാണത്തിലൂടെയും ബൈബിൾ വിവർത്തനത്തിലൂടെയും മലയാളത്തെ മാറ്റിയതിൽ പ്രധാനി. അക്കാലത്തെ ഭാഷാരീതി പദ്യമായിരുന്നു. മിഷനറിമാർ പോലും പദ്യത്തെ ആശ്രയിച്ചാണ് ആദ്യകാലത്ത് തങ്ങളുടെ ആശയവിനിമയം നടത്തിയത്. പരമ്പരാഗതമായി നിലനിന്ന് സംസ്കൃതഭാഷാബഹുലമായ ഭാഷാപ്രയോഗവും പദ്യഭാഷയും തിരസ്കരിച്ചാണ് മധ്യമാർഗത്തിലൂടെ ബയ്ലി മലയാളഗദ്യം രൂപപ്പെടുത്തിയത്. ഈ ആധുനികഗദ്യമാണ് മലയാളത്തിന്റെ സാഹിത്യഗദ്യത്തിന്റെയും വൈജ്ഞാനികഭാഷയുടെയും അടിത്തറ. മലയാളത്തിലെ ജാതിഭാഷകളെ നിരാകരിച്ചാണ് ആധുനികമലയാളം രൂപം കൊണ്ടത്. ഈ മലയാളമാണ് സ്കൂളുകളിലും കോളേജുകളിലും മാധ്യമങ്ങളിലും ആശയപ്രകാശനോപാധിയായത്. എല്ലാവർക്കും തുല്യമായി ഭാഷ ഉപയോഗിക്കാൻ കഴിയുന്ന പശ്ചാത്തലം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. ഇവിടെയാണ് കോളിൻസ് മാദാമ്മയുടെ പൗലൂസ് 'അടിയൻ' വിട്ട് 'ഞാൻ' എന്നു പറയുന്നത്. അധിനിവേശത്തിന്റെ സംസ്കാരത്തിൽ നിന്ന കോളിൻസ് മദാമ്മയ്ക്കും വിവർത്തകനും ജാതിഭാഷ അന്യമാണ്. അവർ അവർക്കറിയാവുന്ന അക്കാലത്തെ മാനകമലയാളം കഥാപാത്രങ്ങൾക്കു നല്കി. സ്കൂളിൽ പഠിക്കാത്ത പൗലൂസ് സംസാരിക്കുന്നത് മാനകമലയാളമാണെന്ന് ശ്രദ്ധിക്കണം. പൗലൂസിന്റെ ആധുനികത ഈ ഭാഷയാണെന്നും പറയാം. അയാൾ അടിമപ്പണി വിട്ട് പോകുന്നത് സുവിശേഷവേലയ്ക്കാണ്. അവിടെ ജനങ്ങളോടു സംസാരിക്കുന്നതും മാനകഗദ്യത്തിലാണ്. മതപ്രചരണാർഥം സാധാരണക്കാരോട് സംസാരിക്കുവാനാണ് ഈ ഗദ്യം മിഷനറിമാർ ഏറെ ഉപയോഗിച്ചിരുന്നത്. ജാതിഭാഷയിൽ നിന്ന് മലയാളി പുറത്തുകടക്കുന്നതിന്റെ ആദ്യത്തെ അടയാളമണ് പൗലൂസ്. അക്കാലത്ത് സവർണരിലെ സ്ത്രീകൾക്കുപോലും ഞാൻ എന്നുപറയുവാൻ അനുവദിക്കപ്പെട്ടിരുന്നില്ലെന്നും ഇംഗ്ലീഷുപഠിച്ചവരാണ് ഇത്തരം രീതികൾ കൊണ്ടുവന്നതെന്നും ഇന്ദുലേഖയിൽ കാണാം. ഇന്ദുലേഖയിൽ ഇന്ദുലേഖ 'ഞാൻ' എന്ന

പറഞ്ഞപ്പോൾ സൂരിനമ്പൂതിരിപ്പാട് ഞെട്ടിയത് ഇതുമായി ബന്ധമുള്ള പ്രശ്നമായിക്കാണാം. പൗലൂസ് ഒടുവിൽ പറയുന്ന നിഷേധവാക്കുകൾ ഒരടിമയിൽനിന്ന് അക്കാലത്ത് ഉണ്ടാകാൻ യാതൊരു സാധ്യതയുമില്ലാത്തതാണ്. അതായത് വ്യക്തിത്വത്തിന്റെ ആന്തരികതലത്തിൽ പൗലൂസ് ആധുനികപൗരനായി മാറിയിരിക്കുന്നതാണ് ഇത് സൂചിപ്പിക്കുന്നത്. പുറമേ അയാൾ അടിമയായിരിക്കുകയും ആന്തരികതലത്തിൽ അതിനെ നിരാകരിക്കുകയും ചെയ്യുന്ന വൈരുദ്ധ്യമാണ് പൗലൂസിന്റെ കർതൃത്വത്തെ നിർണയിക്കുന്നത്.

ആധുനികതയുടെ മനുഷ്യത്വത്തിന്റെ ക്രമത്തിലേക്ക് അയാളുടെ വ്യക്തിത്വം തുന്നിച്ചേർക്കപ്പെടുന്നതിന്റെ മറ്റൊരു ചിത്രം ആറാം അധ്യായത്തിൽകാണാം. പൗലൂസ് തനിക്കനുവദിച്ചിട്ടുള്ള പറമ്പിൽ തെങ്ങ് നടാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ചില പ്രലോഭനങ്ങൾ അദ്ദേഹം തിരസ്കരിക്കുന്നു. "താൻ മോഷ്ടിച്ചുവന്ന കാലങ്ങളിൽ തേങ്ങ അരച്ച കറികളുടെ സ്വാദ് അറിഞ്ഞിരുന്നതുകൊണ്ട് വൃദ്ധനായ പൗലൂസ് ഒരു തെങ്ങു വച്ചുപിടിപ്പിക്കാൻ വളരെ നാളായി ദീക്ഷിച്ചിരിക്കുകയായിരുന്നു. എങ്കിലും ക്രിസ്ത്യാനിയായതു മുതൽ മോഷ്ടിക്കപ്പെട്ട വസ്തുക്കൾ തന്റെ വായിലേക്ക് കടന്നുകൂടാ എന്നു അവൻ നിശ്ചയിച്ചു. പലപ്പോഴും കഠിനമായ പരീക്ഷകളിൽ വീണിട്ടുണ്ട് എങ്കിലും അവൻ തന്റെ ക്രിസ്ത്യാനിയെന്നുള്ള നാമത്തെ അപമാനിക്കാതെ ഇരിപ്പാൻ ശ്രമിച്ചു" (കോളിൻസ് മാദാമ്മ, 1990:60). ഈ വിശ്വാസത്തിന്റെ ആവിഷ്കാരമാണ് പ്രലോഭനങ്ങളിൽ പതറാതെ ഇരിക്കുക എന്നത്. പലതരം പ്രലോഭനവിഷയമുണ്ട്. സ്ത്രീ, പണം എന്നിവ ഇതിൽ പ്രധാനമായതാണ്. വേദപുസ്തകത്തിലെ പ്രമേയവുമാണ് പ്രലോഭനത്തെ അതിജീവിക്കൽ.

പ്രലോഭനങ്ങളെ അതിജീവിച്ച മനസിന്റെ തുടർപ്രക്രിയയാണ് സഹനത്തിന്റെയും ക്ഷമയുടെയും വികാസം. തുടർന്ന് പൗലൂസ് കടന്നുപോകുന്നത് അത്തരം അനുഭവങ്ങളിലൂടെയാണ്. അയാൾ തന്റെ പറമ്പിൽ തെങ്ങുകളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുമ്പോൾ ചിലർ വന്ന് എന്തോ എറിഞ്ഞ് അദ്ദേഹത്തെ മുറിവേല്പിക്കുകയുണ്ടായി. എങ്കിലും വേദനയുടെ അടയാളങ്ങൾ കാണിക്കാതിരിപ്പാൻ തക്കവണ്ണം അവൻ ഉൾക്കരുത്തുള്ളവനായിരുന്നു എന്നുപറയുന്നുണ്ട് (അതേകൃതി, 62). വേദനകളെ കടിച്ചമർത്തുവാനുള്ള ശീലം എത്ര ഭയങ്കര വേദനയെയും ക്ഷീണത്തെയും ഉള്ളൊതുക്കുവാനുള്ള സഹനശീലം പുതിയ മനുഷ്യന്റെ അനിവാര്യഗുണമായി ഇക്കാലത്ത് വ്യവസ്ഥപ്പെടുന്നുണ്ട്. സുകുമാരിയിൽ സുകുമാരിയ്ക്കും ഇതേപോലുള്ള അനുഭവം ഉണ്ടാകുന്നതായി വർണിക്കുന്നുണ്ട് (ജോസഫ് മൂളിയിൽ, 1985:314). അനാഥശാലയിൽവച്ച് മേൽനോട്ടക്കാരിയായ വത്സല സുകുമാരിയുടെ കീറിയ ഉടുപ്പ് ദേഹത്തെ തൊലിയോടു ചേർത്തു തുന്നിയെങ്കിലും മദാമ്മ കണ്ടുപിടിച്ചു ചോദിക്കും വരെ സുകുമാരി അതേപ്പറ്റി മിണ്ടിയില്ലെന്നു പറയുന്നുണ്ട്. അവൾ നേടിയ ക്ഷമാശക്തിയുടെ ആധിക്യത്തെ കാണിക്കാൻ പ്രയോഗിച്ച അതിശയോക്തിയാണിതെന്ന് ഇരുമ്പയം പറയുന്നു (1985:43). വർണനയിലെ അതിശയോക്തിയല്ലിത് മറിച്ച് മിഷനറിമതം പുതിയ മനുഷ്യന് ഉണ്ടാകണമെന്നു കല്പിക്കുന്ന ഗുണങ്ങളുടെ പ്രകടനമാണിത്.

പൗലൂസിന്റെ ജീവിതത്തിലെ പ്രശ്നം പൗലൂസിന്റെ കുട്ടിയെ ജന്മി കോശി വധിച്ചതാണ്. എന്നാൽ കോശിയും മകൾ മറിയവും ഗുരുതരമായ ഒരപകടത്തിൽപെട്ടപ്പോൾ അത്ഭുതകരമായവിധത്തിൽ രക്ഷകനായി വന്നത് അയാളായിരുന്നു. കോശിയും കുടുംബവും കയറിയവള്ളം ആറ്റിൽ ഒഴുക്കിൽപ്പെടുകയും മറിയം മുങ്ങിത്താഴാൻ തുടങ്ങുകയും ചെയ്തപ്പോൾ പൗലൂസ് അവിടെ ഒരു മിന്നലുപോലെ പ്രത്യക്ഷപ്പെടുന്നു. "ഈ സമയം ഒരു വല്യനഗ്നരൂപം ഉറച്ച

 ISSN: 2582 - 2594

നിലവിളിച്ചുകൊണ്ടും കരയിൽ നിന്നു ആറ്റിലോട്ടു ചാടുകയും മുങ്ങുവാൻ തുടങ്ങിയ പെണ്ണിനെ ഒരു മാത്രകൊണ്ട് എടുത്തുപൊക്കിപ്പിടിക്കുകയും ചെയ്തു" (കോളിൻസ് മാദാമ്മ, 1990:72). ഇതാരാണെന്ന് കോശി കണ്ടില്ലായിരുന്നു. എന്നാൽ പിന്നീട് തന്റെ മകനെ താൻകൊന്നു എന്നാലിപ്പോൾ താൻ തന്റെ കുട്ടിയെ രക്ഷിച്ചിരിക്കുന്നുവെന്ന് പൗലൂസ് പറഞ്ഞ് തന്റെ ദൗത്യം വ്യക്തമാക്കുന്നു. മുറിവുപറ്റി ക്ഷീണിതനായിരുന്നിട്ടും അപകടകരമായ മേഖലയിൽ പുഴയുടെ ഒഴുക്കുള്ള ഭാഗത്ത് ചാടി രക്ഷാപ്രവർത്തനം നിർവഹിച്ച അയാൾ ചെയ്തത് ക്രിയാത്മകമായ മനുഷ്യസ്വഭാവഗുണമാണ്. പൗലൂസ് നേടിയെടുക്കുന്ന ഈ വ്യക്തിത്വത്തിന്റെ അടയാളമാണ് അയാൾ അവസാനം നടത്തുന്ന പ്രഭാഷണം. അതുകേട്ട് അതുവരെ അയാളെ വെറും അടിമയായിക്കരുതിയ ജന്മി കോശി തന്റെ ജന്മിത്വത്തിൽ അനുതപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്നു. അയാൾ പൗലൂസിനെ തന്റെ ഗുരുവായിക്കരുതുന്നു. അയാൾ പറയുന്നു: "ഇപ്പോൾ നീയെന്റെ അടിയാനല്ല. ഗുരുവാകുവാനത്രേ അധികയോഗ്യത എന്നു ഇപ്പോൾ കണ്ടറിഞ്ഞിരിക്കുന്നു. ഞാൻ നിന്നിൽനിന്നു പഠിപ്പാൻ ആഗ്രഹിക്കുന്നുമുണ്ടു. നിന്നിൽ ഉണ്ടായിരുന്ന വിചാരങ്ങൾ വളരെക്കാലം എന്റെ ദൈവങ്ങളായിട്ടു ഞാൻ വിചാരിച്ചുവന്നവയിൽ നിന്നു നന്നാ വ്യത്യപ്പെട്ടവതന്നെ" (അതേകൃതി, 134).

അടിമയിൽനിന്നു യജമാനന്റെ ഗുരുവായി ഉയർത്തപ്പെടുന്നതാണ് പൗലൂസിന്റെ സ്വത്വഗുണം. കീഴാളനിൽനിന്നു മേലാളനിലും മേലാളത്വത്തിലേക്ക്. അങ്ങനെ കോശിയുടെ ജന്മിത്തവും സുറിയാനിബോധവും ചോദ്യംചെയ്യപ്പെടുകയും അയാൾ പൗലൂസിന്റെ വഴിയിൽ വരികയും ചെയ്തു. കായികശക്തിയെയും അധികാരത്തെയും മനഃശക്തി, സഹനം, സ്നേഹം എന്നിവ കൊണ്ട് മറികടക്കുന്നതാണ് പൗലൂസിന്റെ ജീവിതം അവതരിപ്പിക്കുന്നത്. പൗലൂസ് കോശിയുടെ അടിയാനെന്ന പദവി വിട്ട് ജന്മിത്വത്തിനും മീതെ വളരുന്നു. കായികാതിക്രമംകൊണ്ട് കീഴടക്കി ഭരിച്ചിരുന്ന ജന്മിത്വത്തെ നിരാകരിച്ച് ആധുനികത സാധ്യമാക്കിയ നവമാനുഷികതയുടെ പ്രാഥമികപാഠങ്ങൾ കീഴാളരിലൂടെയാണ് കഥാകാരി വരച്ചിടുന്നത് എന്നത് ചരിത്രപരമായി പ്രാധാന്യമുള്ള വസ്തുതയാണ്. അടിമകൾ ജന്മനാ ആത്മാവില്ലാത്തവരും കഴിവില്ലാത്തവരും അപരിഷ്കൃതരുമാണെന്ന സവർണബോധ്യങ്ങളെ തിരുത്തുകയാണ് ഇത്തരം നോവലുകൾ. അങ്ങനെ നോവൽ കീഴാളമനുഷ്യത്വത്തിന്റെ പൊതുബോധത്തെ ചോദ്യംചെയ്തുകൊണ്ട് അക്കാലത്ത് വികസിച്ചുകൊണ്ടിരുന്ന ആധുനികതയുടെ മാനവികതയെ ഭാവനചെയ്തു.

ക്രൈസ്തവികതയിലൂടെ ആന്തരികഗുണമാർന്ന ആധുനിക മനുഷ്യനായി പൗലൂസ് മാറുകയാണ്. മലയാളത്തിൽ നവോത്ഥാനവൽക്കരിക്കപ്പെട്ട ആദ്യനോവൽ കഥാപാത്രം പൗലൂസാണെന്നും പറയാം. ഇതിന്റെ തുടർച്ചയിലാണ് മാധവനും യേശുദാസനും വരുന്നത്. കീഴാളർ ഇത്തരത്തിൽ വിപുലമായി കടന്നുവരുന്നത് തകഴിയുടെയും മറ്റും നോവലുകളിലാണ്. കുട്ടനാട്ടിലെ അടിമകളായ പുലയരുടെ ജീവിതകഥകളിലൂടെയാണ് അവരെ പുതിയ മനുഷ്യരാക്കുന്ന കഥകൾ വരുന്നത്. പൗലൂസിനെ മനുഷ്യനാക്കിയത് ക്രിസ്തുമതം ആയിരുന്നെങ്കിൽ പിൽക്കാലത്ത് തകഴിയുടെ നോവലിലെ മനുഷ്യരെ മാറ്റുന്നത് കമ്യൂണിസ്റ്റ്പാർട്ടിയാണ്. നവോത്ഥാനത്തിന്റെ പുതിയഘട്ടത്തിൽ മതാരോഹണവും മതപരിവർത്തനവും പ്രസക്തമല്ലാതാവുകയും വർഗപരമായി മനുഷ്യരെ വളർത്തുന്ന ആശയങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നു. കേരളീയ ആധുനികതയുടെ മനുഷ്യവൽക്കരണത്തിന്റെ ചരിത്രമാണ് മലയാളനോവലെന്നു കാണാം.

## ഗ്രന്ഥസൂചി

1. Arunima G 2003 There Comes Papa colonialism and the transformation of matriliny in kerala, malabar 1850-1940 Orient Longman
2. Comeliau, Christian 2203 Impasses of Modernity Debating the Future of the Global Market Economy (Trans. Patric Camiller), Zed Books, London
3. കുര്യൻ തോമസ്, ഡോ. 2018 നസ്രാണി, സംസ്കാരം, ദേശീയത, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം
4. ജോർജ് ഇരുമ്പയം 1997 മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
5. കോളിൻസ് മാദാമ്മ 1990 ഘാതകവധം (വിവ. റിച്ചാർഡ് കോളിൻസ്) ഡി.സി. ബുക്സ്, കോട്ടയം.
6. തരകൻ കെ. എം 2005 മലയാള നോവൽസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
7. തുമ്പമൺ തോമസ് 1992 മലയാള നോവലിൽ ഒരു പുനഃപരിശോധന, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
8. ദേവിക ജെ. 2010 കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? സി.ഡി.എസ്, തിരുവനന്തപുരം.
9. ബാലകൃഷ്ണൻ പി. കെ. 2008 ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി. സി. ബുക്സ്, കോട്ടയം
10. യേശുദാസൻ ടി. എം. 2010 ബലിയാടുകളുടെ വംശാവലി, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

 ISSN: 2582 - 2594

# ദളിത് സ്വത്വാവിഷ്കാരം - ഉത്തരാധുനിക മലയാളകവിതകളിൽ

**ഡോ. രേഖ എസ്**
അസിസ്റ്റൻറ് പ്രൊഫസർ
മലയാളവിഭാഗം
ശ്രീനാരായണ വനിതാ കോളേജ്
കൊല്ലം
Email: rekharadhesan@gmail.com

**സംഗ്രഹം**

നവോത്ഥാനപ്രവർത്തനങ്ങൾ രൂപപ്പെടുത്തിയ പുത്തനുണർവിന്റെ സാംസ്കാരിക ഭൂമികയിലാണ് കേരളത്തിലെ കീഴാളവർഗജീവിതം സമൂഹത്തിൽ വലിയ തോതിൽ ചർച്ചചെയ്യപ്പെടുന്നത്. മലയാളികളുടെ കാവ്യഭാവനയിലും വിചാരലോകത്തിലും ഒരു പിളർപ്പ് സംഭവിച്ച കാലമായി ആ ഘട്ടത്തെ കരുതാവുന്നതാണ്. കുമാരനാശാന്റെ ദുരവസ്ഥ, പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജാതിക്കുമ്മി എന്നീ കൃതികൾ ദളിത്പ്രതിരോധത്തിന്റെ പുത്തനുണർവ്വുകൾ സമൂഹത്തിലവതരിപ്പിച്ച കൃതികളാണ്. ഇവയുടെ ആഖ്യാനസ്വരൂപത്തെ ആശ്രയിച്ച് വളർന്നുവന്ന ആധുനികാനന്തര ദളിത്കവികൾ 'ദളിത് സ്വത്വാവിഷ്കാര'മെന്ന ആശയത്തെ കുറേക്കൂടി ആത്മനിഷ്ഠമായി കവിതയിലാവിഷ്കരിക്കാൻ ശ്രമിക്കുകയുണ്ടായി. എസ്. ജോസഫ്, എം.ബി. മനോജ്, റഫീക്ക് അഹമ്മദ്, എം.ആർ. രേണുകുമാർ, സി. എസ്. രാജേഷ്, സുനിൽകുമാർ എം. എസ്., ധന്യ എം. ഡി., വിജിലചിറപ്പാട്, എസ്. കലേഷ് തുടങ്ങിയ കവികൾ അതിൽ പ്രമുഖരാണ്. സമൂഹത്തിൽ ശക്തമായ പ്രതിരോധം സൃഷ്ടിക്കാനുള്ള ഒരു മാധ്യമമായി അവർ കവിതയെ സ്വീകരിച്ചു. മണ്ണിനെയും മനുഷ്യനെയും പ്രകൃതിയെയും സ്വാംശീകരിക്കുന്നതിനൊപ്പം മാനവസമുദായത്തെ ബാധിച്ചിരുന്ന എല്ലാത്തരം തിന്മകളെയും ഉച്ചാടനം ചെയ്യാൻ അവർ തങ്ങളുടെ കവിതകളിലൂടെ പരിശ്രമിച്ചു.

**താക്കോൽവാക്കുകൾ :** നസ്യം, കീഴാളസ്വത്വരൂപീകരണം, സാമൂഹികപ്രതിരോധം, ദളിത് സ്വത്വം, ദളിത് കർത്തൃത്വം, അരക്ഷിതം, വിഭവദരിദ്രം, ഐസ് ബ്രേക്കിംഗ്, ഗ്രാമ്യഭാഷ, അദളിതർ, രാഷ്ട്രീയപ്രതിരോധം, ഇരട്ടപ്രതിരോധം, ആഗോളീകരണം, ഗ്ലോബൽ ജീവിതം.

**ആമുഖം**

പൂർവികരിൽനിന്നും തീർത്തും വ്യത്യസ്തമായ പുതുശബ്ദമായിരുന്ന ഉത്തരാധുനിക ദളിത്കവികളുടെ കവിതകൾ. ആഹ്വാനങ്ങളിൽനിന്നും പ്രതിഷേധങ്ങളിൽനിന്നും നിലവിളികളിൽനിന്നും വിട്ടുനിന്ന പുതുദളിത്കവിത, ഒരു നൂതനപ്രതിരോധം സമൂഹത്തിൽ സൃഷ്ടിച്ചു. ചരിത്രത്തിൽ എഴുതിപ്പിടിപ്പിച്ച ജാതിവർഗ്ഗവേർതിരിവുകൾ പൂർവനിശ്ചിതമായ അജണ്ടകളാണെന്നും അത് ആരുടെയൊക്കെയോ സ്വാർത്ഥപരമായ ഇച്ഛയ്ക്കുവേണ്ടി രൂപം കൊടുത്ത നിയമങ്ങളാണെന്നും അവർ തങ്ങളുടെ കവിതകളിലൂടെ വിളിച്ചുപറഞ്ഞു. അന്നുവരെ എഴുതപ്പെട്ട ചരിത്രത്തെ തിരുത്തി, എഴുതപ്പെടാത്ത ഒരുപുതിയ ചരിത്രമെഴുതുന്നതിന് ഉലികയെടുക്കുന്നുവെന്ന് അവർ കവിതകളിലൂടെ ഉറക്കെപ്പാടി. ചരിത്രത്തിൽ അടയാളപ്പെടുത്താത്ത ദളിത് ജീവിതത്തെ തിരഞ്ഞുപിടിച്ച് ഒരു പുത്തൻ പ്രതിരോധം കവിതകളിലൂടെ സമൂഹത്തിൽ സൃഷ്ടിക്കുകയാണ് ഉത്തരാധുനിക ദളിത്കവികൾ ചെയ്യുന്നത്. സഹതാപം, ഉദാരത തുടങ്ങിയ വികാരങ്ങളെ പിൻതള്ളി ഒരു പൗരന്റെ പ്രതിനിധാന അവബോധഘട്ടങ്ങളാണ് ദളിത് കവിതകളിൽ പ്രതിഫലിക്കുന്നത്. പുരുഷന്മാരാൽ മർദ്ദനമേൽക്കുന്ന സ്ത്രീകൾ, അമ്മമാരുടെ കഷ്ടതകൾ, വരേണ്യരാൽ പീഡനങ്ങൾക്കും ബലാത്സംഗത്തിനും ഇരയാകുന്ന ദളിത് സ്ത്രീകൾ എന്നിങ്ങനെ യാഥാർത്ഥ്യങ്ങളുടെ ഇതുവരെ കാണാത്തിടങ്ങൾ ചിത്രീകരിച്ചാണ് പുതുദളിത്കവിതയുടെ മുഖം സമൂഹത്തിൽ കൂടുതൽ തീഷ്ണമായിത്തീരുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന അധികാരഘടനകൾ അധഃസ്ഥിതവിഭാഗത്തെ വ്യത്യസ്തരീതിയിലാണ് സമീപിക്കുന്നത്. സർവ്വകലാശാലകൾ, ആശുപത്രികൾ, ആധുനികതൊഴിലിടങ്ങൾ, കോടതികൾ എന്നിവിടങ്ങളിലെല്ലാം അവരെ പാർശ്വവത്കരിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ദലിതരും ആദിവാസികളും സ്ത്രീകളും ഇത്തരം പൊതുഇടങ്ങളിൽ നേരിടുന്ന വിവേചനങ്ങൾ ആരും അധികം ശ്രദ്ധിക്കാറില്ല. ഉത്തരാധുനിക ദളിത് കവിതകളുടെ മണ്ഡലം അത്തരം വിഷയങ്ങളിലേക്കുകൂടി ശ്രദ്ധതിരിക്കുന്നു.

**വിഷയാവതരണം**

ദളിത് ജീവിതത്തിന്റെ ഇരുണ്ട മുഖങ്ങൾ ശക്തമായ ഭാഷയിലാവിഷ്കരിച്ച് ഭൂതകാലത്തെ പ്രതിരോധത്തിന്റെ അടയാളമായി കവിതയിൽ വരച്ചുകാട്ടുന്ന കവിയാണ് എം.ബി. മനോജ്. തങ്ങളുടെ ഗോത്രജീവിതത്തെ ഭാഷയിലൂടെ വലിച്ചിഴച്ച് പൊതുസമൂഹത്തിൽനിന്നും പിൻതള്ളിപ്പോയ ഒരുകൂട്ടം സമൂഹത്തിന്റെ ജീവിതത്തെ ഓർമ്മപ്പെടുത്തലുകൾ പോലെ വരച്ചുകാട്ടുകയാണ് അദ്ദേഹത്തിന്റെ 'കൂട്ടാന്തതയുടെ എഴുപത് വർഷങ്ങൾ' എന്ന കവിത. ദളിതനെ മൃഗതുല്യമായി കണ്ടിരുന്ന സാമൂഹികാവസ്ഥയിൽ നിന്നും സമൂഹം വളരെയധികം മുന്നോട്ടു പോകേണ്ടിയിരിക്കുന്നുവെന്നാണ് 'സർവ്വേ ഓഫ് ഇന്ത്യ' എന്ന കവിതയിലൂടെ 'എം.ബി. മനോജ്' അവതരിപ്പിക്കുന്നത്. ഇന്ത്യൻ സാഹചര്യത്തിൽ ഒരു ദളിതന്റെ അവസ്ഥയെ അദ്ദേഹം ചിത്രീകരിക്കുന്നതിപ്രകാരമാണ്.

"ഒരു ഗോവിനോ ഒരു ചണ്ഡാളനോ കൂടുതൽ തൂക്കം?

പേടിക്കേണ്ട ഒരു ചത്ത ഗോവിന്

ജീവനുള്ള അഞ്ച് ചണ്ഡാളന്റെ തൂക്കം

ജീവനുള്ള ഒരു ഗോവിന് ഇരുപത്തഞ്ച് കോടി ചണ്ഡാളൻമാരുടെ തൂക്കം". ഇന്ത്യൻ

 ISSN: 2582 - 2594

സാഹചര്യത്തിൽ ദളിതർ നേരിടുന്ന ദുരന്തത്തിന്റെ നേർചിത്രമാണിത്. ജീവിക്കുമ്പോൾ മരിക്കുകയും മരിക്കുമ്പോൾ ജീവിക്കുകയും ചെയ്യുന്ന ജീവിതമാണ് ദളിതൻ ജീവിച്ചുതീർക്കുന്നതെന്നാണ് 'ചാവ്' എന്ന കവിതയിൽ എം.ബി. മനോജ് സാക്ഷ്യപ്പെടുത്തുന്നത്. ചാതുർവർണ്യവും അതിന്റെ തുടർച്ചയായ ജാതിവ്യവസ്ഥയും ജാതിക്കുള്ളിലെ ജാതിയും ദളിതന്റെ കൂട്ടായ്മയെ ഇല്ലാതാക്കിയെന്ന സത്യത്തെ വെളിപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ 'നസ്യ'മെന്ന കവിത.

"ഞങ്ങളും ഞങ്ങളെന്നു പറഞ്ഞു
തുടങ്ങിയപ്പോൾ
നിങ്ങൾ നമ്മളെന്നു തുടങ്ങി.
ഞങ്ങൾ നമ്മളെന്നു തിരുത്തി
മുഴുവൻ മനുഷ്യരുമെന്ന് നിങ്ങൾ"

എന്നിങ്ങനെ കീഴാളസ്വത്വരൂപീകരണത്തെ പ്രതിരോധിക്കുന്ന ശക്തികളെ മുഴുവൻ ദളിത്കവികൾ തങ്ങളുടെ കവിതകളിലൂടെ വരച്ചുകാട്ടുന്നു.

ആധുനികഘട്ട ദളിത്കവിതകൾ സ്വാനുഭവങ്ങളുടെ സാമാന്യവത്കരണമായിരുന്നു കവിതയിൽ സ്വീകരിച്ചത്. ദളിത് സ്വത്വത്തെ സൂക്ഷ്മതലത്തിൽ ചിത്രീകരിക്കാൻ അവർ ശ്രമിച്ചില്ല. എന്നാൽ ചുറ്റുപാടുമുള്ള സംഭവങ്ങളുടെയും വ്യക്തിത്വങ്ങളുടെയും ഉദ്ഗ്രഥനമായിരുന്നു ഉത്തരാധുനിക ദളിത്കവികൾ ലക്ഷ്യമാക്കിയത്. വ്യക്തിപരവും സ്വകാര്യവുമായ അനുഭവചിത്രീകരണങ്ങളിലൂടെ പൊതുജീവിതത്തിലും സമൂഹത്തിലും പ്രതിരോധം സൃഷ്ടിക്കാൻ ഉത്തരാധുനികകവികൾ ശ്രമിച്ചു. ഇതിന് ഉത്തമോദാഹരണമാണ് എസ്. ജോസഫിന്റെ 'കിണറെ'ന്ന കവിത. പൊതുസമൂഹത്തിന് അവകാശപ്പെട്ടതെല്ലാം ദളിതനുമാത്രം നിഷേധിക്കപ്പെടുന്ന സാമൂഹികഘടന പുനഃപരിശോധനയ്ക്ക് വിധേയമാകണമെന്ന ചിന്തയാണീ കവിതയിലുള്ളത്. അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ സമൂഹം കൽപ്പിക്കുന്ന അയിത്താചാരങ്ങൾ, ചുറ്റുമുള്ള പ്രകൃതിയെയും ജന്തുജാലങ്ങളെയും മനുഷ്യരെയും വളരെ മനോഹരമായി ഈ കവിതയിൽ അദ്ദേഹം ചിത്രീകരിക്കുന്നു. പരന്നൊഴുകിയ ദളിത് സ്വത്വത്തെ പിടിച്ചുനിർത്തി, ദളിത്കർതൃത്വത്തെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിച്ചു കാവ്യസമൂഹത്തിൽ അന്നുവരെ നിലനിന്ന കാവ്യകർതൃത്വത്തിൽ മാറ്റമുളവാക്കാൻ ഉത്തരാധുനിക ദളിത്കവികൾക്ക് സാധിക്കുന്നു. പൊതുസമൂഹത്തിന് അവകാശപ്പെട്ടതെല്ലാം ദളിതനു മാത്രം നിഷേധിക്കപ്പെടുന്ന സാമൂഹികഘടന പുനഃപരിശോധനയ്ക്ക് വിധേയമാകണമെന്നും തങ്ങളുടെ അധികാരാവകാശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തണമെന്നുള്ള ബോധം ഈ പുതുകവികളിലുണ്ടായതിന് തെളിവാണ് ഈ കവിത. ഈ തിരിച്ചറിവ് അവരുടെ ബാധ്യതകളായിരുന്നു.

"മുമ്പൊക്കെ ഞങ്ങൾക്കൊന്നും കിണറില്ലായിരുന്നു.
വെള്ളമെടുക്കാൻ കുൻശൻമാരുടെ
വീടുകളിൽ പോണമായിരുന്നു
അവർ മുറ്റത്തുനിന്ന് തൊട്ടിയിൽ വെള്ളം കോരും
ഞങ്ങൾക്ക് താഴെനിന്ന് കവുങ്ങും പാളയിൽ കോരാം
അല്ലെങ്കിൽ പാടങ്ങൾക്ക് നടുവിൽ ഓലികളുണ്ട്"

(എസ്. ജോസഫ് - കിണർ)

എന്നിങ്ങനെ തികച്ചും വ്യക്തിപരമായ അനുഭവതലം സമൂഹത്തിന്റെ മുമ്പിൽ തുറന്നുകാട്ടാൻ നവദളിത്കവികൾക്ക് സാധിക്കുന്നുണ്ട്. ജാതീയതയും അയിത്തവും മൂലം കീഴാളജനത അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനെ കവിത വിശദീകരിക്കുന്നു.

എം.ആർ.രേണുകുമാറിന്റെ കവിതകളിലെത്തുമ്പോൾ വ്യക്തിപരമായ സ്വാകാര്യാനുഭവതലം കുറേക്കൂടി തീവ്രമാകുന്നുണ്ട്. അരക്ഷിതവും വിഭവദരിദ്രവുമായ ഒരു ലോകത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങൾ തീവ്രവും കൂടുതൽ സ്വാഭാവികമായിത്തീരുന്നത് തികച്ചും സാധാരണമാണ്. ദളിത് സ്വത്വാന്വേഷണവും ദളിത് കർത്തൃത്വരൂപീകരണവുമാണ് ഇത്തരം രചനകളിലൂടെ ദളിത് കവികൾ ലക്ഷ്യമാകുന്നത്. "വിശപ്പുമൂത്ത് കണ്ണുപൊട്ടിയപ്പോൾ അരണയെ ചുട്ടുതിന്ന് മണ്ണിന് ചോറായ എളേത്തുങ്ങളെക്കുറിച്ച് പറഞ്ഞുതീരും മുൻപേ വിശപ്പാൽ ഒരുത്തി തലചുറ്റി വീഴുന്നു" എന്നും

"ഇണയില്ലാത്ത ഉടുഉണി ചുറ്റി
അപ്പൻ പുറത്തുപോകുമ്പോൾ
ചാക്കുടുത്തകത്ത് ചടഞ്ഞിരിക്കും
അമ്മയെപ്പറ്റിപറഞ്ഞ് ഒരുത്തി-
മൂക്കുപിഴിയുന്നു".

എന്നെല്ലാം എം.ആർ. രേണുകുമാർ 'ഐസ് ബ്രേക്കിംഗ്' എന്ന തന്റെ കവിതയിലൂടെ ചിത്രീകരിക്കുമ്പോൾ അനുഭവങ്ങളുടെ ഇടുങ്ങിയ പരിസരത്തുനിന്നും തുറസ്സായ ഇടത്തേക്കുള്ള സഞ്ചാരത്തിലൂടെ, സമൂഹത്തിലും കാവ്യലോകത്തും ദളിത്കവികൾ പുതുപ്രതിരോധങ്ങൾ സൃഷ്ടിക്കുന്നു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന നിശബ്ദതയെ തച്ചുടയ്ക്കാൻ ശ്രമിച്ച ആത്മബോധമുള്ള കവിയാണ് എം. എസ്. സുനിൽ കുമാർ. എസ്. ജോസഫ്, എം. ബി. മനോജ് എന്നിവരുടെ കാവ്യരചനാരീതിയിൽനിന്നും തീർത്തും വ്യത്യസ്തമായ ഭാഷകൊണ്ടാണ് കാവ്യരംഗത്ത് അദ്ദേഹം ശ്രദ്ധനേടിയത്.

"അടിവയറ്റിലിരമ്പുന്ന വേദന വിശപ്പാണെന്നറിഞ്ഞനേരം
കരിപിടിച്ച ആ മൂന്നു മുഗങ്ങൾക്ക് മേലിരിക്കുന്ന
ചട്ടിയിലേക്ക് നോക്കുവാനെനിക്കു ധൈര്യവും പ്രതീക്ഷയും പോരാ
നനയാം ഞാൻ....." (തെളിവ്)
"അരിയാട്ടുവാൻ മുളകരയ്ക്കുവാൻ
ദോശയും ചമ്മന്തിയുമില്ലാതെ വെയിലത്തിരുന്ന്
വിശപ്പിനെക്കൊന്ന് നിങ്ങൾക്കുവേണ്ടി
ഞങ്ങൾ കൊത്തേണ്ടിവരുന്ന ആട്ടുകല്ലും അമ്മിയും" (കല്ലുകൊത്തുന്നവർ)

എന്നിങ്ങനെ ദളിത് സമൂഹത്തിന്റെ ചരിത്രവും വർത്തമാനവും തീവ്രമായ ഭാഷയിൽ അദ്ദേഹം ആവിഷ്കരിക്കുന്നു. മനുഷ്യാവസ്ഥയുടെ ഏറ്റവും ദീനമായ അവസ്ഥയായ തൊട്ടുകൂടായ്മയുടെ സമീപകാലദൃശ്യങ്ങളാണ് കല്ലുകൊത്തുന്നവർ എന്ന കവിതയിലുള്ളത്. ദളിത് ജീവിതത്തിന്റെ ആധികാരികതയും തീക്ഷ്ണതകൊണ്ടും രൂപപ്പെടുന്ന ഭാഷയുടെ ആവിഷ്കാരമാണ് സുനിൽകുമാറിന്റെ കവിതകൾ.


ISSN: 2582 - 2594

ഉത്തരാധുനിക ദളിത്കവിത, ഭാഷയിൽ ഇതുവരെ നിലനിന്നിരുന്ന വരേണ്യസങ്കല്പങ്ങളെയും പ്രതിരോധിക്കുന്നു. പാരമ്പര്യകാവ്യരചനാസമ്പ്രദായങ്ങളെ കൃത്യമായ മുന്നൊരുക്കത്തോടെ പൊളിച്ചെഴുതിയത് സമകാലിക ദളിത്കവിതകളാണ്. അവരിൽ എടുത്തുപറയേണ്ട വ്യക്തിയാണ് എസ്. ജോസഫ്. കൃത്യമായ മുന്നൊരുക്കത്തോടെ വരേണ്യഭാഷയെ പൊളിച്ചെഴുതി കവിത നിർമ്മിച്ചത് എസ്. ജോസഫാണ്. 'മലയാളകവിതയ്ക്ക് ഒരു കത്ത്' എന്ന കവിതയിൽ എസ്. ജോസഫ് ഇപ്രകാരം എഴുതുന്നു.

"നിന്റെ ആളുകളെ എനിക്കറിയാം
വലിയ കെട്ടിടങ്ങൾ പോലെയുള്ളവർ
അവർ നിന്നെ ചതുരങ്ങളിലും വൃത്തങ്ങളിലും പൂട്ടിയിട്ടു.
ഒരു തുളയിലൂടെ നീ പുറംലോകം കണ്ടു.
വീട്ടുപകരണങ്ങളിൽ തട്ടിവീണു.
തുണികളും ചിരികളുമെടുത്തണിഞ്ഞ്
അമ്പലത്തിൽ പോകുംവഴി
നീ കാറിലിരുന്ന് എന്നെ നോക്കിയത് മറക്കത്തില്ല".

അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ആവലാതികൾ മാത്രമല്ല എസ്. ജോസഫിന്റെ കവിതകളിൽ. മറിച്ച് അലങ്കാരകല്പനകൾ കൊണ്ടുമാത്രം നിറഞ്ഞ മലയാളകവിതയിലെ ഭാഷാലാളിത്യവും സുതാര്യതയും വീണ്ടെടുക്കുകയെന്ന ലക്ഷ്യംകൂടി അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ഈ കവിത വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. ഭാഷ അതിന്റെ ഔപചാരികത കുടഞ്ഞെറിഞ്ഞ് അതിന്റെ സ്വത്വം വീണ്ടെടുക്കുകയാണ്. ഉത്തരാധുനിക ദളിത്കവിതയിൽ. എം.ബി. മനോജ് 'പേരില്ലാത്ത കവിത'യിൽ എഴുതിയതുപോലെ-

"വീട്ടിലേക്കു കൊണ്ടുവന്ന

ചപ്പാത്തിപ്പലകയ്ക്കു

ഒരിക്കൽപോലും

പരത്താനായി കിടക്കേണ്ടിവന്നില്ല"

ഇത്തരത്തിലുള്ള ലളിതഭാഷകളാണ് പുതുദളിത്കവിതകളുടെ ശക്തി. തന്നെയും തന്റെ വംശത്തെയും അടയാളപ്പെടുത്താൻ അവർ തനതുഗ്രാമ്യഭാഷ ഉപയോഗിക്കുന്നു. മനോജിന്റെ 'ബാർബർ ഷോപ്പ് ഒരു സംഭാഷണ'മെന്ന കവിത നോക്കുക.

" 002 എടുത്തത് പത്തെണ്ണമാ ഇരിക്കുന്നെ അടിച്ചില്ല

523 എടുത്തോ ഇന്നടിക്കുമെന്നുറപ്പാ"

എന്നിങ്ങനെ ലാളിത്യവും സുതാര്യവുമായ തനി മലയാളഭാഷയാണ് പുതുദളിത് കവിതകളുടെ സവിശേഷതകൾ.

"നിനക്കു വേണ്ടത് സ്വാതന്ത്ര്യമല്ലേ?

ഇവിടെ അതേയുള്ളൂ.

ഇഷ്ടമുള്ളതു പറയാം, ചെയ്യാം

തോട്ടിൽപ്പോയി കളിക്കാം

പറമ്പിലെത്തുന്ന കരിയിലാംപിടകളോടൊപ്പം

ചിലയ്ക്കാം". (എസ്. ജോസഫ് - മലയാള കവിതയ്ക്കൊരു കത്ത്)

എന്നിങ്ങനെ തനിമലയാളഭാഷയെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ പുതു ദളിത്കവിതകളിൽ കാണാവുന്നതാണ്. ഇത്തരത്തിൽ കാവ്യപ്രമേയസ്വീകരണത്തിൽ മാത്രമല്ല കാവ്യഭാഷാരംഗത്തും പുത്തൻ പ്രതിരോധം തീർക്കാൻ ഉത്തരാധുനിക ദളിത് കവികൾക്കു സാധിക്കുന്നു.

ദളിതനുവേണ്ടി അദളിതർ കവിതയെഴുതുന്നതാണ് ആധുനികകാലത്തെ അനുഭവമെങ്കിൽ ഉത്തരാധുനികകവിതയിൽ ദളിതർ തന്നെ ദളിത് പ്രതിനിധാനമുള്ള കവിതകളിലൂടെ സാമൂഹികപ്രതിരോധം സൃഷ്ടിക്കുന്നു. ദളിത് ജീവിതാനുഭവത്തെ ദളിതർ തന്നെ ആവിഷ്കരിക്കുമ്പോൾ ആസ്വാദനം കൂടുതൽ ഹൃദയാവർജ്ജകമാവുന്നു. എസ്. ജോസഫിന്റെ കവിതകളിലാണ് ഇത്തരമൊരു സംരംഭത്തിനു തുടക്കം കുറിച്ചത്. ഇന്നലെവരെ തങ്ങൾക്കുവേണ്ടി മറ്റാരോ ചെയ്ത പണി ഇപ്പോൾ സ്വന്തമായി, സുഖവും സ്വാതന്ത്ര്യവും ഒന്നു വേറെതന്നെയാണെന്ന് എം.ആർ.രേണുകുമാർ പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്.

ആശയ-ശില്പവൈദഗ്ധ്യത്തോടെ കവിതയെ അണിയിച്ചൊരുക്കുന്ന രീതി പുതുകവികൾ ഉപേക്ഷിക്കുന്നു. കവിതയുടെ ബാഹ്യരൂപത്തിൽ വന്ന മാറ്റം ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തിയത് നവ ദളിത്കവികളാണ്. കവിതയുടെ രചനാസമ്പ്രദായത്തിലും ഒരു പുതുപ്രതിരോധം സൃഷ്ടിക്കുകയാണ് അവർ തങ്ങളുടെ കവിതകളിലൂടെ ചെയ്തത്. എല്ലാ മനുഷ്യസൃഷ്ടിയിലും കവിത്വം ഒളിഞ്ഞിരിപ്പില്ലെന്ന വരേണ്യകാവ്യയുക്തിയെ പ്രതിരോധിക്കുകയാണ് ദളിത്കവികൾ ഇവിടെ. എസ്. ജോസഫിന്റെ 'പല കവിതകൾ' എന്ന കവിതയിൽ ഈ ആശയം വളരെ ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്.

"വേശ്യപ്പണിക്കു പോയവൾക്ക്

തകരപാത്രം കവിതയാകുമോ

ആകും. മറ്റൊരു ജീവിതം കണ്ടെത്തുകയാൽ"

"കുഴിവെട്ടുകാരന് കവിതയില്ലെന്ന് തോന്നാം

എല്ലാ പ്രതീക്ഷയും വീണടിയുന്ന - പള്ളിപ്പറമ്പിലെ

യാറടി മണ്ണിൽ" - എന്നീ വരികൾ ഉദാഹരണങ്ങളാണ്.

ദളിത് പ്രതിരോധത്തോടൊപ്പം രാഷ്ട്രീയപ്രതിരോധം കൂടി സൃഷ്ടിക്കുന്നവരാണ് ഉത്തരാധുനിക ദളിത്കവികൾ. സ്വവിമർശനത്തോടൊപ്പം, സമൂഹത്തിൽ തങ്ങളെ ചൂഴ്ന്നുനിൽക്കുന്ന ജനാധിപത്യ-രാഷ്ട്രീയ വ്യവസ്ഥിതികളെയും അവർ ചോദ്യം ചെയ്യുന്നു. എം.ബി. മനോജിന്റെ 'സദൃശ്യവാക്യ'മെന്ന കവിതയിലെ

"എല്ലാ രാഷ്ട്രീയകക്ഷികളും

സ്വന്തം നുണകൾ വിഴുങ്ങി

ഒടുവിൽ കഴുത്ത് പുഴുത്ത്

ചാകുന്നു"

 ISSN: 2582 - 2594

“മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും
സ്പോൺസേർഡ് ദൈവമിരിക്കുന്നു.
അവർ കരുണാമയരായ്
കാവൽവിളക്കായ്
കരാറിൽ ഒപ്പുവയ്ക്കുന്നു”.

ഈ വരികൾ അവരുടെ കവിതകളിലെ രാഷ്ട്രീയമായ പ്രതിരോധത്തിന് ഉദാഹരണങ്ങളാണ്. കീഴാളനുമേൽ ചാരിവെച്ച വർഗ്ഗരാഷ്ട്രീയത്തിന്റെ പിരിയൻ ഗോവണി ചിത്രമാണ് എം.ബി. മനോജിന്റെ ‘കൊല ചെയ്യപ്പെട്ടവരുടെ അർത്ഥ’മെന്ന കവിതയിൽ ചിത്രീകരിക്കുന്നത്. നമ്മുടെ രാഷ്ട്രീയ-സാമൂഹികസമ്പ്രദായത്തിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ ആതീവരഹസ്യമാർന്നതാണെന്ന് വ്യക്തമാക്കുന്നതാണ് എം.ബി. മനോജിന്റെ ‘ജീവൽഭാഷ’, ‘മരിച്ചുപോയ ശിശുക്കളുടെ നാട്’, ‘മറയൂര്’, ‘വയ(ൽ)’ എന്നീ കവിതകൾ.

സമകാലികപാരിസ്ഥിതികപ്രശ്നങ്ങളും സംഭവങ്ങളും ഇടകലർത്തി കവിതകൾ രചിക്കുന്നതിൽ ശ്രദ്ധാലുക്കളാണ് ഉത്തരാധുനിക ദളിത്കവികൾ. കാല്പനികത ചോർത്തിക്കളഞ്ഞ ശുദ്ധവികാരത്തോടെയാണ് അവർ സഹജീവികളോടും മൃഗങ്ങളോടും മരങ്ങളോടുമെല്ലാം പ്രതികരിക്കുന്നത്. ഇതുവരെ കാവ്യലോകത്ത് നിലനിന്നിരുന്ന നല്ലത്/ചീത്ത എന്നീ സങ്കല്പങ്ങളോടും ദളിത്കവികൾ പ്രതിരോധം തീർക്കുന്നുണ്ട്. ഇന്നുവരെ കവിതയിൽ നിലനിന്നിരുന്ന സൗന്ദര്യയുക്തിയെ ദളിത്കവിത നിരാകരിച്ചപ്പോൾ കാവ്യവരേണ്യവർഗ്ഗത്തിന് അത് ചീത്തകവിതയായിത്തീർന്നു. ഇതിനെതിരെ പൊരുതി മലയാളകാവ്യലോകത്തുതന്നെ ഒരു ഇരട്ട പ്രതിരോധം സൃഷ്ടിക്കുകയാണ് ദളിത്കവിത ചെയ്തത്. അതിൽ ഒന്നാമത്തേത് മലയാള കാവ്യരചനാസമ്പ്രദായത്തിൽ സ്വീകരിച്ച പുതിയ ഭാവുകത്വവും, രണ്ടാമത്തേത് ചരിത്രത്തിൽ കവിത പുലർത്തിയിരുന്ന അധീശശക്തികളെ ചോദ്യം ചെയ്യുകമാണ്.

ആഗോളീകരണവ്യവസായവത്കൃതലോകത്തിന്റെ അനന്തരഫലങ്ങൾ ദളിതന്റെ ജീവിതസാഹചര്യങ്ങളിലും സ്വാധീനം ചെലുത്തിയതിന്റെ നേർചിത്രങ്ങളും ദളിത് കവിതകളിൽ കാണാം. ശരീരത്തെ അപ്രസക്തമാക്കുന്ന സൈബർജീവിതത്തിലേക്കു ദളിതനും കടന്നിരിക്കുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ് ‘അൾസിര@’ എന്ന കവിത.

“തൊലി വെളുത്ത ചുണ്ട് ചൊവന്ന
സ്വർണ്ണ മുടിയുള്ള ഒരു ബ്രിട്ട്നി സ്പിയേഴ്സിനെ
തെരഞ്ഞ് ഞാൻ
ഒടുക്കം കുറിവീണത് അൾസിരയെന്ന
അയർലൻഡുകാരിക്ക്.
നെറ്റിനും ചാറ്റിനും കടപ്പാട്”

എന്നിങ്ങനെ ഒരു ഗ്ലോബൽ ജീവിതം സാധ്യമാക്കുന്ന സാധ്യതകളും പ്രലോഭനങ്ങളും സങ്കീർണ്ണതകളുമാണ് എം.ആർ. രേണുകുമാർ ഈ കവിതയിൽ വിഷയമാക്കുന്നത്.

ദളിത് സമൂഹത്തിന്റെ കണ്ണീരും ചോരയും പട്ടിണിയുമാണ് എസ്. കലേഷിന്റെ കവി

തകളിലെ മുഖ്യവിഷയം. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ചവിട്ടിത്താഴ്ത്തിയ മണ്ണിന്റെ തൊഴിലാളികളുടെ യാതനാജീവിതം അദ്ദേഹം തന്റെ കവിതയിൽ വരച്ചിടുന്നു.

"പറഞ്ഞൂ നീലമേഘം നീലയിൽ നീലയാം
പൊൻമാൻവിളവും തണവും വെയിലും
നുകർന്നിരിപ്പാണു പൊന്മാൻ
പഴഞ്ചനാം പണിക്കാരൻ പൊന്മാൻ
പറക്കുന്ന പൊട്ടുനനെ പൊന്മാൻ....."

പിടയ്ക്കും പരൽമീൻ ആ ചുണ്ടിൽ- എന്നിങ്ങനെ 'കിങ്ഫിഷർ' എന്ന കവിതയിൽ സ്വവംശചരിത്രത്തെ അദ്ദേഹം നോക്കിക്കാണുന്നുണ്ട്.

"കൊളുത്ത് അണ്ണാക്കിൽ കൊരുത്തു പോയിരുന്നു
എന്നെ കൊളുത്തിയ ചൂണ്ടകോൽ
ചുണ്ടിലുറപ്പിച്ച മീനുകൾ......
വെള്ളത്തിലൂടെ ചെകിള വീശി നീന്തി"

കരയ്ക്കു ഞാനങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു" (മീനുകളുടെ ശബ്ദത്തിൽ ഷൂള മടിക്കുന്ന ഒരാൾ).- ഇവിടെ ജീവിതം, മർദ്ദനം ഒറ്റപ്പെടുത്തി ഒതുക്കുന്ന തീണ്ടലും തൊഴിലും ജന്മിമാരുടെ കണ്ണിച്ചോരയില്ലാത്ത ചൂഷണം എന്നിവയ്ക്കു പുതിയ കാലത്തിൽ മറ്റൊരു രൂപത്തിലുണ്ടായ പരിണാമം വിഷയമാക്കുന്നു. ദളിത് സമൂഹത്തിന്റെ വേദനകൾ അടയാളപ്പെടുത്താനും അവ മാറ്റാൻ പുതിയ നിയമങ്ങളും പൗരബോധവും ഉണ്ടാകേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിന്റെ കവിതകളിൽ വായിച്ചറിയാം.

സമൂഹത്തിൽ അവഗണിക്കപ്പെടുകയും ചരിത്രമില്ലാതായിപ്പോവുകയും ചെയ്യുന്ന മനുഷ്യരെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ് ധന്യാ പി. രാജിന്റെ ദളിത് കവിതകൾ. ദളിതരുടെ ജൈവസത്തയുടെ അംശങ്ങളിൽ, നിറങ്ങളിൽ, പ്രണയത്തിൽ ആർത്തിരമ്പുന്ന ഹൃദയവേദനകളെന്ന് അവർ ഓർമ്മപ്പെടുത്തുന്നു.

"ഇളം വെയിൽ കഷണങ്ങളും
കാറ്റും ചേർത്ത് വെച്ച്
പൂചൂടിയ മരങ്ങൾ നെയ്തുകൊണ്ടിരിക്കുന്നു.
കറുത്തചേലകൾ
പാതവക്കത്തുറങ്ങുന്ന അമ്മയും കുഞ്ഞിനും
കരുതലോടെ പുതപ്പുകൾ..." (വെയിൽ വരയ്ക്കും ചിത്രങ്ങൾ)

എന്നിങ്ങനെ സമൂഹം ഇടം നിഷേധിക്കുന്നവർക്ക് പ്രകൃതി ചേർത്തുനിർത്തുമെന്ന് അവർ പാടുന്നു.

ദളിതരുടെ പ്രശ്നങ്ങളോടൊപ്പം പ്രത്യേകിച്ചും ദളിത് സ്ത്രീകളുടെ ശാക്തീകരണത്തിനും ശ്രമിച്ച യുവ എഴുത്തുകാരിയാണ് വിജില ചിറപ്പാട്. ദളിത് സാഹിത്യം കണ്ടുമടുത്ത വിലാപച


ISSN: 2582 - 2594

രിത്രങ്ങളിൽനിന്നും വ്യത്യസ്തമായൊരു സമീപനമാണ് അവരുടേത്. അടുക്കളയില്ലാത്ത വീട്, അമ്മ ഒരു കാല്പനികകവിതയല്ല, പകർത്തിയെഴുത്ത് തുടങ്ങിയ കവിതകളെല്ലാം സങ്കീർണത നിറഞ്ഞ ദളിത് സ്ത്രീയുടെ ജിവിതം വളരെ ലളിതമായി ചിത്രീകരിക്കുന്നു.

"മുന്നോട്ട് പറന്നവൾ
ഞങ്ങളുടെ വീട്ടിൽ
ടി.വി. ഇല്ല
ഫ്രിഡ്ജ് ഇല്ല
മിക്സറും ഇല്ല
ഗ്രൈൻഡറും ഇല്ല
എൽ.പി.ജി. ഇല്ല
ഒരു ഇരുമ്പുപെട്ടി പോലുമില്ല.
എന്നിട്ടും അമ്മ അറിഞ്ഞു
ഇവ എങ്ങനെ പ്രവർത്തിപ്പിക്കാം
ഞാൻ ചെയ്യുന്നതിനു വളരെമുമ്പ്.
കാരണം, മാധവിക്കുട്ടിയുടെ കഥകളിലെപ്പോലെ
എം.ടി.യുടെ നോവലുകളും
അവൾ ജാനു ആണ് - സേവകൻ."

എന്നിങ്ങനെ എനിക്കറിയാവുന്ന അമ്മമാർ പ്രായോഗികമായി അവരുടെ ദൈനംദിന ജീവിതം നയിക്കുന്നവരും വാർത്തകളുടെ അലർച്ചകൾ കേൾക്കാതിരിക്കാൻ റേഡിയോ ഓഫ് ചെയ്യാൻ നിങ്ങളോട് ചുരുട്ടി ആവശ്യപ്പെടുന്നവരുമാണെന്ന് അവർ അവകാശപ്പെടുന്നു. ജോലിസ്ഥലത്തെ സൂക്ഷ്മമായ വിവേചനത്താൽ നിരാശപ്പെടുമ്പോൾ, അവളുടെ ഉത്ഭവത്തിനു മുകളിൽ ഉയരാൻ ആവശ്യപ്പെടുന്നു. "എന്നാൽ ഓരോ ദിവസവും ആരെങ്കിലും അല്ലെങ്കിൽ മറ്റൊരാൾ ഒരിക്കലും ദളിത് ഐഡന്റിറ്റി നിങ്ങളിൽ പുരട്ടുന്നതിൽ പരാജയപ്പെടാത്തപ്പോൾ ഒരാൾ എങ്ങനെയാണ് ഒരാളുടെ ഉത്ഭവത്തിനു മുകളിൽ ഉയരുന്നത്?" അവർ അത്ഭുതപ്പെടുന്നു. ഇത്തരമൊരു ദളിത് ബോധം എപ്പോഴും അവരുടെ കഥകളിൽ വ്യാപിച്ചുകിടക്കുന്നു. കേരളീയസമൂഹത്തിൽ അന്തർലീനമായിക്കിടക്കുന്ന ജാതീയതയ്ക്കെതിരെ അവർ ശബ്ദമുയർത്തി. ജാതിരഹിതമായ ഒരു സമൂഹത്തെ അവർ സ്വപ്നം കണ്ടു.

ജാതീയതയും അയിത്തവും മൂലം കീഴാളജനത അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനെ സി. എസ്. രാജേഷ് തന്റെ കവിതകളിലൂടെ ചിത്രീകരിക്കുന്നു.

"ഒട്ടുമറയ്ക്കാതെ
ഒട്ടും മടിക്കാതെ
മൊത്തോം പരസ്യമായി ഞാൻ കഴിക്കാം
നിന്നോടെനിക്കെന്തു പഴയ തീണ്ടൽ?

(എങ്കിലും ദൈവമേ
സൃഷ്ടിതൻ നാളിൽ നീ
വാഴേടെ കാര്യം മറന്നില്ലല്ലോ.)
കണ്ടത്തിൻ കരയിലെ
കല്യാണവീടുകളിലിങ്ങനെ
തലേന്നുവെട്ടുമ്പോൾ
അറിയുന്ന ദൈവമേ
പിഴച്ചൊരീ കാലത്ത്
വാഴയെക്കാൾ വലിയ സൃഷ്ടിയുണ്ടോ?!"

എന്നിങ്ങനെ വരേണ്യവിഭാഗത്തിന്റെ വീടുകളിൽ കൂലിപ്പണിയെടുത്ത് തീറ്റുന്നവനെ ജാതിയുടെ പേരിൽ അകറ്റിനിർത്തുന്നതിനെ കവി പുച്ഛിക്കുന്നു.

വരേണ്യകവിതയോടുള്ള വിമർശനം, ഭാഷയെ വളച്ചുകെട്ടില്ലാതെ ഉപയോഗിക്കൽ, അനാർഭാടമായ എഴുത്തുരീതി, സവിശേഷസ്ഥലങ്ങളും കാലവും കവിതയിൽ അനുഭവപ്പെടുത്തൽ, പുതിയ നൈതികബോധം - എന്നിവയാണ് ആധുനിക ദളിത്കവിതയുടെ മുഖ്യപ്രതിരോധ മാർഗ്ഗങ്ങൾ. മലയാളികളുടെ സാമൂഹികബോധത്തിൽ നിലനിൽക്കുന്ന ജാതീയവും വർഗ്ഗീയവുമായ പിളർപ്പിനെ കവിതകൊണ്ട് നേരിടാൻ ദളിത്കവി ശ്രമിക്കുന്നു. ആഡംബരമില്ലാത്ത ആ ചെറുകവിതകൾ പുതിയ കവിതയുടെ പൂമുഖത്ത് പുതിയ പ്രതിരോധങ്ങൾ സൃഷ്ടിക്കുന്നു. രൂപഭംഗിയും ശബ്ദാഡംബരവും നിറഞ്ഞ കവിതകൾ ആഘോഷവും അത്ഭുതവും പകർന്നുതരുമ്പോൾ ഈ ചെറിയ ആഖ്യാനങ്ങൾ മൺകുടിലിലെ ജീവിതത്തെ മെനഞ്ഞെടുക്കുന്നതിന്റെ സുഖം ആസ്വാദകർക്ക് പകർന്നുനൽകുന്നു. ദളിത് വർഗ്ഗത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രതിരോധം കൂടിയാണ് ഈ ആഖ്യാനകവിതകൾ.

## ഗ്രന്ഥസൂചി


1. ദളിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം, ഡോ. പ്രദീപൻ പാമ്പിരികുന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017
2. ദളിത് പാതകൾ, (എഡി). ബോബി തോമസ്, സൈൻ ബുക്സ്, തിരുവനന്തപുരം, 2010
3. ദളിത് സ്വത്വാവിഷ്കാരം ആധുനികാനന്തര മലയാളകവിതയിൽ, സാബു കോട്ടുക്കൽ നേട്ടപ്പള്ളി ബോഗ്സ്പോട്ട് കോം, 29 -9- 2012
4. ദലിത് തിരിച്ചറിവുകൾ, (എഡി). അജ്ഞ. കെ. നാരായണൻ, (ജന. എഡി.). വി.പി. മാർക്കോസ്, 2009
5. കാതൽ -മലയാളത്തിലെ ദളിത് കവിതകൾ, ഡി സി ബുക്സ്, കോട്ടയം, 2012

SUBALTERN STUDIES

# ശ്രീനാരായണ ഗുരു ദർശനങ്ങളുടെ സ്വാധീനം പണ്ഡിറ്റ് കെ.പി. കറുപ്പൻ മാസ്റ്ററുടെ വ്യവഹാരങ്ങളിൽ

**ഡോ. മുഹമ്മദ് ബഷീർ കെ. കെ.**
അസോസിയേറ്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്
Email: mbkunnummal@gmail.com

**സംഗ്രഹം**

പണ്ഡിറ്റ് കെ. പി. കറുപ്പനെ സംബന്ധിച്ച ജീവചരിത്ര കൃതികളും ഇതര ലേഖനങ്ങളും കൃതികളും കൂടാതെ അദ്ദേഹത്തിന്റെ ഗദ്യ-പദ്യ രചനകളും നിയമസഭാ പ്രസംഗങ്ങളും അടങ്ങുന്ന ദ്വിതീയങ്ങളെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ വ്യവഹാരങ്ങളിലെ ശ്രീനാരായണ ഗുരു ചിന്തയുടെ സ്വാധീനത്തെ സംബന്ധിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്. സോദരചിന്ത, അഹിംസ, സർവ്വമത സാഹോദര്യം, സംഘടിത ശക്തിയായി നിലകൊള്ളൽ, മദ്യവർജ്ജനം, സാർവത്രിക വിദ്യാഭ്യാസം, ആരോഗ്യ-ശുചിത്വ സങ്കൽപ്പങ്ങൾ, യന്ത്രവത്കരണം, വ്യവസായ പുരോഗതി, അദ്വൈത ചിന്ത, ജാതി വിരുദ്ധത തുടങ്ങി നിരവധി മേഖലകളിൽ പണ്ഡിറ്റ് കറുപ്പന്റെ ചിന്തയെ സ്വാധീനിച്ചത് ശ്രീനാരായണഗുരു ദർശനമാണെന്ന് പഠനം ഉപദർശിക്കുന്നു.

**താക്കോൽ വാക്കുകൾ:** തീണ്ടലും തൊടീലും - സോദരചിന്ത - അദ്വൈതദർശനം - സർവ്വമത സാഹോദര്യം - മദ്യവർജ്ജനം - നവോത്ഥാനം

അവശ സമുദായോദ്ധാരണം ജീവിതലക്ഷ്യമാക്കി, അതുതന്നെയാണ് ഈശ്വരസാക്ഷാത്കാരമാർഗം എന്ന ഉറച്ചബോധ്യത്തോടെ പ്രവർത്തിച്ച രണ്ട് സാമൂഹ്യപരിഷ്കർത്താക്കളാണ് പണ്ഡിറ്റ് കെ.പി. കറുപ്പനും ശ്രീനാരായണഗുരുവും. ഗുരുവിനെ സംബന്ധിച്ചിടത്തോളം സാഹിത്യത്തേക്കാൾ ജനങ്ങളെ സ്വാധീനിച്ചത് അദ്ദേഹത്തിന്റെ പ്രവൃത്തികളാണെങ്കിൽ കറുപ്പനെ സംബന്ധിച്ചിടത്തോളം പ്രവൃത്തികളേക്കാൾ കൂടുതൽ സാമൂഹികമാറ്റത്തിന് നിദാനമായത് അദ്ദേഹത്തിന്റെ എഴുത്തും പ്രസംഗവുമാണ്.

"താണാരാധിക്കുവോർക്കൊക്കെയുമുരു
തണലായ് സത്യസന്നാസ നേട്ട-
ത്തുണായ് മിന്നുന്ന നാരായണ പരമഗുരു
സ്വാമി നമ്മൾക്കു ദൈവം." (ശ്രീനാരായണഗുരു, 2013:23)

"ആദർശരൂപനായിട്ടാഗുരുദേവനിന്നു
ഈ നവയുഗത്തിന്റെ ജീവനായി ജയിക്കുന്നു
അതിനാൽ തൽപ്രതിഷ്ഠിതാദർശ പ്രചാരത്തിൽ
മതിവയ്ക്കുകയാവും നമ്മുടെ കരണീയം." (ശ്രീനാരായണഗുരു സമാധി,2013: 501)

"ഗുരുദേവാദർശങ്ങൾ മണ്ണുള്ളകാലമെല്ലാം
ഗുരുഭൂതികൾക്കായി വിജയിക്കാകേണമേ!." (ശ്രീനാരായണഗുരു സമാധി,2013:502)

"വർണ്ണം നാലിന്റെ ഞെക്കോടിതര മതമദോന്മർ തൻ ഞെക്കുകൊണ്ടുൾ-
ദ്ദെണ്ണം കൊള്ളുന്ന വർണ്ണപ്രജകളുടെ മന-
സ്താപ മാറ്റുന്ന ദേവൻ." (ശ്രീനാരായണഗുരു,2013:23)

"കാരുണ്യം കൂടാതെ ജാതിതാൻ നിർമ്മി-
ദാരുണമായ കുഴിയിൽ വീണു കേഴുന്ന
ഞങ്ങൾക്കു സ്വാമിസന്ദേശങ്ങൾ
കേവലമജ്യോതിസ്സായ്ത്തീർന്നീടട്ടെ!
എണ്ണവും വണ്ണവും കൂടാതെ ജാതിതൻ
ദണ്ഡനമോരോന്നും ഏറ്റുകൊണ്ട്
നാളുകൾ പോക്കുന്ന ഞങ്ങളെ
പോക്കുവ ആളുകളുണ്ടായിരുന്നതിന്നും
വർഗ്ഗപരിഷ്കാരമാകുന്ന നൂതന-
സ്വർഗ്ഗത്തിൽ ഞങ്ങളെ ഏറ്റുവാനും." (സമാധിദിനാചരണം)
നാരായണഗുരുദേവന്റെ കാരുണ്യം പോരുമെന്നുള്ള വാദം.

സർഗ്ഗശേഷിയെ സാമൂഹികമാറ്റത്തിനുള്ള ശക്തമായ ഉപാധിയായി തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്ത നവോത്ഥാനനായകനാണ് പണ്ഡിറ്റ് കെ.പി. കറുപ്പൻ. ഇരുപതാം വയസ്സിൽ, 1905 ൽ തുടങ്ങി അമ്പത്തിമൂന്നാം വയസ്സിൽ, അഥവാ 1938 വരെ മാത്രം നീണ്ടുനിന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിന് പരമപ്രധാനമായ രണ്ടു ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. അവശ സമുദായോദ്ധാരണവും അതിന്റെ തന്നെ ഭാഗമായ ജാതിവിവേചനങ്ങൾക്കെതിരായുള്ള പോരാട്ടങ്ങളുമാണവ.

ഹൈന്ദവ - ക്രൈസ്തവ - ബുദ്ധ- ഇസ്ലാം മതദർശനങ്ങൾ, ഉന്നതമായ ജനാധിപത്യചിന്ത, ശാസ്ത്രാവബോധം. മനുഷ്യാവകാശങ്ങളെ സംബന്ധിച്ച ഉയർന്ന ബോധ്യം, സോഷ്യലിസ്റ്റ്


ISSN: 2582 - 2594

കാഴ്ചപ്പാട്, അഹിംസ - അടിസ്ഥാന വിദ്യാഭ്യാസം തുടങ്ങിയ ഗാന്ധിയൻ കാഴ്ചപ്പാടുകൾ, മതം-വിദ്യാഭ്യാസം- സംഘടിത സാമൂഹ്യജീവിതം - തുടങ്ങിയവയെ സംബന്ധിച്ച ശ്രീനാരായണ ദർശനങ്ങൾ എന്നിവയൊക്കെച്ചേർന്ന് സൃഷ്ടിച്ച വിശ്വമാനവികതയുടെ ആൾരൂപമായിരുന്ന പണ്ഡിറ്റ് കെ.പി. കറുപ്പൻ മാസ്റ്റർ.

വിദ്യനേടി വിമോചിതരാവുകയെന്നത് പാർശ്വവത്കൃത-കീഴാള ജനവിഭാഗങ്ങളോട് മരണം വരെ എഴുതിയും സംസാരിച്ചും ജീവിതവ്രതം തന്നെയാക്കിയെടുത്തിരുന്ന അദ്ദേഹം. പഠനത്തിൽ മികവ് പുലർത്തുന്ന ഏതൊരു കുട്ടിക്കും സാമ്പത്തികശേഷിയില്ലാത്തതുകൊണ്ട് മാത്രം ഉന്നതപഠനം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിന് എന്ത് വിലകൊടുത്തും അദ്ദേഹം പരിഹാരം കണ്ടിരുന്നു. വലിയ ജാഗ്രതയാണ് അദ്ദേഹം ഇക്കാര്യത്തിൽ പുലർത്തിയത്. വിദ്യാലയങ്ങൾ സ്ഥാപിച്ചും ഫീസിളവുകൾ സമ്മർദ്ദം ചെലുത്തി വാങ്ങിച്ചെടുത്തും ഹോസ്റ്റലുകൾ സ്ഥാപിച്ചും ജാതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധഃകൃതർക്ക് പ്രവേശനം ലഭ്യമാക്കിയും ഗുരുചിന്തയെ പ്രവൃത്തിപഥത്തിൽ എത്തിച്ചു.

സംഘടിച്ച് ശക്തരാവാനുള്ള ഗുരുവിന്റെ ആഹ്വാനവും അധഃകൃതരുടെ രക്ഷാമാർഗ്ഗമായിത്തന്നെ കറുപ്പൻ സ്വീകരിച്ചു. അതിലേക്കുള്ള നാൾവഴികൾ എത്ര ദുഷ്കരമായിരുന്നുവെന്ന് പുലയ മഹാസഭയുടെ രൂപീകരണം ഒന്നുമാത്രം പരിശോധിച്ചാൽ വ്യക്തമാവും. പരിഹാസം, അപവാദപ്രചാരണങ്ങൾ, ഭീഷണി, കയ്യേറ്റം, സ്ഥലസാധന വിഭവങ്ങൾനിഷേധിക്കൽ എന്നിങ്ങനെ സവർണ-വരേണ്യ-അധികാര വർഗ്ഗം: അവരുടെ ആവനാഴിയിലെ എല്ലാ ആയുധങ്ങളും കീഴാള സംഘടിതയത്നങ്ങളെ ഇല്ലാതാക്കാൻ പ്രയോഗിച്ചിരുന്നു. കറുപ്പൻ മാസ്റ്ററുടെ വൈഷണികതയും ഭാഷാശേഷിയും വ്യക്തിപ്രഭാവവും എതിർപ്പുകളെ അതിജീവിക്കാൻ കീഴാളർക്ക് കരുത്തായി.

**1. മനുഷ്യരെല്ലാം ഒരൊറ്റ ജാതി**

ജാതിക്കുമ്മി മുതലുള്ള പണ്ഡിറ്റ് കെ. പി. കറുപ്പന്റെ എഴുത്തുജീവിതത്തിലും വാമൊഴി വ്യവഹാരങ്ങളിലും ആദ്യന്തം പ്രതിഫലിക്കുന്ന ഒന്നാണ് മനുഷ്യരെല്ലാം ഒരൊറ്റ ജാതിയെന്ന ശ്രീനാരായണ ഗുരുദർശനം. ജാതിക്കുമ്മിയിലെനിരവധി ശ്ലോകങ്ങൾ ഈ ചിന്തയുടെ പ്രതിഫലനങ്ങളാണ്.

"എല്ലാവരും നമ്മൾ മാനുഷന്മാ-
രല്ലാതെ മാടും മരവുമല്ല; വല്ലായ്മപോക്കുക,
ശാസ്ത്രീയമാം ജാതി ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണേ!-
ഒരു നല്ല ജാതിയതു ജ്ഞാനപ്പെണ്ണേ!" (ജാതിക്കുമ്മി)

**സോദരചിന്ത**

"ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് "-ലോകത്തെ മുഴുവൻ സമൂഹവും പരസ്പര വിദ്വേഷമോ വിവേചനമോ ഇല്ലാതെ സാഹോദര്യത്തോടുകൂടി വാഴുന്ന ലോകം പുലർന്നു കാണാൻ ആശിക്കുകയും യത്നിക്കുകയും ചെയ്ത ഗുരുവിലും കറുപ്പനിലും ആ ചിന്ത മനുഷ്യരെയും കടന്ന് സർവ്വചരാചരങ്ങളിലേക്കും

വ്യാപിക്കുന്നുണ്ട്. മനുഷ്യമരണത്തിലെന്നപോലെ കിളിയുടെ ചരമത്തിലും വിലപിക്കുന്നുണ്ട് മാസ്റ്ററുടെ കവിത. തീണ്ടലും തൊടീലും പറഞ്ഞ് പരസ്പരം അകറ്റിനിർത്തിയിരുന്നവർ ഒരു ബെഞ്ചിലിരുന്ന് പഠിക്കുന്നതു കാണുന്നതിനേക്കാൾ ആഹ്ലാദകാരിയായ ഒരു കാഴ്ച അദ്ദേഹം അനുഭവിക്കുന്നില്ല. പണ്ഡിറ്റ് കറുപ്പന്റെ തിരുനാൾക്കുമ്മിയിൽ തന്റെ പ്രവർത്തനങ്ങൾക്ക് ഫലം കണ്ടതിന്റെ ചാരിതാർത്ഥ്യം ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നത് കാണാം.

"നായരു കുട്ടിയും നായാടിക്കുട്ടിയും
ഈ അരചന്റെ കനിവിനാലെ
പുഞ്ചിരിതൂകിയടുത്തു മുട്ടിയൊരു
ബഞ്ചിലിരുന്നു പഠിച്ചിടുന്നു."

**അദ്വൈതചിന്ത**

ഗുരുദേവനെപ്പോലെ സൃഷ്ടിയിലും സ്രഷ്ടാവിലും ഉള്ളതു ഒരേ ചൈതന്യമാണെന്ന വിചാരം ജാതിക്കുമ്മി മുതലുള്ള കവിതകളിൽ കാണാം. ഗുരുവിനെപ്പോലെത്തന്നെ വ്യത്യസ്തമതങ്ങൾ സാക്ഷാത്കരിക്കുന്നത് ഒരേ ദൈവത്തെത്തന്നെയാണെന്ന് കറുപ്പനും വിശ്വസിച്ചിരുന്നു. ക്രൈസ്തവ-ബുദ്ധ മതദർശനങ്ങളിലെ സഹോദര കാഴ്ചപ്പാടുകളും ഏകദൈവവിശ്വാസവും അദ്ദേഹത്തെ ആകർഷിക്കുകയും അവയെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹം കവിതകൾ എഴുതുകയും ചെയ്തു. ക്രൈസ്തവ ഇസ്ലാം ദർശനങ്ങളിലെ സമത്വ ആശയത്തെ മുൻനിർത്തി ഹൈന്ദവതയിലെ അനാചാരങ്ങളെ നിന്ദിക്കുന്നു.

"സാധുവാം മീൻപിടുത്തക്കാരന്റെ ചെന്താരിണ
ചേവടികളെ മുന്നം ധാടിയിലേറ്റ നിങ്ങൾ
സർവ്വസാഹോദര്യത്തെപ്പാടിയ
ക്രിസ്തീയാദർശങ്ങളെത്തെളിയിച്ചു."

'ഗൗതമബുദ്ധനെന്ന ഭൂലോകമഹാഗുരു
ഭൂതന്റെ ദിവ്യസാന്നിധ്യത്തിനാലോ സുഖിക്കുന്നു.'

പ്രവാചക ചരമവിലാപത്തിലും ഇതു കാണാം "ജീവിതപസ്ഥാവിൽസോദരസ്നേഹമാം പൂവിന്റെ സൗരഭ്യം ചേർത്തതാരോ"

അണ്ണാറക്കണ്ണന്റെയും ആറ്റക്കിളിയുടെയും ചരമത്തിൽ വിലപിക്കുന്ന ദർശനം പോസ്റ്റ് ഹ്യൂമൻ കാഴ്ചപ്പാടാണ്. ജന്തുബലിയെ അന്ധവിശ്വാസമായി കണ്ട് അതുപേക്ഷിക്കാൻ ആഹ്വാനം ചെയ്തു. ശ്രീനാരായണഗുരു; പ്രതിഷ്ഠയിലൂടെ നാണയപ്പെടുത്തിയ സ്നേഹം, ദയ, കരുണ, സത്യം എന്നീ മൂല്യങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തുകയും മറ്റുള്ളവരിലേക്കത് വാക്കിലൂടെയും


ISSN: 2582 - 2594

എഴുത്തിലൂടെയും പകരുകയും ചെയ്ത പണ്ഡിറ്റ് കറുപ്പനിലെ ശ്രീനാരായണഗുരു സ്വാധീനം അവിടംകൊണ്ടും നിൽക്കുന്നില്ല. വ്യവസായങ്ങളും വിദ്യാലയങ്ങളും തുടങ്ങാൻ പ്രേരിപ്പിച്ച ഗുരുദേവന്റെ വാക്കുകൾ ഉൾക്കൊണ്ടുകൊണ്ട് സമുദായാംഗങ്ങളോട് പാരമ്പര്യ മത്സ്യബന്ധന രീതികളെ ആധുനീകരിക്കാനും അതിനെ വ്യവസായമാക്കി മാറ്റാനും ഫിഷറീസ് സ്കൂളുകളിൽ ആധുനിക മത്സ്യബന്ധന പ്രായോഗികാനുഭവങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും അദ്ദേഹം പരിശ്രമിക്കുകയും വിജയിക്കുകയും ചെയ്യുന്നുണ്ട്.

**കണ്ണാടിപ്രതിഷ്ഠയും കായൽക്കര സമ്മേളനവും**

1927 ജൂൺ 14ന് ഗുരു കളവങ്കോടത്ത് ക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠ നടത്തി. ശ്രീനാരായണഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയ സംഭവത്തിന്റെ രാഷ്ട്രീയചരിത്രത്തോട് സമാനത പുലർത്തുന്ന ഒന്നാണ് പണ്ഡിറ്റ് കറുപ്പൻ 1916 ൽ നടത്തിയ കായൽക്കര സമ്മേളനം. ഭൗതികതലത്തിൽ അവർണ്ണർക്ക് പുതിയൊരു ഇടത്തെ പ്രദാനം ചെയ്തതാണ് അതിലെ രാഷ്ട്രീയസമാനത. കണ്ണാടിപ്രതിഷ്ഠ, സവർണ്ണ പൗരോഹിത്യത്തെ വെല്ലുവിളിച്ച്, വ്യക്തിക്കു പുറമേ നിൽക്കുന്ന വിഗ്രഹരൂപം പൂണ്ട ഈശ്വരനു പകരം അവനവന്റെ ഉള്ളിൽ തന്നെയാണ് ഈശ്വരൻ എന്ന ദർശനത്തെ പ്രതീകവത്കരിക്കുകയും ചെയ്യുന്നു.

**കായൽസമ്മേളനം**

പൊതുവിടം നിഷേധിച്ച കീഴാളർക്ക് ലഭിച്ച പുതിയൊരിടമാണ് ജലോപരിതലത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ കരയെന്നു പറയാം. പുതിയൊരു പ്രതിരോധതന്ത്രമാണ്. പുതിയൊരു ബദൽ സൃഷ്ടിക്കപ്പെടലാണ്. ജലോപരിതലത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ കര ഒരു ജനതയുടെ രാഷ്ട്രീയ ഇച്ഛാശക്തിയുടെയും പ്രതിരോധ സമരത്തിന്റെയും പ്രതീകമാണ്.

**മുരുക്കുംപുഴയിലെ സത്യം, ധർമ്മം, ദയ, നീതി എന്ന നാണയ രൂപ പ്രതിഷ്ഠ**

സമരപ്രക്ഷോഭ പഥങ്ങളിൽ ഗാന്ധിജിയുടെ അഹിംസാ-സഹന ചിന്താപദ്ധതികൾ കറുപ്പനെപ്പോലെ പ്രാവർത്തികമാക്കിയ മറ്റൊരു സാമൂഹ്യപരിഷ്കർത്താവിനെ കണ്ടുകിട്ടുക പ്രയാസമാണ്. പണ്ഡിറ്റ് കറുപ്പന്റെ ധൈഷണികത ഉരുത്തിരിയിച്ചെടുത്ത സമരപദ്ധതികളുടെ പാത സമാധാനപരവും ശാശ്വതവും ഫലപ്രദവും ആയിരുന്നുവെന്ന് പറയാം. സംഘടിത ശേഷിയുടെ സംഘർഷപരവും വന്യവും ആസുരവുമായ സംഹാരശേഷിയെ ഉണർത്താനും അക്രമങ്ങളിലേക്ക്, വഴിതിരിച്ചുവിട്ട് പെട്ടെന്ന് വിജയങ്ങളുണ്ടാക്കാനും അദ്ദേഹം ശ്രമിച്ചില്ല. അത്തരം വിജയങ്ങൾക്ക് സാമൂഹികപിന്തുണ കുറയുമെന്നും വിജയഫലങ്ങളെ ശാശ്വതമായി നിലനിർത്താൻ വിഷമകരമായിരിക്കുമെന്നും അവ സമൂഹത്തിൽ എപ്പോഴും നീറ്റലും പുകച്ചിലും ഉണ്ടാക്കുമെന്നും ആ ക്രാന്തദർശി തിരിച്ചറിഞ്ഞതിന്റെ ഫലമാണ് സ്വന്തമായൊരു സമരപദ്ധതി വികസിപ്പിച്ചെടുത്തത്. പണ്ഡിറ്റ് കറുപ്പനെ സംബന്ധിച്ചിടത്തോളം സാഹിത്യരചനയെന്നത് ശക്തമായ രാഷ്ട്രീയ പ്രവർത്തനമായിരുന്നു. അവയെ നമുക്ക് 'നിവേദനസാഹിത്യങ്ങൾ'എന്ന് വിശേഷിപ്പിക്കാം. സംഘടിത ബലപ്രയോഗത്തിന്റെ പ്രത്യക്ഷരീതിയെക്കാൾ ശാശ്വതവും ഫലപ്രദവുമായ മനോഭാവമാറ്റങ്ങളിലേക്കാണ് അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞത്. വ്യക്തിയുടെ വൈകാരിക മണ്ഡലത്തെ സ്വാധീനിക്കാനും അവിടെ പരിവർത്തനങ്ങൾ സാദ്ധ്യമാക്കാനും കഴിയുന്ന സമരായുധമാണ് സാഹിത്യമെന്ന് അദ്ദേഹത്തിന്റെ ചിന്ത തിരിച്ചറിഞ്ഞിരുന്നു.

അതിൽ തന്നെ നാടൻ ശീലുകൾക്കും നാടകത്തിനും ഇതരസാഹിത്യ വ്യവഹാര രൂപങ്ങ ളെക്കാൾ ശക്തിയും സംവേദനക്ഷമതയുമുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി. ജാതിക്കുമ്മിക്ക് കുമ്മിയടിപ്പാട്ടിന്റെ രീതിയും താളവും കൈവന്നതും ബാലാകലേശം നാടകമായതും യാദൃശ്ചി കമല്ല, സോദ്ദേശ്യപരമാണെന്നർത്ഥം.

മനുഷ്യാവകാശത്തെ സംബന്ധിച്ചും മാനവികതയെ സംബന്ധിച്ചും സ്വാതന്ത്ര്യ-സമത്വ -സാഹോദര്യ-ജനാധിപത്യ ആശയങ്ങളെ സംബന്ധിച്ചും കറുപ്പൻ സ്വാംശീകരിച്ച നിലപാ ടുകളാണ് സമയാസമയങ്ങളിൽ യുക്തമായി പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയ ത്. തീണ്ടലും തൊടിലും ഭരണകൂടവും സമൂഹവും അംഗീകരിച്ച അനുശീലനമായി ആചരിച്ചു പോരുന്ന ഒരു സമൂഹത്തിലേക്കാണ് ബാലാകലേശം പോലുള്ള നാടകരചന കടന്നുവന്ന് ആചാരങ്ങളിലെയും ശീലങ്ങളിലെയും തെറ്റും ശരിയും വിചാരണ ചെയ്യുന്നത്. പൊതുവഴി യിലൂടെ നടന്നതിന്റെ പേരിൽ ദലിത് യുവാവിനെ ആക്രമണത്തിനിരയാക്കിയ സവർണ്ണ വരേണ്യർക്ക് നാടുകടത്തലും വധശിക്ഷയും വിധിക്കുന്നത്. സവർണവരേണ്യതയുടെ കോട്ട കൊത്തളങ്ങളെ പിടിച്ചുകുലുക്കിയ ഈ നാടകരചന എത്രമാത്രം വിധ്വംസകമായിരുന്നുവെ ന്നറിയാൻ ഡോ. പല്പുവിന്റെ ഈ പ്രതികരണം നോക്കിയാൽ മതി. “ഇതെഴുതിയശേഷവും നിങ്ങളെ സർക്കാരുദ്യോഗത്തിൽ വെച്ചുകൊണ്ടിരുന്നോ? എന്നാണ് ഡോ. പല്പു മി.കറുപ്പനോട് ചോദിച്ചത്.” (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം - 281)

**സാമൂഹ്യപരിഷ്കരണ ചിന്തകൾ**

പാർശ്വവത്കൃത കീഴാള സമുദായങ്ങളുടെ സാമൂഹ്യപുരോഗതിക്ക് അവശ്യം വേണ്ട ഘട കങ്ങളെ സംബന്ധിച്ചും പ്രക്രിയകളെ സംബന്ധിച്ചും കൃത്യമായ ധാരണ പണ്ഡിറ്റ് കറുപ്പനു ണ്ടായിരുന്നു.

- വ്യക്തിയെന്ന നിലയിലും സമുദായം എന്ന നിലയിലും മതിപ്പും ആത്മാഭിമാനവും ഉണ്ടാക്കൽ.
- വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ.
- മദ്യപാനം, സാമ്പത്തികദുർവ്യയം, ധനനഷ്ടവും സാമ്പത്തികബാധ്യതയും ഉണ്ടാക്കുന്ന ആചാരങ്ങൾ എന്നിവ ഉപേക്ഷിക്കൽ.
- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളൽ.
- പാരമ്പര്യമായി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലുകളെ ആധുനികവത്കരിക്കൽ.
- നേതൃത്വങ്ങൾക്കുകീഴിൽ സംഘടിത സാമുദായികശക്തിയായി നിലകൊള്ളൽ.
- ശാസ്ത്രീയമനോഭാവം ആർജ്ജിക്കൽ.
- സ്വസമുദായങ്ങളിൽ നിന്നു തന്നെ നേതൃത്വത്തെ ഉണ്ടാക്കൽ.
- സർക്കാരിൽ ആനുപാതികമായി പ്രാതിനിധ്യം ഉണ്ടാകൽ.
- ജനാധിപത്യമൂല്യങ്ങൾ, അവകാശബോധം, സഹോദരസ്നേഹം, സമുദായ സേവന മനോഭാവം, മാനവികതാദർശനം, ഈശ്വരചിന്ത എന്നിവയാർജ്ജിക്കൽ.

കറുപ്പന്റെ വൈവിധ്യമാർന്ന സാമൂഹികപരിഷ്കരണ വ്യവഹാരങ്ങൾക്ക് നിയാമകമായി


ISSN: 2582 - 2594

വർത്തിച്ചത് ശ്രീനാരായണ ഗുരുദേവൻ സ്വന്തം ജീവിതത്തിൽ പകർത്തി പ്രായോഗികമാക്കി കാണിച്ചു കൊടുത്ത അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ബോദ്ധ്യങ്ങൾ ആയിരുന്നു. സമുദായസംഘടനാ രൂപീകരണത്തിനുശേഷം തന്റെ എല്ലാ വ്യവഹാരങ്ങളുടെയും ദിശ സാമുദായിക ഉന്നമനം എന്നതിലേക്ക് സമന്വയിപ്പിക്കുന്നുണ്ട്. അതിനുശേഷമുള്ള തന്റെ എല്ലാ സാഹിത്യരചനകളിലും സമകാലികവിഷയങ്ങളാണ് കവിതയുടെ പ്രമേയങ്ങളായി വരുന്നത് എന്നതും രചനകൾ വിപ്ലവാത്മകമാകുന്നു എന്നതിനോടൊപ്പം ഭാഷയെ അതിനനുസരിച്ച് നവീകരിക്കുന്നതിലും അദ്ദേഹം ജാഗ്രത പുലർത്തുന്നുണ്ട്. സാധാരണക്കാരായ ജനങ്ങളെ ലക്ഷ്യവേദിയാക്കുന്നതു കൊണ്ടു തന്നെ അത്തരം കവിതകളുടെ ഭാഷ, താളം, സംഗീതാത്മകത എന്നിവയെല്ലാം. ജനപ്രിയഘടകങ്ങളെ മുൻനിർത്തി ആവിഷ്കരിച്ചുകൊണ്ട് കവിതയിലേക്കും ഇതരരചനകളിലേക്കും സ്വാംശീകരിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.

വാലസമുദായത്തിന്റെ സമുൽക്കർഷത്തെ ലക്ഷ്യമാക്കി പണ്ഡിറ്റ് കറുപ്പൻ ആദ്യമായി സ്ഥാപിച്ച സമുദായസംഘടനയായിരുന്നു വാലസമുദായ പരിഷ്കരണിസഭ. വാലന്മാരുടെ സാമുദായികാചാരങ്ങളിലും വിശ്വാസങ്ങളിലും പുരോഗമനാത്മകങ്ങളായ വലിയ പരിവർത്തനങ്ങൾ വരുത്തുവാൻ ഈ മഹാസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം 274 -275)

സമുദായം ആധുനികവിദ്യാഭ്യാസത്തിൽ ഉയരണമെന്നുള്ളതും അദ്ദേഹത്തിന്റെ വലിയൊരു ആശയായിരുന്നു. അക്കാലത്തു ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്ന എല്ലാ വാല വിദ്യാർത്ഥികളെപ്പറ്റിയും അദ്ദേഹം അന്വേഷിക്കുകയും അവരുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നിരുന്നു. സമുദായത്തിൽനിന്ന് കുറെ പേരെങ്കിലും ബി.എ.യും ബി.എല്ലും ജയിച്ചവരായി കണ്ടു മരിക്കുവാൻ സാധിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ മികച്ച ആശ. (എന്റെ സ്മരണകൾ, പി.കെ. ഡീവർ, പുറം 276-277) കൗമാരയൗവനകാലങ്ങളിൽ വിദ്യതേടി പല തീർത്ഥാടനങ്ങളും ചെയ്തിട്ടുള്ള കറുപ്പൻ മാസ്റ്ററർക്ക് വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരെ കണ്ടുപിടിക്കുന്നതിലും അവരെ കൈകൊടുത്തു കയററിക്കൊണ്ടുവരുന്നതിലും പ്രത്യേക താൽപ്പര്യം ഉണ്ടായിരുന്നു. മൂന്നാം ഫാറത്തിൽ പഠിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുകയും സംസ്കൃതത്തിൽ ചോദിച്ചകാര്യങ്ങൾക്ക് സംസ്കൃതത്തിൽ മറുപടി പറയുകയും ചെയ്ത പി. കേശവൻ എന്ന വിദ്യാർത്ഥിയുടെ രക്ഷാധികാരിത്വം ഏറെറടുത്ത് 1927 -ൽ കൊച്ചീതിരുവിതാംകൂർ സംസ്ഥാനങ്ങളിലെ ആദ്യത്തെ ധീവര ബിരുദധാരിയാക്കിത്തീർത്തതാണ് ഇതിന് ഏറ്റവും വലിയ ഉദാഹരണം.

സാമൂഹികമായ കെട്ടുറപ്പില്ലാതെ കുത്തഴിഞ്ഞുകിടന്നിരുന്ന വാല സമുദായത്തെ (ധീവര സമുദായത്തെ) സംഘടിപ്പിച്ച് ശക്തിപ്പെടുത്തുവാനും അവരിൽ സ്വാഭിമാനം വളർത്തുവാനുമാണ് അദ്ദേഹം ആദ്യം ശ്രമിച്ചത്. അതിനായി ശ്രീനാരായണ ധർമ്മപരിപാലന സംഘത്തിന്റെ മാതൃക സ്വീകരിച്ച് ആനാപ്പുഴയിൽ കല്യാണദായിനി സഭയും, തേവരയിൽ വാലസമുദായ പരിഷ്കരണിസഭയും, വടക്കൻ പറവൂരിൽ പ്രബോധചന്ദ്രോദയം സഭയും, ഇടക്കൊച്ചിയിൽ ജ്ഞാനോദയം സഭയും, ഏങ്ങണ്ടിയൂരിൽ അരയവംശോദ്ധാരണി മഹാസഭയും കുമ്പളത്ത് സന്മാർഗ്ഗ പ്രദീപസഭയും ആലപ്പുഴയിൽ കല്യാണദായിനി സഭയും സ്ഥാപിച്ച് സമുദായാംഗങ്ങളെ ശക്തരാക്കുകയും സംഘടനാപ്രവർത്തനങ്ങൾ വ്യാപകമാക്കുകയും ചെയ്തു. ഇതിനും

പുറമെ കൊച്ചിയിലും മലബാറിലും തിരുവിതാകൂറിലും വിവിധ പേരുകളിൽ വിവിധ രൂപത്തിൽ നടത്തിയിരുന്ന സമുദായോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഒരേകീകൃത രൂപമുണ്ടാക്കുവാൻ 'അരയവംശോദ്ധാരിണി' എന്ന പേരിൽ ഒരു കേന്ദ്രസംഘടന രൂപീകരിക്കുന്നതിലും മുഖ്യ പങ്കുവഹിച്ചു. ഇത്തരത്തിലുള്ള ജാതിസംഘടനകളാണ് കേരളീയനവോത്ഥാനത്തിന്റെ അടിസ്ഥാന ശിലകളായി വർത്തിച്ചത്. സഭകൾ സ്ഥാപിച്ച് സമുദായാംഗങ്ങളെ സംഘടിപ്പിയ്ക്കുന്നതോടൊപ്പം, നിരവധി യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങളിലൂടെ കഴിഞ്ഞകാലങ്ങളിൽ ധീവരർക്കുണ്ടായിരുന്ന സ്ഥാനവും തങ്ങളുടെ തൊഴിലിന്റെ മഹത്വവും എണ്ണിയെണ്ണിപ്പറഞ്ഞ് അവരിൽ ആത്മാഭിമാനവും വളർത്തി; അന്യോന്യമുള്ള പക, അസൂയ എന്നിവ ഉപേക്ഷിച്ച് വിദ്യയിലൂടെ വിജ്ഞരാകുവാൻ ഉദ്ബോധിപ്പിച്ചു. സമുദായാംഗങ്ങളുടെ ഉയർത്തെഴുന്നേല്പിന് വേണ്ടുന്ന ഊർജ്ജവും ഉണർവ്വും എപ്പോഴും പകർന്നുകൊണ്ടിരുന്നു.

ശൈശവവിവാഹം, ബഹുഭാര്യത്വം, വിവാഹധൂർത്ത്, പ്രസവിച്ച ഉടനെ അമ്മയെയും കുഞ്ഞിനെയും കുടിലുകെട്ടി മാറ്റി പാർപ്പിക്കൽ തുടങ്ങിയവയെ ലേഖനങ്ങളിലൂടെ എതിർക്കുകയും പ്രായപൂർത്തിവിവാഹത്തിനും പ്രസവം ആശുപത്രിയിലാക്കുന്നതിനും ഉപദേശിക്കുകയും ചെയ്തു. സാമുദായിക ജീവിതത്തിലെ പൗരോഹിത്യമേധാവിത്വത്തിന് അവസരം കൊടുക്കാതിരിക്കാനും അദ്ദേഹം ശ്രദ്ധിച്ചു.

“പൂജാവിധികൾ പഠിച്ചിട്ടില്ലെങ്കിലും; ദേഹശുദ്ധിയും മനഃശുദ്ധിയും ഈശ്വരഭക്തിയും ഉള്ള ഏതു സാധുക്കൾക്കും മേൽപ്പറഞ്ഞവിധം വിവാഹപൂജ നടത്താൻ വിരോധമില്ല. ഛായകൾ ഒന്നും കിട്ടിയില്ലെങ്കിൽ, വിളക്കു വെച്ച് വിളക്കിൽ ഇഷ്ടദേവതയെ ധ്യാനിച്ചാൽ മതി." (പിറപ്പും പേർ വിളിയും, പണ്ഡിറ്റ് കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ 2, പുറം 120)

1928 മെയ് 20ന് കൊടുങ്ങല്ലൂർ നിന്നും പി.കെ. ഡീവറിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച ധർമ്മകാഹളത്തിന്റെ പ്രഥമലക്കത്തിൽ പ്രസിദ്ധീകരിച്ച ധർമ്മകാഹളം എന്ന കവിതയിൽ കവിയുടെ പത്രധർമ്മചിന്തയും ജാതിവിരുദ്ധ മനോഭാവവും ധർമ്മസമരത്തെ സംബന്ധിച്ച നിലപാടും സുവ്യക്തമാണ്.

“അനാചാരമദലഹരിയാൽ ധർമ്മ –
മനാദരിച്ചേതും പ്രവർത്തിക്കുന്നവർ,
അബദ്ധവിശ്വാസ ച്ചെകുത്താൻ ബാധിച്ചി -
ട്ടനുജരെ ദൂരെ വിലക്കിടുന്നവർ,
അഹോ! മഹാജാതി പിശാചിൻ കീഴ്പ്പെട്ടു
സഹോദര സ്നേഹം മറന്നു പോയവർ,
ഇരിക്കും കൊമ്പിന്റെ കട, മഴു കൊണ്ടു
ശരിക്കു കൊത്തിടും വിവേകശൂന്യന്മാർ,
അതിനാൽ ധീരരെ! മഹോദ്യമമാകും
അരിയവാളൂരിപ്പിടിച്ചു കൊള്ളുക!
വിജയമൊന്നുകിൽ മരണമല്ലെങ്കിൽ

വിരവിലൊന്നു കൈവരുന്നതുവരെ

ഒരു മനസ്സായി 'സ്സഹന ' പേരെഴു-

മടറ്റനെന്നുടെ സഹജർ പോകുവിൻ!" (ധർമ്മകാഹളം)

ധർമ്മസമരത്തിൽ പുലർത്തേണ്ട അഹിംസയുടെ ചിന്ത ഈ കവിതയിൽ തെളിഞ്ഞു നിൽക്കുന്നു.

"ഒരുമ നമ്മളെയുയർത്തും നേടുവാ-

നൊരു വരുമില്ലെന്നറിഞ്ഞിരിക്കണം.

കടുത്തില കുന്തം നെടുവാൾ തോക്കുമാ-

യടുത്തു നീചന്മാർ വരികിലന്നേരം

കരങ്ങളും കെട്ടിയൊരുമിച്ചു നിന്നു

കരഞ്ഞെന്നാൽ മതിയവരെ വെല്ലുവാൻ.

ശരിക്കും നമ്മുടെ മിഴിനീർക്കായലിൽ

മരിക്കുവാനേയുള്ളവരെല്ലാം കൂടി.....

....'അഹിംസ' യെത്തെല്ലും മറന്നു പോകാതെ

സഹനപ്പോരിനൊന്നൊരുങ്ങി കൊണ്ടെന്റെ

സഹജന്മാർ മുന്നോട്ടുഴറിക്കൊള്ളുവിൻ."

കുറത്തിപ്പാട്ടിൽ ധീവരകുലത്തിന് വന്ന അപചയത്തിന്റെ കാരണം വിദ്യഇല്ലായ്മയാണെന്ന് ഓർമ്മപ്പെടുത്തുന്നു. ഗ്രന്ഥപാരായണത്തിലും ശ്രദ്ധപതിപ്പിക്കണമെന്ന് ഉപദേശിക്കുന്നു. പാലക്കാട്ടിൽ അന്യസമുദായക്കാർ വേഴ്ചയ്ക്ക് മടിക്കുന്നതിൽ നമ്മുടെ വൃത്തിയില്ലായ്മയും കാരണമാണെന്ന് കുറ്റപ്പെടുത്തുന്നു. വ്യക്തിശുചിത്വം പാലിക്കാനും വീടും പരിസരവും ശരിയാക്കാനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ആരോഗ്യമാണ് ധനം എന്ന് ഓർമ്മപ്പെടുത്തുന്നു. തുള്ളൽപ്പാട്ടിൽ സമ്പാദ്യശീലം ജീവിതവിജയത്തിന് ആവശ്യമാണെന്ന് ഉപദേശിക്കുന്നു. താലികെട്ട്, അടിയന്തരം തുടങ്ങിയ അനാവശ്യ അനാചാരങ്ങൾക്ക് പണം ദുർവ്യയം ചെയ്യരുതെന്നും ഉപദേശിക്കുന്നു. ഗാഥയിൽ മദ്യപാനം ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്യുന്നു.

"ഓർത്തിടിൽ നമ്മുടെ വംശത്തെയിത്രയും

താഴ്ത്തിയ സാധനം കള്ളാകയാൽ

നമ്മുടേ വർഗ്ഗത്തിൽ നിന്നാ വിഷദ്രവ്യം

സമ്മോദാലാട്ടി യകറ്റിടുവിൻ!"

ആരാധനാലയങ്ങളിലെ ജന്തുബലിയെയും ഉപേക്ഷിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രായം നോക്കാതെയുള്ള വിവാഹത്തെ വിമർശിക്കുകയും പുരുഷനു 25 ഉം പെൺകുട്ടിക്ക് 16-ഉം വയസ്സ് പ്രായമാകണമെന്ന് ഉണർത്തിക്കുകയും ചെയ്തു. ശൈശവവിവാഹത്തെ നിരോ

ധിക്കുകയും കല്യാണമാണെന്ന് ഓർമപ്പെടുത്തുകയും താഴ്ന്നവരാണെന്ന അപകർഷതാബോധം ഉപേക്ഷിക്കണമെന്നും വ്യത്യാസം കൽപ്പിക്കുന്നത് അനാചാരമാണെന്നും അതിനു വഴങ്ങരുതെന്നും ഓർമ്മിപ്പിക്കുന്നു. ഒരു സമൂഹത്തിനു ഉന്നതിയുണ്ടാകുവാൻ സ്വാഭിമാനം എത്രത്തോളം ആവശ്യമാണെന്ന തികഞ്ഞ ധാരണ കറുപ്പനുണ്ടായിരുന്നു.

"സ്വാഭിമാനമാണേതു ജാതിക്കുമാവശ്യ, മി-
ന്നാഭിജാത്യമുള്ളോരേ പ്രശസ്തന്മാരായിട്ടു
നാമന്യന്മാരേക്കാളും താണവരല്ലെന്നോർത്തു
സാമർത്ഥ്യത്തോടെ നിജധർമ്മവുമനുഷ്ഠിച്ചു
എല്ലാരോടുമെന്നുമേ സാഹോദര്യവുമാർന്നു
സോല്ലാസമുപകാരമാർക്കുമേ ചെയ്തു നിത്യം
കാലാനുകൂലമായ വിദ്യയും കൈക്കലാക്കി-
ക്കോലവും സ്വഭാവവും നന്നാക്കി വെച്ചാദരാൽ
അദ്ധ്വാനിച്ചനുദിനം പ്രവർത്തിക്കേണ, മാർക്കു
മുദ്യമംകൊണ്ടു സർവ്വകാര്യവും സാധിച്ചീടും."

1925ൽ കൊച്ചി നിയമസഭയിൽ മദ്യനിരോധനത്തിനായി കറുപ്പൻ ശബ്ദമുയർത്തുന്നുണ്ട്. കൃത്യമായ ദത്തങ്ങൾ വച്ചുകൊണ്ട് കൊച്ചി സംസ്ഥാനത്തെ പുലയർ ഒരു ദിവസം 7000 ഉറപ്പിക മദ്യം കുടിക്കാൻ ചെലവഴിക്കുന്നുണ്ടെന്ന് അദ്ദേഹം സമർത്ഥിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ അതിനാൽ തന്നെ ലാഭകരമായി നടക്കുന്നില്ലെന്ന് പരാതിപ്പെടുകയും ചെയ്യുന്നുണ്ട്.

ശ്രീനാരായണ ആദർശങ്ങൾ സ്വാംശീകരിക്കുകയും പ്രചരിപ്പിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നതിലൂടെ കേരളസമൂഹത്തിനു പരിഷ്കൃത സമൂഹമായി മാറാനും കേരളദേശത്തിന് പുരോഗമന പരിഷ്കൃത ദേശമായി നിലകൊള്ളാനും സാധിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനനുസരിച്ച് ജീവിതവും പ്രവൃത്തികളും ചിട്ടപ്പെടുത്തുകയും ചെയ്ത വ്യക്തിയാണ് ശ്രീ. പണ്ഡിറ്റ് കെ. പി. കറുപ്പൻ.

## ആധാരസൂചി


1. അനിൽകുമാർ ടി.കെ., മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി. തൃശ്ശൂർ: 2004.
2. കറുപ്പൻ കെ. പി., ജാതിക്കുമ്മി, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ : 2012.
3. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ, കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ - 1, (പദ്യ കൃതികൾ), സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം, 2013.
4. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ, കറുപ്പന്റെ സമ്പൂർണ്ണ കൃതികൾ - 2 (ഗദ്യം), സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം, 2014.
5. ഗോപിനാഥ് പനങ്ങാട്, പണ്ഡിറ്റ് കറുപ്പൻ ജീവിതവും പോരാട്ടവും.
6. ചുമ്മാർ ടി. എം., കവിതിലകൻ കെ പി കറുപ്പൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ: 2012.
7. പൂയപ്പിള്ളി തങ്കപ്പൻ, പണ്ഡിറ്റ് കറുപ്പൻ: വിപ്ലവം കവിതയിലും സാമൂഹികരംഗത്തും

8. രാജേഷ് കെ. എരുമേലി, പണ്ഡിറ്റ് കറുപ്പൻ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, വിതരണം: ദേശാഭിമാനി ബുക്സ്: 2015.
9. രാമദാസ് ചെറായി, കെ. പി. വള്ളോൻ നിയമസഭയിൽ, വോളിയം ഒന്ന് ഉപരോധം ബുക്സ്, തെങ്ങോട്, എറണാകുളം: 2009.
10. വേലായുധൻ കെ.കെ., പണ്ഡിറ്റ് കറുപ്പൻ ഓർമ്മകളിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1983.
11. വേലായുധൻ പി.എസ്. (ചീഫ് എഡിറ്റർ), പണ്ഡിറ്റ് കറുപ്പൻ, വി.വി.കെ. വാലത്ത്, നവകേരള ശില്പികൾ ഗ്രന്ഥ പരമ്പര, കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം, 1955.
12. വേലായുധൻ പണിക്കശ്ശേരി, അയ്യൻകാളി മുതൽ വി.ടി. വരെ, കറൻറ് ബുക്സ്, കോട്ടയം: 2003.

MEDIA STUDIES

# അതീതയാഥാർത്ഥ്യവും നവ സാമൂഹിക ക്രമവും: ഡിജിറ്റൽ യുഗത്തിലെ യാഥാർത്ഥ്യത്തിന്റെ പരിണാമം

**എസ്. ആർ. ഹരിത**
അസിസ്റ്റൻറ് പ്രൊഫസർ (ON CONTRACT)
മലയാളവിഭാഗം
ശ്രീനാരായണ കോളേജ്, കൊല്ലം
Email: harithasundar7@gmail.com

**സംഗ്രഹം**

ജീൻ ബോദ്രിയാറുടെ അതീതയാഥാർത്ഥ്യം എന്ന സിദ്ധാന്തത്തെ അടിസ്ഥാനമാക്കി, ഡിജിറ്റൽ മാധ്യമങ്ങൾ എങ്ങനെയാണ് സാമൂഹികക്രമങ്ങൾ പുനർവ്യാഖ്യാനം ചെയ്യുന്നതെന്നും യാഥാർത്ഥ്യവും അതീതയാഥാർത്ഥ്യവും തമ്മിലുള്ള അതിരുകൾ എങ്ങനെ മായുന്നു എന്നുമാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. അതീതയാഥാർത്ഥ്യം പ്രത്യക്ഷമാകുന്നത് സമൂഹമാധ്യമങ്ങൾ, വെർച്വൽ സമൂഹങ്ങൾ, ഇവയിൽ പ്രത്യക്ഷമാകുന്ന അൽഗോറിതമിക് സ്വാധീനം എന്നിവയിലൂടെയാണ്. ഇത് വ്യക്തിപരമായ ഇടപെടലുകൾ, സാമൂഹിക-രാഷ്ട്രീയമണ്ഡലത്തിലെ ഇടപെടലുകൾ എന്നിവയെ പിന്നീട് സാരമായി ബാധിക്കും. സമകാലിക സാഹചര്യത്തിൽ, സാമൂഹികക്രമങ്ങളുടെ നിർമിതിയിലും സാമൂഹിക ശ്രേണികളുടെ സ്ഥാപനത്തിനും ഡിജിറ്റൽ സാന്ദ്രീകരണത്തിന്റെ സാഹചര്യത്തിൽ അർത്ഥസൃഷ്ടിക്കും ഈ പ്രതിഭാസത്തിന് അഗാധമായ സാധ്യതകളുണ്ട്.

**താക്കോൽവാക്കുകൾ :** ഹൈപ്പർ റിയാലിറ്റി, സിമുലാക്ര, അൽഗോറിതം, സിമുലേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

## ആമുഖം

ഡിജിറ്റൽയുഗത്തിൽ യാഥാർത്ഥ്യവും വെർച്വൽ പ്രതിനിധാനവും തമ്മിലുള്ള അന്തരം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതായത് പകർപ്പേത്, യാഥാർത്ഥ്യമേത് എന്ന് തിരിച്ചറിയുന്നതിനുള്ള ആധികാരികമായ വേർതിരിവുകൾ മാഞ്ഞുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സമൂഹമാധ്യമങ്ങൾ, നിമഗ്ന സാങ്കേതികതകൾ (immersive technologies),

എന്നിവയുടെ ആധിപത്യത്തിലൂടെ വ്യക്തിക്ക് മാധ്യമീകൃതരൂപത്തിലുള്ള യാഥാർത്ഥ്യമാണ് അനുഭവപ്പെടുന്നത്. മാധ്യമീകൃത രൂപത്തിലുള്ള യാഥാർഥ്യം എന്നത് കൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത് പല സ്ക്രീനുകളിലൂടെ വ്യക്തിക്ക് മുന്നിലെത്തുന്ന സംഭവങ്ങളുടെയും വസ്തുതകളുടെയും പകർപ്പുകളെയാണ്. യാഥാർത്ഥ്യത്തെക്കാളും സജീവവും സ്വാധീനശേഷിയുള്ളതുമാണിത്. യാഥാർത്ഥ്യത്തിന്റെ അനുകരണങ്ങൾ യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ 'യഥാർത്ഥ'മാകുന്ന ഒരു അവസ്ഥയെക്കുറിച്ച് ജീൻ ബോദ്രിയാർ സൂചിപ്പിക്കുന്നു (Baudrillard, 1994). പുതിയ സാമൂഹികക്രമങ്ങളുടെ നിർമ്മിതിയിൽ അതീതയാഥാർത്ഥ്യം വലിയ പങ്കുവഹിക്കുന്നുണ്ട്. വ്യക്തികളുടെ ഇടപെടൽ, ശേഷി, സ്വത്വരൂപീകരണം, വസ്തുതകളെയും സംഭവങ്ങളെയും വ്യാഖ്യാനിക്കുന്ന രീതി എന്നിവയെ അതീതയാഥാർത്ഥ്യം സാരമായി സ്വാധീനിക്കുന്നുണ്ട്. ഡിജിറ്റൽ യുഗത്തിലെ യാഥാർത്ഥ്യത്തിന്റെ അവസ്ഥയിൽ ഹൈപ്പർ റിയാലിറ്റി ചെലുത്തുന്ന സ്വാധീനമാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയിരിക്കുന്നത്.

ഡിജിറ്റൽ യുഗത്തിൽ നൂതനസാങ്കേതികവിദ്യകളെ മനസ്സിലാക്കുന്നതിനും അവകളെ സമൂഹത്തിന്റെയും ജീവിതത്തിന്റെയും വിവിധ ഇടങ്ങളിലേക്ക് സ്വീകരിക്കുന്നതിനും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആശയം ഇത്തരം പുനർനിർമ്മിതികളിലൂടെ പരിവർത്തനത്തിനു വിധേയമാകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) ഡിജിറ്റൽ മീഡിയ പ്ലാറ്റ്ഫോമുകളിലേക്കുള്ള സംയോജനം ഈ പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ചാറ്റ് ജിപിടി, ജെമിനൈ (Gemini) എന്നീ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപകരണങ്ങൾ ദൈനംദിന ജീവിതത്തിലേക്ക് ഉൾച്ചേർന്നത് അത്രമേൽ സ്വാഭാവികതയോടെയാണ്. എന്ത് ചോദ്യവും എപ്പോൾ വേണമെങ്കിലും ചോദിക്കാവുന്ന ഓൺലൈൻ അദ്ധ്യാപകരോ, സുഹൃത്തോ വഴികാട്ടിയോ ഒക്കെയാണ് ഇന്നിവർ.

## എന്താണ് അതീതയാഥാർത്ഥ്യം?

യാഥാർത്ഥ്യത്തിനും സിമുലേഷനും ഇടയിലുള്ള അതിർത്തികൾ മായുകയും, യാഥാർത്ഥ്യത്തിന്റെ പകർപ്പുകൾ ഏതെന്ന് തിരിച്ചറിയാനും കഴിയാത്ത അവസ്ഥയാണ് അതീതയാഥാർത്ഥ്യം. ഉത്തരാധുനിക സാമൂഹികഘടനകളിൽ ഈ പ്രവണത ആധിപത്യം പുലർത്തുന്നുണ്ട്. നവമാധ്യമങ്ങളുടെ കൂടെ ഉൽപ്പന്നമായ അതീതയാഥാർത്ഥ്യം സാമൂഹികക്രമങ്ങളെ പുനർനിർണ്ണയിക്കുന്നു. കൂടാതെ സ്വത്വരൂപീകരണം, അധികാരഘടന എന്നിവയിലും സ്വാധീനം ചെലുത്തുന്നു. സ്വാധീനം ഏതളവിൽ അടയാളപ്പെടുമ്പോളാണ് സാമൂഹിക ക്രമമായി അംഗീകരിക്കപ്പെടുന്നത് എന്ന് കൃത്യമായി അടയാളപ്പെടുത്തേണ്ടതുണ്ട്. ഭാവനയും വാസ്തവവും ഇടകലർന്ന് പ്രസരിക്കുന്ന സമൂഹമാധ്യമങ്ങൾ, സിനിമ, പരസ്യങ്ങൾ ഇവയിൽ പ്രത്യക്ഷപ്പെടുന്ന ഐഡിയൽ ജീവിതം, സൗന്ദര്യശാസ്ത്രപരമായ നിരീക്ഷണങ്ങൾ എന്നിവ കാലഘട്ടത്തിന്റെ ഘടനയെ അടയാളപ്പെടുത്തുന്നു. ഇത് തന്നെയാണ് ഉത്തരാധുനിക/മനുഷ്യാനന്തര/ഡിജിമോഡേണിസ്റ്റ് സമൂഹങ്ങളിലെ ഹൈപ്പർ റിയൽ പ്രവണതകളായി പ്രത്യക്ഷപ്പെടുന്നതും.

## നവമാധ്യമങ്ങളും യാഥാർത്ഥ്യസൃഷ്ടിയും

മാർഷൽ മക്ലൂഹന്റെ 'മാധ്യമം തന്നെ സന്ദേശം' എന്ന പ്രസ്താവന മാധ്യമസങ്കേതങ്ങൾ എങ്ങനെയാണ് മാനുഷികഗ്രഹണശേഷിയെ സ്വാധീനിക്കുന്നത് എന്നു മനസിലാക്കാൻ

സഹായിക്കുന്നതാണ്. ഡിജിറ്റൽ യുഗത്തിൽ സമൂഹമാധ്യമങ്ങളും മറ്റു സ്ട്രീമിങ് സേവനങ്ങളും യാഥാർത്ഥ്യപ്രതീതി സൃഷ്ടിക്കുന്നതിൽ കേന്ദ്ര സ്ഥാനത്താണ് നിൽക്കുന്നത്. പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട അനുഭവങ്ങൾ, അൽഗോരിതങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്ന ഫീഡുകൾ എന്നിവയിലൂടെ മാധ്യമീകരിക്കുന്ന അനുഭവങ്ങളിലൂടെ ഒരു ഹൈപ്പർ റിയൽ പരിസ്ഥിതി സൃഷ്ടിക്കുന്നു. ഇതിലൂടെ യാഥാർത്ഥ്യം സൃഷ്ടിക്കപ്പെടുകയും, പുനഃസൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മാനുവൽ കാസ്റ്റൽസിന്റെ പഠനത്തിൽ ശൃംഖലാവത്കൃത ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ സഞ്ചിതാവബോധസൃഷ്ടിയിൽ ചെലുത്തുന്ന സ്വാധീനം വിശദമാക്കിയിട്ടുണ്ട്. മാധ്യമീകൃത അനുഭവങ്ങളാണ് ലോകവുമായുള്ള വ്യക്തിയുടെ ഇടപെടലുകളെ സ്വാധീനിക്കുന്ന പ്രധാന ഘടകം. ചുറ്റും കാണുന്ന കാഴ്ചകൾക്കുപരി സ്ക്രീൻ കാഴ്ചകൾക്കാണ് ഇന്ന് ആധികാരികത. യാഥാർത്ഥ്യം എന്ന ആശയം തന്നെ പ്രശ്നാത്മകമാണ്. മതം, ശാസ്ത്രം, ദർശനം എന്നിവയിലൂന്നിയും വസ്തുനിഷ്ഠമായും ദാർശനികമായും നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കപ്പെടുന്ന ആശയമാണ് 'യാഥാർത്ഥ്യം'. ഒരുവന്റെ കാഴ്ചകളിലും അനുഭവങ്ങളിലും അവന് ചുറ്റുമുള്ള സമൂഹങ്ങളിലുമായി സൃഷ്ടിക്കപ്പെടുന്ന അവസ്ഥകൾ അയാളുടെ വ്യക്തിനിഷ്ഠമായ യാഥാർത്ഥ്യ ബോധത്തെ മാത്രമാവും സൂചിപ്പിക്കുന്നത്. ഈ ലെൻസിലൂടെ ആഗോള തലത്തിൽ യാഥാർത്ഥ്യം നിർവചിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് വ്യക്തിസ്വത്വം ഡിജിറ്റൽ യുഗത്തിൽ എങ്ങനെയെല്ലാം പരിവർത്തനവിധേയമാകുന്നു എന്ന് വിലയിരുത്തേണ്ടത്.

**ഡിജിറ്റൽ യുഗത്തിലെ സ്വത്വം**

ഹൈപ്പർ റിയലായ ഡിജിറ്റൽ ലോകത്ത്, വ്യക്തവും വ്യതിരിക്തവുമായ സ്വത്വവുമുണ്ടായിരിക്കുക എന്ന ആശയം വെല്ലുവിളികൾ നിറഞ്ഞതാണ്. വ്യക്തികൾ അവരുടെ ഓഫ്‌ലൈൻ സ്വഭാവവുമായി ഏറെ ഒന്നും ബന്ധമില്ലാത്ത ഒന്നിലധികം വ്യക്തിത്വങ്ങൾ സൃഷ്ടിക്കുന്നുണ്ട്. (Turkle, 2011). ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ഡിജിറ്റൽ ഐഡന്റിറ്റികൾ വെർച്വൽ ഇടങ്ങളിൽ നിലനിൽക്കുന്ന സാമൂഹികമാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാൻ വേണ്ടിയുള്ള ആഗ്രഹത്തിന്റെ കൂടെ ഫലമായി ഉണ്ടാകുന്നതാണ്. ചുരുക്കത്തിൽ, ഡിജിറ്റൽ യുഗത്തിലെ സ്വത്വം എന്നത് ചലനാത്മകവും, ശകലീകൃതവും നിരന്തരം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. വ്യക്തിയുടെ ഭൗതിക ലക്ഷണങ്ങളുടെ (പ്രായം, ലിംഗം, ഗോത്രം..) ഒന്നും അടിസ്ഥാനത്തിലല്ല ഇന്ന് സ്വത്വം ബന്ധിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യകുലം തന്നെ അല്ലെങ്കിപോലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൃഷ്ടികൾക്ക് പോലും അതിന്റെ ഐഡന്റിറ്റി ഉയർത്തിപ്പിടിക്കാൻ കഴിയും. ഐറിസ് എന്ന് പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ആദ്യത്തെ സ്കൂൾ ടീച്ചർ (കെ ടി സി ടി ഹയർ സെക്കൻഡറി സ്കൂൾ, തിരുവനന്തപുരം), @aswathy_achu.ai എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിലെ ആദ്യത്തെ ഇൻസ്റ്റാഗ്രാം എ ഐ ഇൻഫ്ലുവെൻസർ ഓക്കെ ഇത്തരം സ്വത്വ വ്യതിയാനങ്ങളുടെ പുതിയ മുഖങ്ങളാണ്. മനുഷ്യാനന്തരതയെ സ്വീകരിച്ചു കഴിഞ്ഞ ടെക്നോസംസ്കൃതിയിലാണ് വ്യക്തി ഇന്ന് ജീവിക്കുന്നത്.

മനുഷ്യശരീരത്തെ തന്നെ ടെക്നോളജൈസ് ചെയ്യുന്നതിലൂടെ മനുഷ്യത്വത്തിന്റെ നവീകരണം സാധ്യമാവും എന്ന വിശ്വാസധാരയും സമകാലിക സമൂഹത്തിൽ പ്രചാരത്തിലുണ്ട്. ശരീരം എന്ന ആശയം കേന്ദ്രസ്ഥാനത്ത് നിന്ന് മാറ്റിവെക്കപ്പെടുകയും, 'മനുഷ്യൻ' എന്നത്

 ISSN: 2582 - 2594

ശരീരനിഷ്ഠം മാത്രമല്ലാത്തൊരു വിഷയമായി മാറുകയും ചെയ്യുന്നു. വെർച്വൽ സൈബറിടങ്ങളിൽ ജീവിക്കുന്ന ബയോമെഡിക്കലി വളരെ വികസിതമായ മനുഷ്യാനന്തരതയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള, പടിഞ്ഞാറിന്റെ കാർട്ടീഷ്യൻ ഈഗോയുടെ പിടിയിൽ നിന്ന് മുക്തമായ മനുഷ്യവർഗത്തിലേക്കുള്ള സാധ്യതയാണിത് മുന്നോട്ട് വെക്കുന്നത്.

### ഹൈപ്പർ റിയാലിറ്റിയിലെ യാഥാർത്ഥ്യസൃഷ്ടി

ഡിജിറ്റൽ യുഗത്തിൽ യാഥാർത്ഥ്യം എന്നത് സ്ക്രീനുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നതാണ്. ചിത്രങ്ങൾ, വീഡിയോകൾ, പോസ്റ്റുകൾ എന്നിവയിലൂടെ വ്യക്തിക്ക് അവനവന്റെ ജീവിതം നിർമ്മിക്കാനും അത് പരിപാലിക്കാനും കഴിയുന്ന തരത്തിലുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുന്നുണ്ട്. ഓഫ്‌ലൈൻ ജീവിതത്തിൽനിന്ന് അകന്നുനിൽക്കുന്നതും ആദർശവത്കരിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതുമായ യാഥാർത്ഥ്യത്തിന്റെ പതിപ്പാണ് ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്നത്. സിമുലാക്ര അഥവാ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത പകർപ്പുകൾ കൊണ്ട് യാഥാർത്ഥ്യത്തെ മാറ്റിവെക്കുകയും അതേസമയം ഉപയോക്താക്കൾ ഇവയെ യാഥാർത്ഥ്യമായി സ്വീകരിക്കുകയും ചെയുന്നു.

ഡിജിറ്റൽ കാലഘട്ടത്തിൽ സ്ക്രീനുകളിലൂടെയാണ് യാഥാർത്ഥ്യസൃഷ്ടി നടക്കുന്നത്. ഇൻസ്റ്റാഗ്രാം, ഫേസ്ബുക്, ടിക്ടോക് മുതലായ പ്ലാറ്റ്ഫോമുകൾ തങ്ങളെക്കുറിച്ചും, ലോകത്തെക്കുറിച്ചുമുള്ള ഉപയോക്താക്കളുടെ വീക്ഷണത്തെ പരുവപ്പെടുത്തുന്നു. ഓൺലൈനിൽ കാണുന്ന 'ക്യൂറേറ്റ്' ചെയ്യപ്പെട്ട ചിത്രങ്ങളും വിവരണങ്ങളും സ്വന്തം ജീവിതവും അനുഭവങ്ങളുമായി തട്ടിച്ചുനോക്കാൻ ശ്രമിക്കുന്ന പ്രവണത പ്രബലമായിക്കഴിഞ്ഞു. ഇത്തരം പ്രവണതകൾ യാഥാർത്ഥ്യത്തെ മനസിലാക്കുകയും വിലമതിക്കുകയും ചെയ്യുന്ന രീതികളിൽ മാറ്റം വരുത്തുന്നു. എ. ഐ. പോലെയുള്ള സാങ്കേതികതയുടെ വ്യാപനവും ഈ അവസരത്തിലാണ് പ്രസക്തമാകുന്നത്. മെഷീൻ ലേണിംഗ് അൽഗോരിതങ്ങൾ, ഫേഷ്യൽ റെക്കഗ്നിഷൻ, കോൺടെന്റ് ക്യൂറേഷൻ എന്നിവയിലൂടെ, AI ഉപയോക്തൃ അനുഭവങ്ങൾ വ്യക്തിഗതമാക്കുക മാത്രമല്ല, വ്യക്തികൾ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽനിന്ന് കൂടുതൽ അകന്നുനിൽക്കുന്ന ഒരു അന്തരീക്ഷമുണ്ടാക്കുകയും ചെയ്യുന്നു.

### സമൂഹമാധ്യമങ്ങളുടെ പങ്ക്

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഹൈപ്പർ റിയൽ ഇടങ്ങളായി പ്രവർത്തിക്കുകയും യഥാർത്ഥ, വെർച്വൽ ഘടകങ്ങളെ സുഗമമായി ഇഴുകിച്ചേർക്കുകയും ചെയ്യുന്നു. ഉപയോക്താക്കൾക്ക് അവരുടെ പ്രതിനിധാനങ്ങൾ സ്വയം ക്രാഫ്റ്റ് ചെയ്യാനും എഡിറ്റ് ചെയ്യാനും യാഥാർത്ഥ്യത്തെക്കാൾ മികച്ചതാക്കാനുമുള്ള ഉപകരണങ്ങൾ നൽകുന്നതിലൂടെ ഒരാളുടെ യഥാർത്ഥ അനുഭവങ്ങളെക്കാൾ മികച്ച പതിപ്പുകൾ സൃഷ്ടിക്കാൻ കഴിയുന്നു. ഇത്തരം പ്ലാറ്റ്ഫോമുകളിലെ പോസ്റ്റുകളും സ്റ്റോറികളും ഫീഡുകളും ഉപയോക്താക്കളുടെ ജീവിതത്തിലെ മികച്ച സന്ദർഭങ്ങൾ മാത്രം ഹൈലൈറ്റ് ചെയ്യാനും ദൃശ്യപരമായി ആകർഷകമാക്കാനും കഴിയും. ആധികാരികത ഇല്ലാത്ത ആദർശവത്കൃതയാഥാർത്ഥ്യങ്ങളാണ് ഈ രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള മധ്യസ്ഥ യാഥാർത്ഥ്യങ്ങൾ, നേരിട്ടുള്ളതും അരിച്ചെടുക്കാത്തതുമായ അനുഭവങ്ങളെ മാറ്റിസ്ഥാപിക്കുന്നു. സ്വയം കാണാനും മറ്റുള്ളവരെ കാണാനുമുള്ള ലെൻസായി ഇത്

മാറുന്നു. യഥാർത്ഥ അനുഭവങ്ങളെ അറിയുന്നതിനു പകരം, വ്യക്തികൾക്ക് ഈ പ്രതിനിധാനങ്ങളിൽ മുഴുകാൻ താല്പര്യമേറിയിരിക്കുന്നു.

### അൽഗോരിതമിക് ക്യൂരേഷനും എക്കോ ചേമ്പറുകളും

ഉപഭോക്തൃ പെരുമാറ്റത്തിനനുസരിച്ച് ഉള്ളടക്കം വ്യക്തിഗതമാക്കുക, നിർദിഷ്ടവിശ്വാസങ്ങളുടെയും ആഖ്യാനങ്ങളുടെയും ബലപ്പെടുത്തൽ എന്നിവയിലൂടെ അതീത യാഥാർത്ഥ്യത്തിന്റെ ആഘാതം സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ശക്തമാക്കുന്നു. ഉദാഹരണത്തിന്, ഒരു വ്യക്തിയുടെ താല്പര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു ഫീഡ് ക്യൂറേറ്റ് ചെയ്യാനായി അയാളുടെ ലൈക്കുകൾ, ഷെയറുകൾ, ഇടപെടലുകൾ എന്നിവ വിശകലനം ചെയ്ത് ബന്ധപ്പെട്ട വസ്തുതകളും, വിവരങ്ങളും തന്നെ വീണ്ടും വ്യക്തിക്കു മുന്നിലേക്ക് എത്തിക്കുന്നു. ഇതിലൂടെ വൈരുദ്ധ്യാത്മക വീക്ഷണങ്ങൾ ഒഴിവാക്കുന്ന, സ്വയം സൃഷ്ടിച്ചെടുക്കുന്ന യാഥാർത്ഥ്യ പരിസരം രൂപം കൊള്ളുന്നു. ഇത്തരം തിരഞ്ഞെടുപ്പുകൾ 'എക്കോ ചേമ്പറുകളുടെ' സൃഷ്ടിയിലേക്കു നയിക്കുന്നു. ഇവിടെ ഉപയോക്താക്കൾ അവരുടെ വിശ്വാസങ്ങളെയും ആദർശങ്ങളെയും സ്ഥിരീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഉള്ളടക്കത്തിന്റെ തുടർച്ചകൾ കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്നു. വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽനിന്ന് അവർ കൂടുതൽ അകലുന്നു. ഈ പ്രതിഭാസത്തിന് സാമൂഹികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങളുണ്ട്. ഒരു എക്കോ ചേമ്പറിൽ, അൽഗോരിതങ്ങൾ അവതരിപ്പിക്കുന്ന സിമുലേഷൻ യാഥാർത്ഥ്യമായി അംഗീകരിക്കപ്പെടുന്നു, പലപ്പോഴും ബദൽ വീക്ഷണങ്ങൾ ഫിൽട്ടർ ചെയ്യപ്പെടുന്ന ധ്രുവീകരിക്കപ്പെട്ട ലോകവീക്ഷണത്തിലേക്ക് ഇത് നയിക്കുന്നു. ഇത് സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുള്ള വ്യക്തികളുടെ ധാരണയെ വികലമാക്കുകയും തെറ്റിദ്ധാരണകളും വ്യത്യസ്ത വീക്ഷണങ്ങളോടുള്ള അസഹിഷ്ണുത വളർത്തുകയും ചെയ്യും. ഉദാഹരണത്തിന്, രാഷ്ട്രീയ സംഭവങ്ങളിൽ, അൽഗോരിതം-അധിഷ്ഠിത എക്കോ ചേമ്പറുകൾ വസ്തുതാധിഷ്ഠിത വ്യവഹാരങ്ങളെ മറികടക്കുന്ന ഹൈപ്പർ റിയൽ, സെൻസേഷണലൈസ്ഡ് ആഖ്യാനങ്ങളുടെ വ്യാപനത്തിന് സംഭാവന നൽകുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഡിജിറ്റൽ ഇടങ്ങളിൽ AI യുടെ സ്വാധീനം ഉപയോക്തൃസൗകര്യത്തിനപ്പുറം വ്യാപിക്കുന്നു; അത് സാമൂഹികക്രമത്തിന്റെ സ്വഭാവത്തെ അടിസ്ഥാനപരമായി മാറ്റുന്നു. ഉപയോക്തൃ ഇടപഴകൽ പരമാവധിയാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന അൽഗോരിതങ്ങൾക്ക്, ഉപയോക്താക്കൾ എന്ത് ഉള്ളടക്കം കാണണമെന്ന് നിർദ്ദേശിക്കാനും അവരുടെ ധാരണകളും പെരുമാറ്റങ്ങളും സൂക്ഷ്മവും എന്നാൽ പ്രാധാന്യമുള്ളതുമായ രീതിയിൽ രൂപപ്പെടുത്താനും കഴിയും. ഈ AI-അധിഷ്ഠിത ക്യൂറേഷന് എക്കോ ചേമ്പറുകൾ ശക്തിപ്പെടുത്താൻ കഴിയും, അവിടെ ഉപയോക്താക്കൾക്ക് അവരുടെ മുൻകാലവിശ്വാസങ്ങളുമായി യോജിപ്പിക്കുന്ന വിവരങ്ങൾ മാത്രമേ ലഭ്യമാകൂ, ഇത് ധ്രുവീകരിക്കപ്പെട്ട ലോകവീക്ഷണങ്ങളിലേക്ക് നയിക്കുകയും സ്വയം ഉൾക്കൊള്ളുന്ന ഡിജിറ്റൽ യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു (Pariser 2011).

### സാമൂഹിക ഇടപെടലുകളിലും ആശയവിനിമയത്തിലും വന്ന പരിവർത്തനം

അതീത യാഥാർത്ഥ്യത്തിന്റെ കാലത്ത് സാമൂഹിക ഇടപെടലുകൾ പ്രകടനങ്ങളായി മാറുന്നു. സൗഹൃദങ്ങൾക്കോ ഫോളോവെർസിനോ വേണ്ടി മാത്രമല്ല ഉപയോക്താക്കൾ ആശയവിനിമയം നടത്തുന്നത്. മറിച്ച് ഒരു സദസ്സിനായാണ്. ഇത്തരം ഇടപെടലുകളാവട്ടെ സാമൂഹി


ISSN: 2582 - 2594

കമായ പ്രതീക്ഷകൾക്കും പ്ലാറ്റ്ഫോം നിയമങ്ങൾക്കും അധിഷ്ഠിതമായിരിക്കും. ഇൻഫ്ലുവൻസർ സംസ്കാരത്തിലാണ് ഇത്തരം പ്രകടനപരത വ്യക്തമായി കാണാനാവുക. ഇതിൽ ഇൻഫ്ലുവൻസേർസ് സാമൂഹികമൂലധനം നേടുന്നത് ഹൈപ്പർ റിയലിസ്റ്റിക്കായ ജീവിതരീതികൾ ഫോളോവേഴ്സുമായി പങ്കുവെച്ചുകൊണ്ടാണ്. ഫിൽറ്ററുകൾ, എഡിറ്റിംഗ്, കഥാഖ്യാനരീതികൾ എന്നിവയിലൂടെ ഇൻഫ്ലുവൻസേഴ്സ് ഒരു സിമുലേറ്റഡ് റിയാലിറ്റി സൃഷ്ടിക്കുകയാണ് പതിവ്.

ഈ മാറ്റം ആളുകൾ ആശയവിനിമയം നടത്തുന്ന രീതിയെ പരിവർത്തനം ചെയ്യുന്നു, ആധികാരികതക്ക് ഹൈപ്പർ റിയൽ സൗന്ദര്യശാസ്ത്രത്തിന് പിന്നിലേ സ്ഥാനമുള്ളൂ എന്ന അവസ്ഥ സംജാതമാകുന്നു. യഥാർത്ഥ ഇടപെടലിനെ അടിസ്ഥാനമാക്കി ബന്ധങ്ങൾ രൂപീകരിക്കുന്നതിനുപകരം, ഉപയോക്താക്കൾ അവരുടെ ഹൈപ്പർ റിയൽ വ്യക്തിത്വങ്ങളെ സാധൂകരിക്കാനോ പ്രോത്സാഹിപ്പിക്കാനോ സഹായിക്കുന്ന ഇടപെടലുകളിൽ ഏർപ്പെടുന്നു. ഇത്തരത്തിൽ രൂപപ്പെടുന്ന സാമൂഹിക ബന്ധങ്ങൾക്ക് ആഴം കുറവായിരിക്കും. കാരണം അവ രൂപീകൃതമായിരിക്കുന്നത് ഡിജിറ്റൽ സിമുലേഷനുകളുടെ അടിസ്ഥാനത്തിലാണ്. ഡിജിറ്റൽ ബന്ധുത്വം എന്ന അവസ്ഥ നിലനിൽക്കുമ്പോഴും സാമൂഹിക വിച്ഛേദത്തിന്റെ ഛായ ഇത്തരം ബന്ധങ്ങളിൽ നിഴലിക്കും.

### ഹൈപ്പർ റിയാലിറ്റിയുടെ മനഃശാസ്ത്രപരമായ ആഘാതങ്ങൾ

ഹൈപ്പർ റിയാലിറ്റിയുടെ മനഃശാസ്ത്രപരമായ ആഘാതം പ്രത്യക്ഷപ്പെടുന്നത് പല രീതിയിലാണ്. പലപ്പോഴും ഉത്കണ്ഠ, വിഷാദം എന്നിവയിലേക്ക് ഇത് നയിക്കുന്നു. ഉപയോക്താക്കൾ അവരുടെ യഥാർത്ഥജീവിതത്തെ ഓൺലൈനിൽ കാണുന്ന ഐഡിയലൈസ്ഡ്, ഹൈപ്പർ റിയൽ പ്രാതിനിധ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം യാഥാർത്ഥ്യത്തിൽ അതൃപ്തി അനുഭവപ്പെട്ടേക്കാം. ഇത് സാമൂഹിക താരതമ്യ(social comparison) പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം (Vogel et al., 2014). വിജയം, സൗന്ദര്യം, സന്തോഷം എന്നിവയെ സംബന്ധിച്ച വികലമായ കാഴ്ചപ്പാടുകൾ ഇത് പ്രോത്സാഹിപ്പിക്കുകയും അയഥാർത്ഥ മാനദണ്ഡങ്ങൾ പാലിക്കാൻ ഉപയോക്താക്കൾ നിർബന്ധിതരാവുകയും ചെയ്യും. ഇത് കൂടാതെ ലൈക്കുകളുടെയും, ഷെയറുകളുടെയും എണ്ണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും യഥാർത്ഥ നേട്ടങ്ങൾക്ക് പകരം ഡിജിറ്റൽ മൂല്യനിർണയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ഹൈപ്പർ റിയൽ മെട്രിക്കിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഉപയോക്താക്കൾ ഈ സാങ്കൽപ്പിക യാഥാർത്ഥ്യത്തിൽ കൂടുതൽ വ്യാപൃതരാകുന്നതോടെ, അവരുടെ ഓൺലൈൻ നെറ്റ്‌വർക്കുകളിൽ നിന്നുള്ള ബാഹ്യവും പലപ്പോഴും ഉപരിപ്ലവവുമായ മൂല്യനിർണ്ണയത്തെ ആശ്രയിക്കുകയും, സംതൃപ്തിയുടെ ആന്തരിക സ്രോതസ്സുകളുമായുള്ള ബന്ധം ക്രമേണ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു.

### അതീതയാഥാർത്ഥ്യലോകത്തെ സ്വത്വവും പ്രകടനപരതയും

മാറിവരുന്ന ഡിജിറ്റൽ ട്രെൻഡുകൾക്കോ സാമൂഹിക പ്രതീക്ഷകൾക്കോ അനുസരിച്ച് ഡിജിറ്റൽ ഉപഭോക്താക്കൾക്ക് തങ്ങളുടെതന്നെ ഒരു ഡിജിറ്റൽ വേർഷൻ പ്രകടിപ്പിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാവാം. വ്യത്യസ്ത പ്ലാറ്റ്ഫോമുകളിൽ വ്യക്തികൾ ഒന്നിലധികം ഐഡന്റിറ്റികൾ സ്വീകരിക്കുന്നുവെന്ന ടർക്കിളിന്റെ (2011) നിരീക്ഷണങ്ങളുമായി ഈ പെർഫോർമേറ്റിവ് ഐഡന്റിറ്റി പൊരുത്തപ്പെടുന്നു. ഇൻസ്റ്റാഗ്രാം, ടിക് ടോക്ക് പോലുള്ള പ്ലാറ്റ്ഫോമുകളിൽ,

സ്വത്വത്തിന്റെ ഹൈപ്പർ റിയൽ പതിപ്പ് - ഫിൽട്ടറുകൾ, എഡിറ്റുകൾ, ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ വിവരണങ്ങൾ എന്നിവയിലൂടെ പരിപൂർണ്ണമാക്കിയത് - ഒരാളുടെ ശാരീരിക ഐഡന്റിറ്റിയെക്കാൾ പ്രാധാന്യമർഹിക്കുന്നു.

ഹൈപ്പർ റിയൽ ലോകത്തെ ഈ സ്വത്വവിഘടനം, വിച്ഛേദത്തിന്റേതായ ഒരു ബോധം വളർത്തുന്നു. ഉപയോക്താക്കൾ തങ്ങളുടെ ഡിജിറ്റൽ വ്യക്തിത്വത്തെ പരിപാലിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ആധികാരികത പിന്തള്ളപ്പെടുകയും ചെയ്യാനുള്ള സാധ്യത ഉയരുന്നു. ഈ ഹൈപ്പർ റിയൽ സാമൂഹികക്രമത്തിൽ, വ്യക്തികൾ യാഥാർത്ഥ്യത്തിന്റെ അനുകരണത്തെ ശാശ്വതമാക്കുന്ന ഉള്ളടക്കം തുടർച്ചയായി ഉൽപ്പാദിപ്പിക്കുന്ന ഒരു ഫീഡ്ബാക്ക് ലൂപ്പ്സൃഷ്ടിക്കുകയും ഐഡന്റിറ്റി ചരക്കാക്കി ഉപയോഗിക്കുകയും ചെയ്യുന്നു.

വെർച്വൽ ഐഡന്റിറ്റികളുടെ ഹൈപ്പർ റിയൽ വശങ്ങൾ മെച്ചപ്പെടുത്തുന്നതിൽ AI യുടെ പങ്ക്-ഓഗ്മെന്റഡ് റിയാലിറ്റി ഫിൽട്ടറുകൾ, ചാറ്റ്ബോട്ടുകൾ, വെർച്വൽ ഇൻഫ്ലുവൻസറുകൾ എന്നിവയിലൂടെ- വ്യക്തികൾ സ്വയം ക്യൂറേറ്റ് ചെയ്ത പതിപ്പുകൾ നടത്തുന്ന ഐഡന്റിറ്റി ദ്രവ്യതയുടെ ഒരു അവസ്ഥ വളർത്തുന്നു, ആധികാരികവും അനുകരണസ്വഭാവമുള്ള സ്വയം അവതരണങ്ങളും തമ്മിലുള്ള രേഖ മങ്ങുന്നു.

## രാഷ്ട്രീയവും സംസ്കാരവും- അതീതയാഥാർത്ഥ്യത്തിൽ

അതീതയാഥാർത്ഥ്യം വ്യക്തിഗത ഐഡന്റിറ്റിയിൽ ഒതുങ്ങുന്നില്ല. അത് രാഷ്ട്രീയ-സാംസ്കാരികമണ്ഡലങ്ങളിലേക്കും വ്യാപിച്ച് കഴിഞ്ഞു. ഡിജിറ്റൽ യുഗത്തിൽ, രാഷ്ട്രീയ പ്രചാരണങ്ങൾ മാധ്യമ അനുകരണങ്ങളെയും പ്രകടനപരതയെയും ആശ്രയിക്കുന്നു. 2016- ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പാണ് ഇതിനുദാഹരണം. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സെൻസേഷണലിസം, മീമുകൾ, വൈറൽ ഉള്ളടക്കം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ഒരു ഹൈപ്പർ റിയൽ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. രാഷ്ട്രീയ വ്യവഹാരങ്ങൾ പ്രകടനപരതക്ക് വഴിമാറിക്കൊടുക്കുന്ന കാഴ്ചയായിരുന്നു ഇത്. രാഷ്ട്രീയ നേതാക്കന്മാരുടെ കാര്യം തന്നെ നോക്കുക, അനുയായികൾക്ക് വേണ്ട/അവർ സൃഷ്ടിച്ചെടുത്ത സങ്കല്പങ്ങളെ ഉൾകൊള്ളുന്ന/പ്രതിനിധീകരിക്കുന്ന തരത്തിലുള്ള വ്യക്തിത്വങ്ങൾ സ്വീകരിക്കുന്നു. സംസ്കാരവും ഹൈപ്പർറിയൽ സ്വാധീനത്തിൽ നിന്ന് വിമുക്തമല്ല. ഇൻഫ്ലുൻസർ സംസ്കാരം തന്നെയാണ് ഇതിന് മികച്ച ഉദാഹരണം. മാധ്യമ പ്രതിനിധാനങ്ങൾ ഇത്തരത്തിലാണ് യാഥാർഥ്യത്തെ മറികടക്കുന്നതെന്ന് ഇൻഫ്ലുൻസർ സംസ്കാരത്തിലൂടെ മനസിലാക്കാം. ഉപഭോഗവും സ്വത്വവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സിമുലേറ്റഡ് ലോകങ്ങൾ അവർ സൃഷ്ടിക്കുന്നു. ഒരു ഹൈപ്പർ റിയൽ സമൂഹത്തിൽ, യാഥാർത്ഥ്യം അതിനെ പ്രതിനിധീകരിക്കുന്ന പകർപ്പുകളിൽ നിന്ന് വേർതിരിച്ചറിയാൻ കഴിയില്ലെന്ന ബോഡ്രിയാറിന്റെ ധാരണയെ ഇത് പ്രതിഫലിപ്പിക്കുന്നു

## ഉപസംഹാരം

ഡിജിറ്റൽ യുഗത്തിൽ ഹൈപ്പർ റിയാലിറ്റി ഏതെല്ലാം രീതിയിൽ പ്രത്യക്ഷമാകുന്നവെന്നും ഇത് സാമൂഹികക്രമത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നുമാണ് ഈ പ്രബന്ധം വ്യക്തമാക്കുന്നത്. അതീതയാഥാർത്ഥ്യത്തിന്റെ പരിണതഫലം സൂചിപ്പിക്കുന്നത് ഡിജിറ്റൽ

 ISSN: 2582 - 2594

പ്ലാറ്റ്ഫോമുകൾ മാധ്യസ്ഥം വഹിക്കുകയും ഇവയിലൂടെ രൂപപ്പെടുകയും ചെയ്യുന്ന ഒരു ഭാവികാലത്തിന്റെ സൂചനയാണുള്ളത്. ഡിജിറ്റൽ ഉള്ളടക്കത്തെയും ഇടപെടലുകളെയും നിയന്ത്രിക്കുന്ന അൽഗോരിതങ്ങൾ യാഥാർത്ഥ്യസൃഷ്ടിയുടെ നിർമ്മാണത്തിൽ ശക്തമായ പങ്ക് വഹിക്കുന്നതു തുടരും. സത്യം, ഐഡന്റിറ്റി, സാമൂഹികമാനദണ്ഡങ്ങൾ എന്നിവ വ്യക്തികളും സമൂഹവും എങ്ങനെ നിർവചിക്കുന്നു എന്നത് കാലഘട്ടത്തിനനുസരിച്ച് മാറുന്നു. ഡിജിറ്റൽ കാലത്തിന്റെ ബൈനറി ഡിജിറ്റുകളുടെ ലോകം യഥാർത്ഥ അനുഭവങ്ങളും മീഡിയേറ്റഡ് അനുഭവങ്ങളും തമ്മിലുള്ള വിഭജനം സൃഷ്ടിക്കാൻ കഴിയും. ആത്യന്തികമായി ഇത് 'യാഥാർത്ഥ്യം' എന്താണെന്നതിനെക്കുറിച്ചുള്ള സമൂഹത്തിന്റെ ധാരണയെ പുനർനിർമ്മിക്കുന്നു

## References


- Baudrillard, Jean. Simulacra and Simulation. University of Michigan Press, 1994.
- Castells, Manuel. The Rise of the Network Society: The Information Age: Economy, Society, and Culture. Wiley-Blackwell, 2010.
- McLuhan, Marshall. Understanding Media: The Extensions of Man. McGraw-Hill, 1964.
- Pariser, Eli. The Filter Bubble: What the Internet Is Hiding from You. Penguin Press, 2011.
- Postman, Neil. Amusing Ourselves to Death: Public Discourse in the Age of Show Business. Viking Penguin, 1985.
- Pariser, Eli. The Filter Bubble: What the Internet Is Hiding from You. Penguin Press, 2011.
- Putnam, Robert D. Bowling Alone: The Collapse and Revival of American Community. Simon & Schuster, 2000.
- Turkle, Sherry. Alone Together: Why We Expect More from Technology and Less from Each Other. Basic Books, 2011.
- Vogel, Erin A., et al. "Social Comparison, Social Media, and Self-Esteem." Psychology of Popular Media Culture, vol. 3, no. 4, 2014, pp. 206–22.

ACADEMIC RESEARCH AND REVIEW LETTERS Vol. 8 No. 1 January 2025

MEDIA STUDIES

# സമൂഹമാധ്യമങ്ങളും ആധുനികഭാഷാപരിണാമവും

**ദിവ്യ ടി**
ഗവേഷക
ഭാഷാശാസ്ത്ര സ്കൂൾ
മലയാളസർവകലാശാല
വാക്കാട്, തിരൂർ 676 502
Email: divyatmanikandan@gmail.com

**സംഗ്രഹം**

സമൂഹമാധ്യമങ്ങൾ ഭാഷാപരിണാമത്തിലും ആശയവിനിമയത്തിലും ചെലുത്തിയ സ്വാധീനത്തെക്കുറിച്ചാണ് ഈ ലേഖനം വിശകലനം ചെയ്യുന്നത്. സമൂഹമാധ്യമങ്ങളുടെ ഫലമായി മലയാളഭാഷയിൽ എന്തെല്ലാം പരിണാമം സംഭവിച്ചു എന്ന് വ്യക്തമാക്കുന്നു. സമൂഹമാധ്യമങ്ങളിലെ ഭാഷാപരിണാമം, പുതിയ വാക്കുകളുടെ രൂപീകരണം, ഭാഷാശാസ്ത്രപരമായ പ്രത്യേകതകൾ എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു. സമൂഹമാധ്യമങ്ങളുടെ ക്രമാതീതമായ ഉപയോഗംമൂലം അനേകം പുതിയ വാക്കുകൾ മലയാളഭാഷയിൽ നിർമിക്കപ്പെട്ടിട്ടുണ്ട്. ഭാഷാശാസ്ത്രപരമായ അജ്ഞതകൊണ്ടും അല്ലാതെയും പുതിയ ഒരുപാട് പദങ്ങൾ രൂപപ്പെടുന്നു. സമയലാഭത്തിനുവേണ്ടിയും ടൈപ്പ് ചെയ്യുന്നതിനുള്ള എളുപ്പത്തിനുമായി നിലവിലുള്ള പദങ്ങൾ ചുരുക്കിയും പദങ്ങളിലെ അക്ഷരങ്ങൾ ഒഴിവാക്കിയും ഉപയോഗിക്കുന്ന പ്രവണതയും ഏറിവരുന്നു. മാത്രമല്ല ആശയവിനിമയം നടത്തുന്നരീതിയിലും ഒരുപ്പാട് മാറ്റമുണ്ടാവാൻ സമൂഹമാധ്യമങ്ങൾ കാരണമായി. ചുരുക്കത്തിൽ ഭാഷയിലും ആശയവിനിമയത്തിലും സമൂഹമാധ്യമങ്ങൾ കൊണ്ടുവന്ന പരിണാമത്തെയാണ് ഇവിടെ വിശദമാക്കുന്നത്.

**താക്കോൽ വാക്കുകൾ:** സമൂഹമാധ്യമങ്ങൾ, ഭാഷ, ഭാഷാപരിണാമം, ആശയവിനിമയം, നിയോലോഗിസം

## ആമുഖം

ആശയവിനിമയത്തിനുവേണ്ടിയാണ് ഭാഷ ഉപയോഗിക്കുന്നത്. കൃത്യമായ ആശയവിനിമയത്തിന് കൃത്യമായ ഭാഷ ആവശ്യമാണ്. ഭാഷയെന്നത് ഒരു സാമൂഹിക വിഭാഗമാണ്, അതൊരുതരത്തിലുള്ള സാമൂഹികപരമായ കരാറാണ്, അതൊരിക്കലും വ്യക്തികളിൽ മാത്രം


ISSN: 2582 - 2594

ഒതുങ്ങി നിൽക്കുന്നതല്ല അതൊരു കൂട്ടായ്മയിൽ ഉൾപ്പെടുന്നതാണ് (bauer, 2007). മനുഷ്യർ ആശയവിനിമയത്തിനുപയോഗിക്കുന്ന അർത്ഥവത്തായ വാചികമായ രൂപങ്ങളുടെ ഒരു കൂട്ടമാണ് ഭാഷ. ഭാഷ ഭാഷാശാസ്ത്രത്തിന്റെ ഭാഗമാണ്. ഭാഷാശാസ്ത്രം മനുഷ്യഭാഷയുമായി ബന്ധപ്പെടുന്നു. ഭാഷക്ക് ആവശ്യമുള്ളപ്പോൾ അതിന്റെ സ്വനിമ-വാക്യ-രൂപിമ-കോശിമ-അർത്ഥ ഭാഗങ്ങളിൽ വരുന്ന മാറ്റങ്ങളെയാണ് പ്രധാനമായും ഭാഷമാറ്റം എന്ന വസ്തുതകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷക്ക് സ്വയം തന്നെ വളരെ പതുക്കെ മാറാനുള്ള കഴിവുണ്ട്. സാമൂഹിക ജീവിതത്തിലെ മാറ്റങ്ങളും വികസനമാതൃകകളുടെ സ്വീകരണവുമാണ് ഭാഷാമാറ്റത്തിന്റെ പ്രധാനകാരണം. സമൂഹവും ഭാഷയും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. മനുഷ്യർക്ക് പരസ്പരം ആശയവിനിമയം നടത്താനും ബന്ധപ്പെടാനും വേണ്ടിയുള്ള ഒരു സാമൂഹിക ഉൽപന്നമാണ് ഭാഷ. ഓരോ ആളും ഭാഷ ഉപയോഗിക്കുന്നത് ഓരോ തരത്തിലാണ്. സ്വന-സ്വനിമ രൂപങ്ങളിലും, ഉപയോഗിക്കുന്ന വാക്കുകൾ, വാക്യങ്ങൾ എന്നിവയുടെ ഘടനകളിലും ഒരുപാട് വ്യത്യസ്തതകൾ കാണാം.

ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. സാമൂഹികമായ ആവശ്യങ്ങൾ നിറവേറ്റാൻ മനുഷ്യന് അർത്ഥവത്തായ ആശയവിനിമയം ആവശ്യമാണ്. ആശയവിനിമയത്തെ ത്വരിതപ്പെടുത്താൻ ഒരുപാട് വ്യത്യസ്തതരം മാധ്യമങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മാധ്യമങ്ങളുടെ ഈ വികാസം ഭാഷയെ സ്വാധീനിക്കുന്നു. അതുവഴി ആശയവിനിമത്തിന് ഉപയോഗിക്കുന്ന ഭാഷയിൽ മാറ്റം വരുന്നു. ഇന്ന് ഒരുപാട് സാമൂഹികകൂട്ടായ്മകൾ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നതിന് വേണ്ടി ഒരുപാട് പ്രത്യേക പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. ഇത് ഭാഷാമാറ്റത്തിന് കാരണമാകുന്നു. സമൂഹമാധ്യമങ്ങളിലൂടെയുള്ള ഇടപെടലുകളിലൂടെയും സംഭാഷണങ്ങളിലൂടെയും ഭാഷയുടെ വ്യത്യസ്തമായതും വൈവിധ്യമായതുമായ ഒരുപാട് രൂപങ്ങൾ നിർമിക്കപ്പെടുന്നു.

### സമൂഹമാധ്യമങ്ങൾ (social media)

ഇന്റർനെറ്റ് സഹായത്തോടെ പ്രവർത്തിക്കുന്ന നൂറ് കണക്കിന് വരുന്ന സൈറ്റുകൾ ഒരേ കുടകീഴിൽ വരുന്ന പ്രതിഭാസമാണിത്. ഈ സൈറ്റുകളെ മൊത്തത്തിൽ പറയുന്ന പേരാണ് സമൂഹമാധ്യമങ്ങൾ. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മാറുന്ന ജീവിത സാഹചര്യങ്ങളിൽ ചോദ്യംചെയ്യപ്പെടാൻ കഴിയാത്തതരത്തിലുള്ള സ്വാധീനമാണ് നവമാധ്യമങ്ങൾ നടത്തുന്നത്. സമൂഹമാധ്യമങ്ങളുടെ ഗണ്യമായ വർദ്ധനവ് വ്യക്തിഗത ആശയവിനിമയത്തിൽ വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അടുത്തകാലത്തായി ഇവ ഉപയോക്താക്കൾക്ക് പരസ്പരം ആശയവിനിമയം നടത്താൻ വ്യത്യസ്തവഴികളും പുതിയ സങ്കേതങ്ങളും പ്രദാനം ചെയ്യുന്നു. ഇവ ആളുകളുടെ ഇടപെടലുകളെയും സമൂഹത്തിന്റെ ആശയവിനിമയത്തെയും കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നു. ചോദ്യംചെയ്യാനാവാത്ത തരത്തിലുള്ള സ്വാധീനമാണ് സമൂഹമാധ്യമങ്ങൾ ആധുനികകാലത്ത് ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ചെയ്യുന്നത്. മനുഷ്യജീവിതത്തിലെ സമൂഹമാധ്യമങ്ങളുടെ ഇടപെടൽ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം, ആശയവിനിമയം നടത്തണം എന്നീ കാര്യങ്ങളിൽ ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, വാട്സ് ആപ്പ്, യൂട്യൂബ് തുടങ്ങിയ സമൂഹമാധ്യമങ്ങൾ ശ്രദ്ധാർഹമായ പങ്ക് വഹിക്കുന്നു. ഭാഷാഉപയോഗത്തിൽ പുതിയ മാറ്റംവരുത്താനും സമൂഹമാധ്യമങ്ങൾ കാരണമാകുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ആശയവിനിമയത്തിനുവേണ്ടി ഉപയോഗി

ക്കുന്നത് സമൂഹമാധ്യമങ്ങളെയാണ്. പരമ്പരാഗത ആശയവിനിമയ സ്രോതസ്സുകളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ വിവരകൈമാറ്റശൃംഖലയായി ഇവ മാറിയിരിക്കുന്നു.

## സമൂഹമാധ്യമങ്ങളുടെ സ്വാധീനം ഭാഷാപരിണാമത്തിൽ

ആധുനികകാലം സാക്ഷ്യംവഹിക്കുന്നത് ആശയവിനിമയത്തിന്റെ അത്ഭുതപൂർവമായ പരിണാമമാണ്. ആശയവിനിമയത്തിന് എല്ലാ സൗകര്യവും ഒരുക്കുന്ന സമൂഹമാധ്യമങ്ങളുടെ വരവിനെയാണ് ഈ പരിണാമം പ്രതിനിധീകരിക്കുന്നത് (yuna:2022). ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഫേസ്ബുക്ക്, ട്വിറ്റർ, യൂട്യൂബ്, ഇൻസ്റ്റഗ്രാം, ടെലെഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങളുടെ പരിണാമമാണ് ഉണ്ടായത് (s.esteron, 2021). ഇവയുടെ വരവ് ജനങ്ങളുടെ ആശയവിനിമയത്തിൽ ഒരുപാട് സങ്കേതങ്ങളും മാറ്റങ്ങളും പരിചയപ്പെടുത്തി.

പരമ്പരാഗത മാധ്യമങ്ങളിൽ നിന്നും വ്യത്യസ്തമായി ആശയവിനിമയത്തിനുവേണ്ടി ഒരുപാട് പുതിയ വാക്കുകളും പ്രയോഗങ്ങളും രൂപങ്ങളും സമൂഹമാധ്യമങ്ങൾ നിർമിക്കുന്നു. ആശയവിനിമയത്തിന് സമൂഹമാധ്യമങ്ങൾ നൽകുന്ന വേഗത പുതിയ പദങ്ങളുടെ രൂപീകരണത്തിനും ചുരുക്കരൂപങ്ങളുടെ നിർമിതിക്കും ഹേതുവാകുന്നു. സമൂഹമാധ്യമങ്ങളിൽ ഇന്ന് പരസ്പരം ആശയവിനിമയം നടത്തുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് അക്രോനിം, അബ്രിവിയേഷൻ തുടങ്ങിയ ചുരുക്കെഴുത്ത് രീതികളാണ്. കൂടാതെ അനേകം ചിഹ്നങ്ങളും രൂപങ്ങളും ഇപ്പോൾ മലയാളഭാഷയുടെ ഭാഗമായി മാറിയിരിക്കുന്നു. ചിഹ്നങ്ങളിലൂടെയും രൂപങ്ങളിലൂടെയും മാത്രം ആശയവിനിമയം നടത്താം എന്നതും സമൂഹമാധ്യമങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം രൂപങ്ങൾ സമൂഹമാധ്യമ ഉപയോക്താക്കളുടെ കോശിമത്തിന്റെ അല്ലെങ്കിൽ പദസമ്പത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഇവയെല്ലാം തന്നെ ഭാഷാപരിണാമത്തിൽ സമൂഹമാധ്യമങ്ങൾ ചെലുത്തിയ സ്വാധീനത്തെ കാണിക്കുന്നു.

## നവപദനിർമിതി (Neologism)

സമൂഹമാധ്യമങ്ങളിലെ ഭാഷാപരിണാമത്തിന്റെ ഫലമായി പുതിയ ഒരുപാട് വാക്കുകൾ നമ്മുടെ പദകോശത്തിൽ വന്നുവെന്ന് നാം സൂചിപ്പിച്ചല്ലോ. ഇത്തരത്തിൽ രൂപപ്പെട്ട പുതിയ വാക്കുകളെയാണ് നിയോലോഗിസം എന്ന് പറയുന്നത്. തികച്ചും പുതിയ ഒരു പദം, പഴയ പദങ്ങൾക്ക് പുതിയ അർത്ഥം നൽകി ഉപയോഗിക്കുന്ന പദങ്ങൾ, പണ്ട് ഉണ്ടായിരുന്ന അർത്ഥത്തെ അപ്രസക്തമാക്കി തികച്ചും പുതിയ അർത്ഥം നൽകി ഉപയോഗിക്കുന്ന പദം എന്നിങ്ങനെ ഇവയെ തിരിക്കാം. ഓൺലൈൻ സംഭാഷണങ്ങളിലും സന്ദേശങ്ങളിലും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഈ പുതുപദങ്ങളാണ്. സ്ഥിരമായി സമൂഹമാധ്യമങ്ങൾ ഉപയോഗിയ്ക്കാത്ത ഒരാൾക്ക് പുതുപദങ്ങൾ മനസിലാക്കാൻ വളരെ ബുദ്ധിമുട്ടാണ്. എന്നാൽ സ്ഥിരമായി സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്ന ഒരു വ്യക്തിക്ക് പുതുപദങ്ങൾ മനസിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാവില്ല. നിലവിലുള്ള പദങ്ങളുടെ കൂടെ പ്രത്യയങ്ങൾ ചേർത്തും സംയുക്തപദങ്ങൾ ചേർത്തുമെല്ലാം പുതുപദങ്ങൾ നിർമിക്കുന്നു.

മലയാളം നാമങ്ങളുടെ കൂടെ ഇംഗ്ലിഷ് പ്രത്യങ്ങൾ ചേർത്ത് ക്രിയാരൂപങ്ങൾ നിർമിക്കുന്ന രീതിയും ഇംഗ്ലിഷ് പദങ്ങളുടെ കൂടെ മലയാളം പ്രത്യയങ്ങൾ ചേർത്ത് പുതിയ പദങ്ങൾ നിർമി

 ISSN: 2582 - 2594

ക്കുന്ന രീതിയും സമൂഹമാധ്യമങ്ങളിൽ നടക്കുന്നുണ്ട്. ഇത് ഭാഷയുടെ പുതിയ പരിണാമമാണ്.

ചാറ്റ്+ഉക = ചാറ്റുക (ഇംഗ്ലിഷ് +മലയാളം പ്രത്യയം)
ചങ്ക് +സ് = ചങ്ക്സ് (മലയാളം നാമം+ ഇംഗ്ലിഷ് പ്രത്യയം)
വൈബ്+അൻ= വൈബൻ (ഇംഗ്ലിഷ് +മലയാളം പ്രത്യയം)

മലയാളം പദങ്ങളുടെകൂടെ മറ്റ് ഭാഷകളിലെ പദങ്ങൾ കോഡ് മിക്സ് ചെയ്ത് പുതിയ പദങ്ങൾ നിർമിക്കുന്ന രീതിയും സമൂഹമാധ്യമങ്ങളിൽ സജീവമാണ്.

റൈഡർ കണ്ണാപ്പി (ഇംഗ്ലിഷ്+മലയാളം)
മൊരട്ട് സിംഗിൾ (തമിഴ്+ഇംഗ്ലിഷ്)
സിഗ്മ ചങ്ക് (ഇംഗ്ലിഷ് +മലയാളം)

ഉപയോക്താക്കൾക്ക് വേഗത്തിൽ ഉപയോഗിക്കാൻ പരുവത്തിൽ പദങ്ങൾ ചുരുക്കിയും അവയുടെ കൂടെ മറ്റ് അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് പുതിയ പദങ്ങൾ നിർമിക്കുന്ന പ്രവണതയും ഏറിവന്നിരിക്കുന്നു.

മാപ്രാ (മാധ്യമപ്രവർത്തകർ)
Gn (ഗുഡ് നൈറ്റ്)
Wai8 (wait)

നിലവിൽ ഉപയോഗിക്കുന്ന പദങ്ങളെ അപ്രധാനമാക്കിക്കൊണ്ട് അതേ അർത്ഥം വരുന്ന തീർത്തും പുതിയതായ ഒരു വാക്ക് പദകോശത്തിൽ ചേർക്കുന്നു. (ചില പുതിയ വിശേഷണ പദങ്ങൾ)

ദേഷ്യക്കാരൻ = കലിപ്പൻ
ദേഷ്യക്കാരി = കലിപ്പത്തി/കാന്താരി
പ്രിയപ്പെട്ടവർ = പൂക്കിസ്
വൃത്തികെട്ടവൻ = കഴപ്പൻ
ഒന്നിനും കൊള്ളാത്തവൻ = മൊണ്ണേഷ്

ഒരേ അർത്ഥത്തെ കുറിക്കാൻ നിരവധി പുതിയ പദങ്ങൾ ഉപയോഗിക്കുന്നു എന്നതും മറ്റൊരു ഭാഷാപരമായ സവിശേഷതയാണ്.

സുഹൃത്ത് = ഹോമി
ബെസ്റ്റി
ചങ്ക്സ്
ടീമുകൾ
ചങ്കത്തി
സോൾ ഗഡി

ഇത്തരത്തിൽ ഒരുപാട് പുതിയതും വ്യത്യസ്തവുമായ പദങ്ങൾ സമൂഹമാധ്യമങ്ങളുടെ അനിയന്ത്രിതമായ ഉപയോഗത്തിൻ ഫലമായി മലയാളഭാഷയിൽ ഉണ്ടായിട്ടുണ്ട്. ഇങ്ങനെ നിർമിക്കപ്പെട്ട പുതിയപദങ്ങൾ പദകോശത്തിൽ സ്ഥാനംപിടിക്കുമ്പോൾ ചില സമയത്ത് നിലവിലുള്ള പദങ്ങളുടെ പ്രാധാന്യത്തെ അപ്രസക്തമാക്കുകയും അവ പൂർണമായും ഉപയോഗത്തിൽ

നിന്നും മാഞ്ഞുപോവുകയും ചെയ്യുന്നു. ഭാഷയിൽ പരിണാമം നടക്കുന്നത് നല്ലതാണെങ്കിൽ പോലും പഴയ പദങ്ങൾ തീർത്തും തുടച്ചുനീക്കപ്പെടുന്നത് ഭാഷയെ നാശത്തിലേക്ക് നയിക്കാം. കാരണം പുതുതായി രൂപപ്പെടുന്ന വാക്കുകൾക്ക് അധികം ആയുസുണ്ടാവുന്നില്ല. കേവലം ഒരു കാലഘട്ടത്തിൽ വളരെ പ്രചാരത്തിലും ഉപയോഗത്തിലും നിന്ന വാക്കുകൾ പലതും ഇന്ന് ഉപയോഗിച്ച് കാണുന്നില്ല. അതിനാൽ തന്നെ പുതിയ പദങ്ങളെ സ്വീകരിക്കുന്നതിനൊപ്പം പഴയെ പദങ്ങളെയും കൂടി സംരക്ഷിച്ച് നിർത്തുക എന്നത് വളരെ പ്രധാനമാണ്.

## ഉപസംഹാരം

അക്ഷരങ്ങളെയും ലിപിയെയും അപ്രധാനമാക്കിക്കൊണ്ട് പുതിയൊരു ആശയവിനിമയ വ്യവസ്ഥ സമൂഹമാധ്യമങ്ങളുടെ ഫലമായി രൂപീകരിക്കപ്പെട്ടതാണ് ഭാഷയിലുണ്ടായ ഏറ്റവും വലിയ പരിണാമം. മലയാളഭാഷയെ ഏത് വിധത്തിലും മാറ്റങ്ങൾക്ക് വിധേയമാക്കാനും വളച്ചൊടിക്കാനും സാധിക്കും എന്ന അവസ്ഥ സംജാതമായി. പുതിയ വാക്കുകൾ പുതിയ പ്രയോഗങ്ങൾ പുതിയ രൂപങ്ങൾ ചിഹ്നങ്ങൾ എഴുത്തുരീതികൾ എന്നിവ ഭാഷയുടെ നവീകരണത്തിന് കാരണമായി. ആശയവിനിമയം കേവലം ചില രൂപങ്ങളിലൂടെ ചിഹ്നങ്ങളിലൂടെയും സാധ്യമാകുന്നു. ഭാഷാശാസ്ത്രപരായ നിയമങ്ങളും പ്രമാണങ്ങളും വെറും കാഴ്ചക്കാരായി മാറുന്നു. പുതിയ ജനതക്ക് ഇതാണ് ആവശ്യം. നിലവിലുള്ളവർ ഇതുമായി പൊരുത്തപ്പെട്ടുകഴിഞ്ഞു. നവജനതയുടെയും നവയുഗത്തിന്റെയും ഭാഷയായി ഇത് അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.

## ഗ്രന്ഥസൂചിക


1. നവമാധ്യമങ്ങൾ സാഹിത്യം.സംസ്കാരം.രാഷ്ട്രീയം, ഡോ.എ എസ് പ്രതീഷ്, ഡോ.എം ആർ ഷെല്ലി, 2018 ജൂൺ, ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കേരള തിരുവനന്തപുരം (printed by time offset printers Trivandrum).
2. ഡോ.ടി കെ സന്തോഷ് കുമാർ, നവമാധ്യമങ്ങൾ ജനകീയതയും വിശ്വാസ്യതയും, പരിധി പബ്ലിക്കേഷൻസ് തിരുവനതപുരം, 2015.
3. ഡോ. വിശാൽ ജോൺസൺ, ഇന്റർനെറ്റ് വ്യവഹാരങ്ങളും മാറുന്ന മലയാളി ഭാവുകത്വവും, പാവനാത്മ പബ്ലിഷേർസ്, 2002.
4. ടീ വി സുനീത, ഇ. മലയാളം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് കേരള, 2012.
5. ടീ വി സുനീത, സൈബർ മലയാളം, കറൻറ് ബുക്സ് തൃശ്ശൂർ, 2009.
6. ana deumert, sociolinguistics and mobile communication, edinburgh university press, 2014.
7. Baron, Noami, "language and the internet", in the Stanford handbook for language engineers. 2003.
8. Crystal, David. Language and the internet. Cambridge: Cambridge University press, 2001.
9. Cannon, Gerland, "Abbreviation and acronyms in English word- formation. American Speech" 64, 2 (1989): 99-127.
10. Natsir Muhammad, Saragih Bahagia, Puan Suri Mira.A, Rafika Devi, Lidiman Sahat Martua Sinaga, language change in social media (instagram), Randwick international of social science journal, July 2020.


 ISSN: 2582 - 2594

MEDIA STUDIES

# Beyond Entertainment: Exploring Enculturation and Behavioural Influences in Children

**Arya P G**
Research Scholar, School of Film Studies,
Thunchath Ezhuthachan Malayalam University,
Tirur, Kerala
Email: aryapgopi1997@gmail.com

## Abstract

This study examines the influence of cartoon on children's cultural values, behaviours, and social interactions, providing insights into how animated characters impact young audiences' worldview and social conduct. Based on survey responses from children aged 6-13, this research explores the influence of beloved cartoon characters on children's emulation of behaviours, adoption of character traits, and the desire to replicate favourite characters' settings and language. Findings indicate that children are inspired by characters' positive and negative qualities, which shape their social behaviours and perception of cultural values. The study highlights the critical role of understanding the psychological and social implications of cartoon consumption in shaping child development and offers recommendations for parents and educators to channel these influences positively.

**Keywords:** cartoons, children, cultural influence, social learning, child development, enculturation

## Introduction

In the digital age, children are increasingly immersed in animated media, with cartoons among the most frequently consumed forms of entertainment. Beyond mere amusement, cartoons shape children's social and cultural understanding in ways that extend deep into their developmental psychology. Unlike traditional forms of

storytelling, animated media combines visual, auditory, and narrative elements that capture young viewers' attention and imagination, making it a particularly potent medium for transmitting social norms, behaviours, and cultural values. As children watch cartoons, they are often exposed to a variety of characters, storylines, and interactions that model diverse ways of navigating social, moral, and emotional landscapes. For young viewers, these characters become influential figures whose behaviours and values may be internalized and mirrored in their own lives, forming a foundational part of their worldview.

The developmental impact of cartoon media is supported by psychological theories, notably Bandura's Social Learning Theory (1977), which suggests that children learn behaviours by observing and imitating those they find appealing or socially rewarded. This theory emphasizes that children's repeated exposure to certain character traits, actions, and consequences can reinforce behaviours as desirable or acceptable. Characters in animated shows that exhibit superpowers, moral integrity, or unique attributes are particularly compelling for children aged 6 to 13, an age range characterized by rapid cognitive, social, and emotional development. At this stage, children are in a crucial phase of identity formation, seeking out role models who help them interpret the world around them. Cartoon characters who demonstrate bravery, kindness, intelligence, or resilience can thus become aspirational figures that children admire and wish to emulate.

In addition to social learning, cartoons contribute significantly to children's enculturation- the process by which individuals learn and internalize the norms and values of their society. Cultural messages embedded within cartoons offer children early insights into societal values, expectations, and acceptable behaviours, influencing their developing sense of self and their relationships with others. For example, cartoons may portray specific gender roles, family structures, and cultural symbols that, over time, inform children's perceptions of social order and cultural identity. This is especially relevant in today's globalized media landscape, where children are exposed not only to domestic but also international animated content. As a result, children may assimilate diverse cultural perspectives, fostering either a broadened worldview or, at times, a confusing blend of conflicting values.

This study investigates the extent to which children identify with and emulate cartoon characters, examining how specific attributes, behaviours, and values are internalized and expressed in children's social interactions and personal perceptions. By analysing the appeal of particular character traits, including positive qualities (such as courage and kindness) and negative ones (such as


ISSN: 2582 - 2594

aggression and deceit), this research seeks to understand how animated media shapes children's behavioural patterns and cultural perceptions. This research is of particular importance to educators, parents, and media creators who play roles in guiding young audiences' media consumption. For educators and parents, an awareness of these influences can aid in fostering healthy media consumption and encouraging constructive character emulation. For content creators, understanding these effects can inform the development of content that aligns with educational and pro-social goals, supporting a balanced approach to media that encourages healthy child development and positive cultural integration.

ഗൾഫിലേക്കുള്ള മലയാളിയുടെ പുറപ്പാടു കാലം 1960 കളുടെ അവസാനകാലത്തോടെ ആരംഭിക്കുന്നതായിപ്പറയാം. കഴിഞ്ഞനൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ കേരളീയ ഗ്രാമങ്ങളിൽ നിന്നും വിരഹിണികളായ സ്ത്രീകൾ മരുഭൂമിയിലേക്കയച്ച കത്തുകൾ സമാഹരിക്കപ്പെടുകയാണെങ്കിൽ മലയാളത്തിലെഴുതപ്പെട്ട ഏറ്റവും സമ്പന്നമായ സാഹിത്യ സൃഷ്ടി അതായിരിക്കും. അക്ഷരത്തെറ്റുകളും വ്യാകരണപ്പിശകുകളും നിറഞ്ഞ ആ ബൃഹദ് സാഹിത്യം കേരളത്തിന്റെ സമകാലിക ചരിത്രമായിരിക്കും എന്ന് ബാബു ഭരദ്വാജ് അഭിപ്രായപ്പെടുന്നുണ്ട്.[4] ഭരദ്വാജ്, തൊഴിൽതേടി മരുഭൂമിയിലേക്കു പോയ ഭർത്താവും നാട്ടിൽ വീട് ചുമലേറ്റുന്ന ഭാര്യയും അവൾ പോറ്റിവളർത്തുന്ന കുഞ്ഞുങ്ങളും വിവാഹിതരായിട്ടും കുടുംബത്തെ പോറ്റാൻ ബാച്ചിലർ ജീവിതം നയിക്കുന്ന മനുഷ്യരുടെ പൊള്ളുന്ന കഥകളാണ് ഗൾഫ് പ്രവാസത്തിന്റെ ചരിത്രം. ഭാര്യയും ഭർത്താവും ഒരു പോലെ അനുഭവിച്ച ഈ മാനസികപ്രശ്നം ഗൾഫ് സിൻഡ്രോം എന്ന രീതിയിൽ മനഃശാസ്ത്ര അപഗ്രഥനത്തിന് വിധേയമായിട്ടുണ്ട്. പക്ഷെ ആഴത്തിലുള്ള പഠനം ഈ മേഖലയിൽ നടന്നിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് 1977ൽ എസ്.എ ജമീൽ എഴുതിയ ദുബായ് കത്ത് പാട്ട് സൂക്ഷ്മമായി പഠിക്കപ്പെടേണ്ടത്. ദുബായ്പാട്ടിൽ ദരിദ്രരും പ്രവാസികളുമായ മുഴുവൻ മലയാളി പുരുഷന്റെയും സ്ത്രീയുടേയും സങ്കടങ്ങളാണ് ഇരമ്പിമറിയുന്നത്. ഇപ്പോൾ സാങ്കേതിക വിദ്യകളും വാർത്താവിനിമയ മാർഗ്ഗങ്ങളും ഏറെ വളർന്നെങ്കിലും കത്തുപാട്ട് ഇന്നും കണ്ണിനെ ആർദ്രമാക്കി മനസ്സുകളിൽ മനുഷ്യബന്ധത്തിന്റെ പുതിയ ഭൂമിയും ആകാശവും സൃഷ്ടിച്ചുകൊണ്ട് ഇപ്പോഴും പാടിക്കൊണ്ടേയിരിക്കുകയാണ്.[5]

ദുബായ് കത്ത് കേരളത്തിന്റെ ഗൾഫ് ചരിത്രത്തിന്റെ ചോരയാണ് എന്ന കെ.ഇ.എൻ ന്റെ അഭിപ്രായം അക്ഷരാർത്ഥത്തിൽ ശരിയാണ്.[6] കേരളത്തിന്റെ ആധുനിക പ്രവാസ മഹാ

ഗീതമെന്നും പച്ചയായ മലയാളത്തിന്റെ ഏകസന്ദേശകാവ്യമെന്നും കെ.ഇ.എൻ ഈ കൃതിയെ വിശേഷിപ്പിക്കുന്നു.

ദുബായ് കത്ത് പാട്ട് എസ്.എ. ജമീൽ എഴുതുന്നത് 1977 ലാണ് ആദ്യമായി താൻ വിദേശയാത്ര പോയപ്പോഴാണ് അതിന്റെ തലേന്നാൾ താൻ കുത്തിക്കുറിച്ച പാട്ടാണ് സ്വദേശത്തും വിദേശത്തും ഏറെ പ്രശസ്തി നൽകിയ ഈ പാട്ട്. മാപ്പിളപ്പാട്ടിന്റെ ചരിത്രത്തിൽ ഏറ്റവും ജനപ്രിയമായിത്തീർന്ന ഒന്നായിത്തീർന്നു ദുബായ് കത്ത്. ലാളിത്യംകൊണ്ടും സത്യസന്ധമായ ആവിഷ്കാരംകൊണ്ടും നാട്ടിലുള്ള ഭാര്യമാർ ഗൾഫിലുള്ള ഭർത്താക്കന്മാർക്ക് കൊടുത്തയച്ച വികാരതീവ്രമായ കത്തായി ആത്മനിഷ്ഠവും വാസ്തവബന്ധവുമായ ആ പാട്ടുകൾ താദാത്മീകരിക്കപ്പെട്ടു ഗൾഫ് മലയാളി.

എത്രയും ബഹുമാനപ്പെട്ട എന്റെ പ്രിയ ഭർത്താവ് വായിക്കുവാൻ സ്വന്തം ഭാര്യ... എന്നു തുടങ്ങുന്ന പാട്ട് ഗൾഫുകാരായ യുവാക്കളുടെ വികാരവിക്ഷോഭങ്ങൾ തൊട്ടറിയുന്നവയായിരുന്നു. മറുപടിയും തീക്ഷ്ണമായിരുന്നു.

അബുദാബിയിലുള്ളൊരെഴുത്തുപെട്ടി
അതു തുറന്നപ്പോൾ
കത്തു കിട്ടി
എൻ പ്രിയേ നീ നിന്റെ
ഹൃദയം പൊട്ടി
എഴുതിയ കത്തുഞാൻ
കണ്ടു ഞെട്ടി.

പ്രണയത്തിന്റെയും വിരഹത്തിന്റെയും താദാത്മീകരണത്തിന്റെയും തീവ്രത ദുബായ് കത്തിനെ വ്യത്യസ്തമാക്കുന്നു. ജീവിതപ്രാരബ്ധങ്ങളിൽ മുങ്ങിക്കുളിച്ച് ഗൾഫിലേക്ക് തൊഴിൽ തേടിപ്പോയ അനേക മനസ്സുകളുടെ നേർവികാരങ്ങളെ യാഥാർത്ഥ്യത്തോടെ അവതരിപ്പിക്കപ്പെട്ടു. മണൽക്കാടുകളിൽ സ്നേഹത്തിന്റെ കുരിശുകൾ പേറി നടക്കുന്ന യുവാക്കളുടെ മാനസിക ഘടനയിൽ ഉണ്ടായ അതിസൂക്ഷ്മമായ വികാരഭാവംകൂടി ഈ കത്ത് പ്രകാശിപ്പിക്കുന്നു.[7]

### ജനപ്രിയതയും ആവിഷ്കാരവും

ഭർത്താവ് ഭാര്യയുടെ ദുഃഖങ്ങൾ മുഴുവൻ കാണുന്നു. അത് സ്വന്തം അനുഭവമായി താദാത്മീകരിക്കുന്നു. ഇതാണ് കാവ്യഘടന. ഭാര്യമാരുടെ ഹൃദയം അതിൽ പൊടിയുന്ന ചോരയുടെ നിറം ഈ പാട്ടിൽ പടർന്നുകിടന്നു. ദാരിദ്ര്യം മാറുന്നതിനും മികച്ച ഒരു ഭാവി തങ്ങൾക്കുണ്ടാകുന്നതിനും വേണ്ടി മണലാരണ്യത്തിൽ പണിയെടുക്കുന്ന പ്രിയതമനോട് അവൾ പറയുന്നത് ...

പൊന്നും മുതലും
പണ്ടം പണം പങ്കീസും
ഫോറിൻ സാരികളണിഞ്ഞുള്ള
പത്രാസും

നാലു പേർ കാണ
നടിക്കുന്ന നാമൂസും
നാട്ടിൽ ഏറ്റവും വലിയ
വീടിന്റെ അന്തസ്സും
ഇതൊക്കെ ഉണ്ടെങ്കിലും
ഉണ്ടെനിക്ക് സകലം
എല്ലാം എല്ലാം
ഉണ്ടായിട്ടെന്തു ഫലം
അനാഥമായ്
ഇണ തുണയറ്റ
ഗുണമണമുള്ള
പൊൻ മലരായ് വിരിഞ്ഞ
വിരഹത്തിൻ
വെണ്ണീറായ് വെന്തെരിഞ്ഞ

തന്റെ ജീവിതത്തിന്റെ നിലവാരമെല്ലാം ഉയർന്നുവെന്നതു ശരി തന്നെ, പക്ഷെ അനാഥമാണ് തന്റെ ജീവിതം. ഇണ തുണയറ്റ വിരഹത്തിൻ വെണ്ണീറായിരിക്കുന്നു. രണ്ടോ മൂന്നോ നാലൊവർഷം കൂടി വരുന്ന പ്രിയതമനോടൊത്തൊരു ജീവിതം അവൾക്ക് വലിയ പൂതിയായി അവശേഷിക്കുന്നു. എന്നിട്ട് പറയുന്നത് നോക്കുക

അറബിപ്പൊൻവിളയും
മരുമണൽ കാട്ടില്
അകലെയബുദാബി
ഗൾഫിന്റെ നാട്ടില്
അദ്ധ്വാനിക്കും നിങ്ങൾ
സൂര്യന്റെ ചോട്ടില്
അനുഭവിക്കാൻ ഞാനും
കുട്ടിയും വീട്ടില്
ഞാനൊന്നു ചോദിക്കുന്നു
ഈ കോലത്തിൽ
എന്തിനു സമ്പാദിക്കുന്നു
ഒന്നുമല്ലെങ്കിലും
തമ്മിൽ കണ്ടു കൊണ്ട്

 ISSN: 2582 - 2594

നമ്മൾ രണ്ടും ഒരു
പാത്രത്തിൽ ഉണ്ണാമല്ലോ
ഒരു പായ് വിരിച്ചൊന്നി
ച്ചുറങ്ങാമല്ലോ

ഇങ്ങനെ വികാരങ്ങളുടെ സത്യസന്ധമായ ആവിഷ്ക്കാരമാണ് ദുബായ് കത്തു പാട്ടിനെ ജനപ്രിയമാക്കിയത് മറുപടി. കത്തിൽ ഭാര്യയുടെ വാക്കുകൾ എത്രമാത്രം ഭർത്താവിൽ ആഴ്ന്നിറങ്ങി എന്ന് കാണാം. ഭർത്താവിന്റെ സഹനത്തിന്റെയും വേദനയുടെയും വാക്കുകൾ നോക്കുക: പ്രിയതമ ഹൃദയം പൊട്ടിയെഴുതിയ കത്ത് അയാളിലുണ്ടാക്കിയ ഞെട്ടൽ..

കരളിന്റെ ചുടുരക്ത
മഷിയിൽ മുക്കി
കത്തിന്റെ കതിർമാല
കോർത്തൊരുക്കി
വാക്കുകൾ കൂരമ്പായ്
കുത്തിത്തറയ്ക്കുന്നു
വാക്യങ്ങളൊരീർച്ച
വാളായറുക്കുന്നു.
വേദനയും കുമ്പസാരവും
അയാളുടെ വാക്കുകളിലെമ്പാടും
കാണാൻ കഴിയും
പെണ്ണിന്റെ ആവശ്യമറിയാത്തൊരു ഭർത്താവ്
പൊണ്ണൻ അവനാണവളുടെ
തെറ്റിന്റെ കർത്താവ്
എന്നും
മലക്കല്ല ഞാൻ എന്നത്
വല്ലാത്തൊരു വാക്കാണ്
മനസ്സിൽ വെടി പൊട്ടിച്ച
രൊരിട്ടക്കുഴൽ തോക്കാണ്
മാനാഭിമാനമുള്ള
പുരുഷന്റെ നേർക്കാണ്

ഇങ്ങനെ സങ്കടത്തിന്റെയും സംഘർഷത്തിന്റെ മരുക്കടലായി അയാളുടെ ജീവിതം ആവിഷ്ക്കരിക്കപ്പെടുന്നു. പച്ചയായ അനുഭവത്തിന്റെ ആവിഷ്ക്കാരമായി ദുബായ് കത്ത് മാറിയതുകൊ

ണ്ടാണ് അത് ജനപ്രിയമായത്. ചരിത്രത്തേയും കാലത്തേയും ചേർത്തുവച്ച് അനുഭൂതിയുടെ കലയാക്കി മാപ്പിളപ്പാട്ടിനെ മാറ്റി.

കുടുംബജീവിതത്തിൽ അടിയുറച്ച വിശ്വസിക്കുകയും എന്നാൽ ഗൾഫ് പ്രവാസം മൂലം ഭാര്യയും ഭർത്താവും പിരിഞ്ഞു ജീവിക്കേണ്ടിവരികയും ചെയ്യുന്ന (അളവിൽ കുറഞ്ഞെങ്കിലും ഇന്നും തുടരുന്ന) വൈകാരികസാമൂഹിക പ്രശ്നത്തെ ഈ കത്തുപാട്ടുകളിലൂടെ അഭിസംബോധന ചെയ്യാനാണ് എസ്.എ. ജമീൽ ശ്രമിക്കുന്നത്.[8]

മാപ്പിളപ്പാട്ടു പോലുള്ള ഒരു കലാരൂപത്തിൽ വിലക്കപ്പെട്ടത് എന്നു കരുതുന്ന പ്രമേയമാണ് കത്തുപാട്ടിൽ ജമീൽ ആവിഷ്കരിച്ചത്. എസ്.എ. ജമീൽ അബുദാബിയിലെ സദസിനെ അഭിമുഖീകരിച്ചുപറഞ്ഞതുപോലെ 'സുഹൃത്തുക്കളെ എല്ലാവർക്കും വേണ്ടി ഒരു കത്ത് ഞാൻ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങളുടെ ഭാര്യമാർ എഴുതിയ കത്ത്. അതെത്തിക്കുന്ന പോസ്റ്റ്മാൻ മാത്രമാണ്.[9] എല്ലാ ജനകീയ കലാകാരന്മാരും ഈ ദൗത്യമാണ് നിർവഹിക്കുന്നത്. ഹൃദയം തൊട്ട് അവതരിപ്പിക്കുക, കലയുടെ ഏക ലക്ഷ്യവുമാണ് അത്.'

### റഫറൻസ്


1. അപ്പുക്കുട്ടൻ നായർ ചമ്പക്കുളം, മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998, പുറം – 23
2. ഫൈസൽ എളേറ്റിൽ, മാപ്പിളപ്പാട്ടിന്റെ ജനകീയത (ലേഖനം), അറബി മലയാള സാഹിത്യ പഠനങ്ങൾ (എഡി. ടി. മൻസൂറലി) ലീഡ് ബുക്സ്, കോഴിക്കോട്, 2014, പുറം 101
3. കുട്ടി വി.എം, മാപ്പിളപ്പാട്ടിന്റെ തായ് വേരുകൾ, തൃശ്ശൂർ, 2007, പുറം.56
4. ബാബു ഭരദ്വാജ്, പ്രവാസിയുടെ കുറിപ്പുകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013, പുറം 146
5. ഫൈസൽ എളേറ്റിൽ, മാപ്പിളപ്പാട്ടിന്റെ ജനകീയത (ലേഖനം) അറബി മലയാള സാഹിത്യ പഠനങ്ങൾ, (എഡി.ടി. മൻസൂറലി), ലീഡ്ബുക്സ്, കോഴിക്കോട്, 2014, പുറം 101
6. കെ.ഇ.എൻ, എസ്.എ ജമീലിന്റെ തെരഞ്ഞെടുത്ത കൃതികൾ (ആമുഖപഠനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010, പുറം 10
7. മുഹമ്മദ് എൻ.പി, കുരിശു പേറുന്ന യുവാക്കൾ (ലേഖനം), എസ്.എ. ജമീലിന്റെ തെരഞ്ഞെടുത്ത കൃതികൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010, പുറം 128
8. മുസഫർ അഹമ്മദ്.വി, അവർ കണ്ണീരും സ്വപ്നങ്ങളും പങ്കുവച്ചതെങ്ങനെ (ലേഖനം, 1921–2021– കേരള മുസ്ലിംങ്ങൾ നൂറ്റാണ്ടിന്റെ ചരിത്രം (ചീഫ് എഡി.കെ.ഇ.എൻ) വചനം ബുക്സ്, കോഴിക്കോട്, 2021, പുറം 824
9. ഒറ്റയ്ക്കൊരു സിംഫണി, നിശാഗന്ധി ബ്ലോഗ് സ്പോട്ട്. കോം, സെപ്റ്റംബർ 28 2013. : http//nisagandhiblogspot.com 2013/09/blogspot_5500html


 ISSN: 2582 - 2594

LITERATURE STUDIES

# Literary Contributions under the Mughal Empire From 1526 to 1707: A Historical Study

**Santhosh Kumar M**
Research Scholar
Dept. of Islamic History
Maharaja's College, Ernakulam
Email: santhoshkarette@gmail.com

**Abstract**

The Mughal Empire (1526-1857) was a pivotal period in the Indian Subcontinent's cultural history. Babur established the Mughal Empire in 1526 after defeating the Sultan of Delhi Ibrahim Lodi in the First Battle of Panipat. During this time, the arts like painting, textiles, literature, poetry, and architecture thrived. Numerous works of literature were created by a wide range of artists, including Mughal rulers and nobles. Because Persian was the official and courtly language throughout the Mughal Empire, many literary works were written in it. Other regional languages saw literary growth as well. Many causes contributed to this, one of which being the Sufi and Bhakti saints who preached in local languages. Another aspect was that many Mughal emperors were patrons of literary works. Emperor Babur authored various poetry, and his narrative Baburnama has been much praised by academics. It was originally written in Turkish but was later translated into numerous languages. Many writers and poets emigrated from Persia to India, which was also a significant factor in the development of literature.

**Keywords:** The Mughal Empire, Subcontinent, Battle of Panipat, Sufi, Bhakti Saints, Baburnama

## Introduction

During the reign of the Mughals, literature advanced dramatically. A great number of original and translated works were produced. Furthermore, literature developed not only in Persian but also in Hindi, Sanskrit, Urdu, and other regional languages. Akbar made Persian the state language, which aided in the development of its literature. Furthermore, with the exception of Akbar, all Mughal rulers were well-educated and supported learning. Between the 16th and 19th centuries, the Mughal Empire ruled over a large portion of South Asia.[1]

## Literature in Babur and Humayun's Reign

Babur was a learned man. His autobiography Tuzuki-Babri was written in Turki and was so eloquently written that it was translated into Persian three times. He also penned poems in Turki and Persian, and his collection of Turki poems, Diwan (Turki), became well-known. Humayun was fluent in both Turki and Persian literature. In addition, he was well-versed in philosophy, mathematics, and astronomy. He was a patron of scholars of many disciplines. Although Akbar was not educated, he provided the conditions that aided the blossoming of literature throughout his reign. The Persian language was encouraged, and great works in other languages like Sanskrit, Arabic, Turki, Greek, and others were translated into it. For this reason, he formed a distinct department. He kept a library full of books on diverse subjects and enjoyed the company of academic poets and philosophers who read books to him aloud, allowing him to get acquainted with Sufi, Christian, Zoroastrian, Hindu, and Jain literature."[2] Under his support, several scholars came to prominence. Jahangir was well-educated as well. For the first seventeen years of his reign, he personally wrote his biography, Tuzuk-i-Jahangiri, while the remainder was compiled by Mautmid Khan.[3] During Jahangir's reign, the Mughal Empire was built on a solid basis and gained the ability to survive successful rebellions and wars.[4]

Despite the fact that the Mughal empire was founded and perpetuated by military force, it did not actively repress the cultures and peoples it came to dominate; rather, it equalized and placated them through new administrative methods.[5] Babur was a well-educated guy. Tuzuk-i-Baburi, his autobiography, was published in Turkish and was so skillfully written that it was translated three times into Persian. He also wrote poetry in both Turkish and Persian, and his collection of Turkish poems, Diwan (Turkish), rose to fame. Humayun succeeded him to the throne. Around the same period, his sister Gulbadan Begum penned "Humayunnama." Humayun


ISSN: 2582 - 2594

also created a massive library. Humayun had a refined intellect and, like his father, was not only a fan of poetry but also penned enjoyable lines. His taste for other people's poems was likewise strong."[6] "He perished as a consequence of a fall from his library's stairwell. Hundreds of millions of people were governed under the Mughal Empire. During the Mughal era, India was unified under one authority and had exceptionally flourishing cultural and political years. There were many Muslim and Hindu kingdoms scattered across India until the Mughal Empire's founders arrived..."[7]

### Literature in Akbar's Reign

Emperor Akbar was also a fan of the arts, amassing a collection of over 24,000 manuscripts. Many scholars, poets, and authors were patronized, resulting in an increase in the production of creative works. During Akbar's reign, authors like Abul Fazl, Abul Faizi, Nizamuddin Ahmad, Abbas Khan Sherwani, and others wrote historical works. Abul Fazl, also known as Abu'l-Fazl bn Mubarak, was one of Akbar's Nine Jewels (nine remarkable members of the royal court).[8] He penned Akbarnama, or the Book of Akbar, the regal chronicle of Akbar's reign. Abdul Hamid Lahori, Abul Fazl's disciple, composed the majority of the Padshahnama, the official chronicle of Shah Jahan's reign.

### Literature in Jahangir's Reign

Emperor Jahangir was interested in art and architecture, and he, like his great-grandfather, Babur, authored an autobiography called Tuzk-e-Jahangiri or Jahangirnama. During his reign, he wrote notable literary and historical works such as 'lqbalanam-i-Jahangiri' and 'Maasir-i-Jahangiri.'

### Literature in Shah Jahan and Aurangzeb's Reign

Dara Shikoh, Shah Jahan's son, wrote extensively on Sufism. 'Majma-ul-Bahrain,' or 'The Confluence of the Two Seas,' was one of his main writings, in which he discussed the diversity of faiths and the concord of Islam, Hinduism, and other religions. Dara also worked on the translation of the Bhagavat Gita and Upanishads into Persian. "Padshahnama" was written by Abul Hamid Lahori, a courtier to Shah Jahan. "From the eleventh year of his reign, he abandoned the practise of Jharoka darson, by which his 28 predecessors appeared every morning on the balcony on the wall of the palace to take the salute of the people, who then assembled on the ground in front," writes R.C. Majumdar. In the same year, he banned music at court and fired the veteran musicians and singers."[9]

The amount of Sanskrit works created during this time period is amazing. The majority of the works were created in south and east India under the patronage of local monarchs, as previously, but the primary center was Banaras, where intellectuals from all over the nation used to assemble. Brahmans, who worked in the translation department of the Mughal rulers, created a few works.[10] Although hardly much translation work was done during his reign, a few reputed original works were published. Scholars were likewise protected by Shah Jahan. Dara Shikoh, his son, was likewise well-educated and arranged for the Persian translation of several Sanskrit literature. Aurangzeb was also a scholar, but he despised poem writing and historical texts. Persian was the court language from the reign of the Later Mughals until the reign of Muhammad Shah. Urdu eventually took its place. Despite this, many Persian intellectuals continued to value good works. As a result of the Mughals' dominion, Persians had the greatest motivation to expand and achieved excellent growth. History Writing in Persian. The majority of good works produced in Persian were either memoirs or histories. Gulbadan Begum's Humayun-Nama, Abul Fazl's Akbarnama and Ain-i-Akbari, Nizamuddin Ahmad's Tabkat-i-Akbari, Jauhar's Tazkiratul-waqiat Tuhfa-i-Akbarshahi, also known as Tarikh-i-Sher Shah of Abbas Sarwani, Tarikh-i-Alfi, which spanned approximately a thousand years of Islamic history and was authored collaboratively by several academics, During Akbar's reign, the books Muntkhabut-Tawarikh of Badayuni, Tarikh-i-Salatin-Afghana of Ahmad Yadgar, Tarikh-i-Humayun of Bayazid Sultan, and Akbarnama of Faizi Sarhindi were written. Tuzuk-i-Jahangir was Jahangir's biography. Mautmid Khan finished it, and lkbalnama-i-Jahangir finished it. During Jahangir's reign, the following works were written: Massara-Jahangir of Khawja Kamgar, Makhzzan-i-Afghani of Niamatullah, Tarikh-i-Farishta of Muhammad Kasim Farishta, and Massare-i-Rahini of Mulla Nahvandi. Among the important works written under Shah Jahan's reign were Amini Qazvini's Padshahnama, Inayat Khan's Shahjahanama, and Muhammad Saleh's Alam-i-Saleh. Aurangzeb forbade the writing of history. Nonetheless, a few pieces of art were created under his reign. Among these were Muntkhab-ul-Lubab, Mirza Muhammad Kazim's Alamgirnama, Muhammad Saki's Nuskha-Dilkusha, Iswar Das' Fatuhat-i-Alamgiri, and Sujan Rai's Khulasa-ut-Tawarikh. Historical works were written with the support of both the later Mughals and regional rulers. Among them were Gulam Hussain's Siyarul-Mutkharin, Muhammad Ali's Tawarikh-i-Muzaffari, and Harcharan Das' Tawarikh-Cahar-Gulzar-i-Suzai.

 ISSN: 2582 - 2594

## Translated Literature

Many Sanskrit texts were also translated into Persian, including the Mahabharata and Ramayana, two great Sanskrit epics. Another well-known writer from this period is Jagannatha Panditaraja, a Telugu poet and literary critic notable for works such as Rasa Gangadharam and Ganga Lahari, among others.

In addition to original work, books in other languages have been translated into Persian. Among the Sanskrit texts, Mahabharat was translated collaboratively by Naqib Khan, Badayuni, Abul Fazal, Faizi, and others. The Ramayana was translated into Persian by Badayuni. He also began translating the Atharvaveda when Haji Ibrahim Sarhindi was finishing it. Faizi was the translator of Lilavati. Lilavati was introduced to the Persian-speaking world through Faizi's rendition.[11] Shah Muhammad Sahabadi was the translator of Rajtarangini, Abul Fazl was the translator of Kahilya Dimna, Faizi was the translator of Nal Damyanti, and Maulana Sheri was the translator of Hari-Vansha. All of these texts were translated during Akbar's reign. During Shah Jahan's reign, his eldest son, Dara Shikoh, encouraged this endeavour by having fifty-two Upanishads, Bhagavat Gita, and Yagavasistha transcribed. He published a unique dissertation named Majma-Bahreen in which he explained that Islam and Hinduism were merely two ways to the same God. During the reign of the Mughal emperors, much literature written in Arabic, Turkish, and Greek was also translated into Persian. The Bible was translated into Persian, as were several Koranic interpretations. Aurangzeb created a book on law and justice in Persian called Fatwahi-Alamgire with the assistance of various Arabic books.

## Regional Literature

Regional languages like Bengali, Gujarathi, Oriya, and Rajasthani had also evolved via translations during this time period. One illustration of this evolution was the translation of Bhagavat Gita tales into regional languages. Urdu became a common language for people of various dialects to connect with one another. Furthermore, the general public contributed to the advancement of regional languages. These literary developments elevated ordinary languages to the status of literary languages.

## Poetry

Poems in Persian were also composed during this time period, albeit they did not meet the same standards as prose. Humayun composed some poems. At Akbar's court, Abul Fazl selected fifty-nine poets. Faizi, Gizali, and Urfi were well-

known poets. Jahangir and Nur Jahan were also interested in poetry. Jahan Ara, Shah Jahan's daughter, and Zebunnisa, Aurangzeb's daughter, were both poetesses. Letters written by emperors and nobility also play an important role in Persian literature during the period. Letters written by Aurangzeb, Abul Fazl, Raja Jai Singh, Afzal Khan, Sadulla Khan, and others have been deemed of literary worth.

**Hindi Literature**

Hindi poets were also included in the court of the Mughals. Tulsidas was the most famous Hindi poet, and his works were written in Sanskrit and Awadhi. He penned the Ramcharitmanas, an Awadhi rendition of the Ramayana. Sur Das, like Tulsidas, was a prolific writer. Sur was perhaps associated with Akbar's royal court and was known as the "blind poet of Agra." Surdas' poetry was produced in Braj Bhasha, a Hindi dialect, which raised the dialect's standing among the literary languages of Persian and Sanskrit. During this period, Muslim poets joined the world of Hindi literature and poetry. Poets like Abdul Rahim Khan Khana and Ras Khan wonderfully depicted Indian culture.

By the time the Mughal authority in India was founded, Hindi had developed as a literary language. But it received no support from Babur, Humayun, or Sher Shah. Nonetheless, many good writings were produced by individuals, such as Padmavati and Yugavata, which are recognized as works of renown. Akbar gave Hindi support, which aided its development. Furthermore, private initiatives contributed to its expansion. Among the notable court academics were Raja Birbal, Raja Man Singh, Raja Bhagwan Das, Narhari, and Hari Nath.

Nand Das, Vitthal Nath, Parmanand Das, Kumbhan Das, and many others. Independent of the court, he enhanced Hindi literature. Tulsi Das and Sur Das, however, were the most well-known Hindi academics of the period. Tulsi Das authored about twenty-five books, the greatest of which are the Ramcharitmansa and the Vinaypatrika. Tulsi Das had no more relation with the Mughal court. He spent the majority of his life in Banaras. Similarly, fierce Sur Das resided in Agra but had no direct link to the emperor's court. He was deafening nonetheless, he wrote hundreds of poems, many of which were in Hindi literature. Furthermore, Abdur Rahim Khan-i-Khana and Rashan made significant contributions to Hindi literature via their writings. Rashkahn penned several love poems devoted to Lord Krishna, as well as a work named Prem-Vatika, while Abdur Rahim wrote hundreds of verses. Thus, the reign of Akbar was unquestionably the finest age of Hindi literature. Scholars of Hindi were likewise honoured by Jahangir and Shah Jahan.

 ISSN: 2582 - 2594

Jahangir’s younger brother used to write poems in Hindi, and Jahangir supported numerous Hindi scholars, including Buta, Raja Suraj Singh, Jadrup Gosai, Raja Bishan Das, and Rai Manohar Lal.

At his court, Shah Jahan also supported several Hindi scholars. Sundar Kavi Rai, the author of Sundar-Srangar, Senapati, author of Kavita Ratnakar, Kavindera Acharya, author of Kavindra Kalpataru in Avadhi mixed with Braj-Bhasa, Siromani Misra, Banarsi Das, Bhusan, Mati Rai, Vedang Rai, Hari Nath, and others, were present at his courts. Many more Hindi academics prospered outside of the court as well. Many religious poems were written by Kavi Deva, and Bihari, a well-known Hindi poet, also penned couplets during this period and earned the patronage of Raja Jai Singh.

Keshava Das, a great Hindi poet, resided in Orcha and composed several books, including Kavi-Priya, Rasik-Priya, and Alankar-Manjari, which are major works in Hindi literature. Aurangzeb did not support Hindi literature. Nonetheless, Hindi literature grew as a result of both private initiative and the patronage of Hindu kings. The Mughals lacked an organised method for delivering education. Most Mughal rulers and their ladies were educated. Gulbadan Begum was a well-educated woman. She scribbled the Humayun Namah. Nur Jahan, Mumtaz Mahal, Jahanara Begum, and Zeb-un-Nisa all had advanced educations.

Haji Ibrahim Sarhindi translated the Atharva Veda during the Mughal Empire. The Akbar Era was often regarded as the “renaissance of Persian literature.” During Akbar’s reign, all translation work was completed. The Mahabharata, Ramayana, Atharva Veda, Bhagavad Gita, and Panchatantra were all translated from Sanskrit to Persian. Mulla Abdul Qadir Badayuni translated Ramayana and Singhasan Batisi into Persian. Faizi translated Panchatantra into Persian. Maulana Shah Mohammad Shahabadi translated Rajataringini. Ain-i-Akbari and Akbar Nama were written by Abul Fazl.

Shah Jahan’s court historian was Abdul Hamid Nagori. Padshahnama, a book chronicling Shah Jahan’s reign, was written by him. Muhammad Hashim was also known as Khafi Khan. Muntakhab-al Lubab, a Persian language book about Indian history, is his work. He was a patron of Aurangzeb. Malik Muhammad Jayasi was an Indian Sufi poet who liked to write in Awadhi, the ordinary people’s language, in the 15th century. During the Mughal reign, Persian, Sanskrit, and regional languages evolved.

**Other literary contributions of Mughal Empire**

• Persian was the administrative language of the Mughal Empire.

• During the Mughal era, the most significant contribution to literature was the establishment of Urdu as a common language of communication for individuals speaking diverse languages.

• In Turki, Babur penned his autobiography, Tuzuk-i-Baburi.

• This narrative describes the flora and fauna of India.

• Abdul Rahim Khan wrote Babarnama (translation of Tuzuk I Baburi) in Persian.[12]

•Abdul Fazl is the author of Akbarnama (Akbar's History) and Ain-i-Akbari (administration book).

• Jahangir wrote his memoirs under the pen name Tuzuk-i-jahangiri.

• Mutamid Khan wrote Jahangir's biography, Iqbalnamah-i-Jahangir.

• Padhanamah, Shahjahan's biography, was authored by two authors. Abdul Hamid Lahori and Inayat Khan were their names. Shahjahan Namah was written by Inayat Khan. Finished his opus Padmavat.

• Translations of Sanskrit writings improved Persian literature.

• The Mahabharata was translated under the direction of Abul Faizi, Abul Fazal's brother and Akbar's court poet.

• Dara Shikoh translated the Bhagavat Gita and the Upanishads into Persian. Majma-ul-Bahrain, his most renowned masterpiece.

• Badauni was a harsh critic of Akbar. As Razanamah, he translated the Mahabharata into Persian.

• During this time, regional languages like Bengali, Oriya, Rajasthani, and Gujarathi emerged.

• Hindi poets were associated with the Mughal court from Akbar's reign. Tulsidas, who composed the Ramcharitmanas, the Hindi version of the Ramayana, was the most prominent Hindi poet.

• Jaganath Pandithraya, Shahjahan's court poet, wrote two Sanskrit works, Ganga Lahari and Rasagangadharam.

According to scholar Audrey Truschke in her book 'Culture of Encounters: Sanskrit at the Mughal Court,' Mughal rulers patronized Sanskrit literature in their courts, particularly between AD 1560 and 1660, and also took on Persian


ISSN: 2582 - 2594

translations of epics like the Mahabharata and the Ramayana as ambitious projects.

The Mughals are sometimes acclaimed as a Persian-medium monarchy, a rather misleading designation that has led many researchers to underemphasize Mughal literary culture's multilingual character. In 1582, Emperor Akbar (1556-1605) made Persian the official administrative language, and he dedicated unprecedented imperial resources to developing Persian-medium literature, including poetry, philosophy, and history. Persian was the language of governance and culture throughout most of the larger Islamic world at the time. As a result, the Mughals gained prestige, rank, and access to an intellectual and literary sphere shared by Safavid Iran, the Ottoman Empire, and most of Central Asia. Despite the fact that Akbar and his successors valued Persian literature above all other written traditions, Mughal commitment to Persian was never exclusive. The Mughal rulers, beginning with Babur (1526-1530), learned Turkish and patronized Arabic-speaking intellectuals and religious philosophers. Furthermore, the Mughal kings, beginning with Akbar, spoke a dialect of Old Hindi known as Hindavi and supported Hindi literary works. The Mughals exhibited a strong and continuous interest in Sanskrit literature, which was as significant but considerably less well-known.

Akbar, Jahangir (1605-1627), and Shah Jahan (1628-1658) all supported Persian translations of Sanskrit classics, such as story collections and many versions of the two great Indian epics, the Mahabharata and the Ramayana. These three emperors also drew Sanskrit intellectuals to their courts, funded the development of scores of Sanskrit literary works, and occasionally welcomed Sanskrit scholars.

## Educational

Akbar (1542-1605), a contemporary of Queen Elizabeth I of England and unquestionably the greatest of Mughal kings, is credited for arranging education on a systematic basis. He treated all of his subjects equally and established a vast number of schools and institutions for both Muslims and Hindus across his kingdom. He also implemented a few curriculum revisions based on pupils' particular requirements and life's practical necessities. The curriculum was expanded so that each student may get instruction based on his or her faith and worldview. The use of Persian as the court language encouraged Hindus and Muslims to study Persian even more.

Akbar's policies were carried out by his successors, Jahangir and Shah Jahn. However, his great-grandson Aurangzeb (1618-1707) reversed his policies toward Hindu education. In April 1669, for example, he directed provincial governors to destroy Hindu schools and temples under his control while simultaneously

supporting Muslim education with religious fervour. Following his death, the Mughal empire's splendour began to fade, and the entire country was invaded by warlords.

During the Mughal period, females obtained their education at home or at the home of a nearby instructor. There were specific provisions for the royal household women's education, and several of the princesses were excellent academics. A Vocational based education system was introduced by the Mughals.

The Muslim kings of India were also major supporters of literature, providing significant fuel to its growth. Various Hindu texts and history were translated into Persian by Akbar. A number of Greek and Arabic literature were also translated into Persian. Even throughout the difficult reigns of succeeding kings, literary efforts did not cease totally. Emperors like Bahadur Shah and Muhammad Shah, as well as other provincial leaders and landlords, supported men of letters. This is the background of Muslim education in India. It resembled ancient Indian education in many ways: instruction was free, the relationship between professors and students was amicable, there were large learning centres, the monitorial system was utilized, and people were focused on religion and moral behaviour. However, there were numerous distinguishing elements of Muslim education. First and foremost, education was democratized. As in mosques, all were equal in a Maktab or Madrasa, and the notion that the impoverished should also be taught was established.

Second, Muslim dominance affected Hindu basic education, which had to adapt to changing conditions by adopting a new teaching technique and employing textbooks full of Persian terminology and references to Muslim usages. Third, the Muslim era introduced various cultural influences from other countries. Courses of study were broadened, and humanistic influences were included. Finally, Muslim rule produced a cross-cultural influence in the country by establishing an educational system in which Hindus and Muslims could study side by side, as well as compulsory Persian education, cultivation of Sanskrit and Hindi, and translation of great classics of literature into different languages. It eventually led to the emergence of Urdu as a widespread medium of expression.

## Conclusion

Literature advanced greatly under the rule of the Mughals, with an abundance of original and translated works published. Along with Persian, literature was created in Sanskrit, Hindu, Urdu, and other regional languages. Other languages' significance was also raised as a result of new literary works and techniques. The


ISSN: 2582 - 2594

support of Mughal rulers and princes, authors, and regular people enabled this cultural advancement. This literary gem paved the path for future writers, which we all enjoy whether we pick up a book or listen to an audiobook. In the Mughal period, literature, arts, architecture, etc., are important progress in the history of India.

## End Notes

1. John F Richards, (1995), The Mughal Empire, London: Cambridge University Press, p.2.
2. R.C, Majumder, (2016), An Advanced History of India, New Delhi: Laxmi Publications Pvt. Ltd. p.427.
3. Zaheer Baber, (1996), The Science of Empire: Scientific Knowledge, Civilization, and Colonial Rule in India, London : State University of New York Press, pp.82-89.
4. R.S. Chaurasia, (1990), History of Medieval India from 1000 to 1707 A.D, New Delhi: Atlantic Publishers and Distributors (P) Ltd, p.130.
5. Asher, (2006), India Before Europe, London: Cambridge University Press, p.115.
6. V.D. Mahajan, (1991), History of Medieval India, New Delhi: S Chand Publication, p.20.
7. The Hindu, August 23, 2021.
8. R.C, Majumdar, (2007). The Mughul Empire, Mumbai: Bharatiya Vidya Bhavan, p.5
9. R.C, Majumdar, (2016), An Advanced History of India, opcit., p.489.
10. Satish Chandra, (2014), History of Medieval India, New Delhi: Orient Black Swan, p. 322.
11. Navi Hadi, (2016), History of Indo-Iranian Literature. New Delhi: Iranian Cultural House, p.275.
12. Stephen F Dale. (2018). Babur: Timurid Prince and Mughal Emperor, 1483–1530. Cambridge University Press. p.3.

LITERATURE STUDIES

# മൃത്യുദർശനം എം.ടിയുടെ കഥകളിൽ

## (അഭയം, കല്പാന്തം, അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ)

**ടെജി കെ.തോമസ്**
അസിസ്റ്റന്റ് പ്രൊഫസർ
ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്)
ഇരിങ്ങാലക്കുട
Email: tejikthomas20@gmail.com

**സംഗ്രഹം**

ഓരോ മരണവും ജീവിതത്തിന്റെ നൈമിഷികതയുടെ ഓർമ്മപ്പെടുത്തലാണ്. മരണം ഒരേസമയം സ്വകാര്യവും പൊതുവുമായിരിക്കെത്തന്നെ അത് മനുഷ്യനെ ആത്മീയമായും വൈകാരികമായും കീഴ്പ്പെടുത്തുന്നു. മരണപ്പെട്ടത് താനല്ലല്ലോ എന്ന് മനുഷ്യൻ സ്വയം ആശ്വാസം കണ്ടെത്തുന്നു. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ കേവലശരീരം അവയിലേക്കുതന്നെ മടങ്ങുന്നുവെന്ന തത്ത്വചിന്ത ജീവിതയാഥാർത്ഥ്യങ്ങൾക്കിടയിൽപ്പെട്ടുഴലുന്ന സാമാന്യ മനുഷ്യൻ പലപ്പോഴും മറന്നുപോകുന്നു. ജീവിതം ഒരിക്കലും ശാശ്വതമായ ഒരു സത്യമല്ലെന്നിരിക്കെ അതിനെ ശാശ്വതവത്കരിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് മരണമെന്ന ആത്യന്തികസത്യത്തിലേക്ക്, ജീവിതത്തിന്റെ മറുകരയിലേക്ക് നടന്നുകയറുകയാണ് മനുഷ്യൻ. ഇത്തരത്തിലുള്ള മരണം ഒരു ജീവിതാവസ്ഥയെന്നതിലുപരി അത് സമൂഹത്തിലും വ്യക്തിമനസ്സുകളിലും സൃഷ്ടിക്കുന്ന ചലനങ്ങളെ എം.ടി തന്റെ കഥകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മൃത്യുദർശനങ്ങളെ എം.ടിയുടെ തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തി അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** ദർശനം, ശരീരം, വ്യക്തി, മനസ്സ്, കാലം

**ആമുഖം**

മരണം ഒരു യാഥാർത്ഥ്യമാണ്, സുനിശ്ചിതമാണ്. അത്രമേൽ നിഗൂഢവുമാണ്. അത് എപ്പോൾ, എവിടെ, എങ്ങനെ എന്നതിന് മാത്രമൊരു നിശ്ചയവുമില്ല. മരണത്തിനു മുൻപിൽ ഒരാൾ നിസ്സഹായനായി കീഴടങ്ങുമ്പോൾ ആ മരണത്തെ നിസ്സഹായതയോടെ നോക്കിനിൽക്കേണ്ടിവരുന്ന ജീവിതങ്ങൾ പലപ്പോഴും ശേഷിക്കുന്നുണ്ട്. ജീവിതത്തിന്റെ അർത്ഥരാഹിത്യത്തെ തിരിച്ചറിയുന്ന അവസ്ഥയാണ് മരണം. ജീവിതമരണങ്ങളുടെ ദ്വന്ദ്വാത്മക പ്രപഞ്ചത്തിൽ മരണം ആത്യന്തികമായ സത്യമായി അംഗീകരിക്കുമ്പോൾ ജീവിതം വെറുമൊരു മായ

 ISSN: 2582 - 2594

മാത്രമാണെന്നനിലയിൽ വ്യാഖ്യാനിക്കപ്പെടുന്നു. തികച്ചും അവ്യവസ്ഥിതമായ ഒന്നായി വിലയിരുത്തപ്പെടുന്നു. മനുഷ്യന്റെ ചിന്തകൾക്കും നിർണ്ണയനങ്ങൾക്കുമപ്പുറത്തെ വിധിയെന്ന രണ്ടക്ഷരത്തിലേക്ക് ജീവിതത്തെ ചേർത്തുകെട്ടി കേവലമനുഷ്യൻ സ്വയം ആശ്വാസം കണ്ടെത്തുന്നു. അപ്രതീക്ഷിതമായ മരണങ്ങൾ ജീവിതാവസ്ഥകളിലുണ്ടാക്കുന്ന വൈകാരികതകൾ ദാർശനികമായ ചിന്താധാരകളിലേക്ക് ചേരുമ്പോൾ രൂപപ്പെട്ടുവരുന്ന അവസ്ഥാന്തരങ്ങളെ എം.ടിയുടെ കഥകൾ പലമട്ടിൽ ആവിഷ്കരിച്ചിട്ടുണ്ട്. അത്തരത്തിൽ ആവിഷ്കൃതമായ കഥകളാണ് അഭയം, കല്പാന്തം, അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ എന്നിവ.

**മൃത്യുദർശനം**

"പഞ്ചഭൂതാത്മകം ഇദം ശരീരം"

ജഡവസ്തുക്കളായ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് ശരീരം. ജീവാത്മാ- പരമാത്മാ ബന്ധങ്ങളിൽ ജീവാത്മാവിന്റെ വെറുമൊരിടത്താവളം എന്നനിലയിലാണ് ശരീരം പ്രവർത്തിക്കുന്നത്. താത്വികമായ ഈ അവലോകനത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ നിരീക്ഷിക്കുമ്പോൾ അത്രമേൽ അസ്ഥിരമായ ജീവാത്മാവിനെ വഹിക്കുന്ന ഒരു മാധ്യമം മാത്രമാണ് ശരീരം. മരണത്തോടെ പഞ്ചഭൂതങ്ങളിലേക്ക് ശരീരം എന്ന ജഡവസ്തു തിരിച്ചുപോകുകയും പരമാത്മാവ് മറ്റൊരു ഇടംതേടുകയും ചെയ്യുന്നു. മരണത്തോടെ പ്രാണന്റെ ഇരിപ്പിടമായ (ആത്മാവ്/ ചൈതന്യം) സ്ഥൂലശരീരത്തെ സൂക്ഷ്മശരീരം ഉപേക്ഷിക്കുന്നു. സ്ഥൂലശരീരം പഞ്ചഭൂതങ്ങളിലേക്ക് മടങ്ങുന്നു. അതുകൊണ്ടാണ് ഭഗവത്ഗീതയിലെ സാംഖ്യയോഗം ഇരുപത്തിരണ്ടാം ശ്ലോകത്തിൽ ഇങ്ങനെ പറയുന്നത്

"വാസാംസി ജീർണ്ണാനി യഥാവിഹായ
നവാനി ഗൃഹ്ണാദി നരോഽപരാണി തഥാ ശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹി" (ഭഗവത്ഗീത: സാംഖ്യയോഗം: 22)

മനുഷ്യൻ പഴയ വസ്ത്രങ്ങളെ ഉപേക്ഷിച്ച് പുതിയവ സ്വീകരിക്കുന്നതുപോലെ ദേഹി ജീർണ്ണിച്ച ശരീരങ്ങളെ ത്യജിച്ച് പുതിയവ സ്വീകരിക്കുന്നു. ഇങ്ങനെയുള്ള ആത്മാവിന്റെ ഗുണങ്ങളെക്കുറിച്ച് അടുത്ത ശ്ലോകത്തിൽ ഇപ്രകാരം പറയുന്നുണ്ട്

"നൈനം ഛിന്ദനി ശാസ്ത്രാണി നൈനം ദഹതി പാവക:
ന ചൈനം ക്ലദയന്ത്യാ പോ
ന ശേഷയതി മാരുത:" (ഭഗവത്ഗീത: സാംഖ്യയോഗം: 23)

അതായത്, ഇങ്ങനെയുള്ള ആത്മാവിനെ ആയുധങ്ങൾ മുറിപ്പെടുത്തുകയില്ല, അഗ്നിയാൽ ദഹിക്കപ്പെടുകയില്ല, ജലത്താൽ തണുപ്പിക്കാൻ കഴിയില്ല, വായുവിനാൽ ശോഷണം സംഭവിക്കുകയുമില്ല. ജീവിതനശ്വരതകളെ, മരണത്തിന്റെ ദാർശനികതകളെ,

"വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാം
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

എന്നും

“ചക്ഷു: ശ്രുവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ”

എന്നും എഴുത്തച്ഛൻ ജീവിതത്തെ നിരീക്ഷിക്കുമ്പോൾ മരണമെന്ന ശാശ്വതസത്യത്തിലേക്ക് എത്തുന്നതിനു മുൻപുള്ള കേവലാവസ്ഥ മാത്രമാണ് ജീവിതം എന്ന് സ്ഥാപിക്കുന്നുണ്ട്.

ബൈബിളിൽ മരണം ശരീരത്തിൽനിന്നുമുള്ള ആത്മാവിന്റെ വേർപിരിയൽ എന്നതിലുപരി ഒഴിച്ചുകൂടാനാകാത്ത ഒരു അനിവാര്യത കൂടിയായാണ് കണക്കാക്കുന്നത്. ക്രിസ്തു മരണത്തെ ‘നിദ്ര’ എന്നാണ് വിശേഷിപ്പിക്കുന്നത്. ലാസറിന്റെ മരണമറിഞ്ഞ യേശു ശിഷ്യരോട് ലാസർ ഉറങ്ങുകയാണെന്നും താൻ അവനെ നിദ്രയിൽനിന്നുണർത്താൻ അവിടേക്ക് പോവുകയാണെന്നും പറഞ്ഞു(യോഹന്നാൻ:11:11). ഇവിടെ മരണത്തെ കുറിക്കുവാൻ ഉപയോഗിക്കുന്ന ശുഭസൂചകപദമാണ് നിദ്ര. അങ്ങനെ മരണത്തിന് ഒരു ശുഭമുഖംകൂടി ബൈബിൾ നൽകുന്നു. മരണം ഒരു ഉറക്കമാണെങ്കിൽ എല്ലാ ഉറക്കവും മരണമല്ല. മരണത്തിൽനിന്നും ഉണരുന്നത് വിശ്വാസപ്രകാരം ദൈവത്തിന്റെ അരികിലാണെങ്കിൽ, സാധാരണ ഉറക്കവും ഉണർച്ചയും ഭൂമിയിൽ തന്നെ. മരണത്തോടെ വ്യക്തി അപ്രസക്തനാവുകയും ആ ശരീരം ഭൗതികം എന്ന വിശേഷണത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നുണ്ട്. ആത്മീയാർത്ഥത്തിൽ ദൈവത്തിൽ നിന്നുള്ള വേർപാടാണ് മരണം എന്നും ദൈവകൽപ്പന ലംഘിച്ചപ്പോഴാണ് ആദം മരിച്ചതെന്നും ഉല്പത്തിപുസ്തകം (2:17) പറയുന്നുണ്ട്. “നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും” എന്നും ഉല്പത്തിപുസ്തകം (3:19) പറയുന്നുണ്ട്. ജനനംമുതൽ തുടങ്ങുന്ന യാത്ര ഒരർത്ഥത്തിൽ മരണത്തിൽ അവസാനിക്കുന്നു. കടന്നുപോകുന്ന നിമിഷങ്ങളത്രയും അതുകൊണ്ടുതന്നെ എണ്ണപ്പെട്ടവയാണ്. “മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്, വയലിലെ പൂപോലെ അതു വിരിയുന്നു. എന്നാൽ, കാറ്റടിക്കുമ്പോൾ അത് കൊഴിഞ്ഞുപോകുന്നു. അത് നിന്നിരുന്ന ഇടംപോലും അതിനെ ഓർക്കുന്നില്ല” (സങ്കീർത്തനം:103:15) എന്ന ബൈബിൾദർശനം മരണമെന്ന ശാശ്വത സത്യത്തെയും ജീവിതമെന്ന നശ്വര സങ്കല്പത്തെയും മുന്നോട്ടുവയ്ക്കുന്നു.

ഖുർ- ആൻ ജീവിതത്തിന്റെ നിസ്സാരതയെതന്നെയാണ് മുന്നോട്ടുവയ്ക്കുന്നത്. മരണം അനിവാര്യമാണെന്നും മരണത്തിൽനിന്ന് രക്ഷപ്പെടാൻ എത്രശ്രമിച്ചാലും അത് എല്ലാവരിലേക്കും എത്തുമെന്നും ഖുർ-ആൻ പല സ്ഥലങ്ങളിലും ചർച്ചചെയ്യുന്നുണ്ട്. ജീവിത നൈരന്തര്യങ്ങളിലൂടെ സഞ്ചരിക്കുന്ന മനുഷ്യൻ പലപ്പോഴും മറന്നുപോകുന്ന അവസ്ഥയാണ് മരണം. “നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല” (ഖുർആൻ:31/34). നാളെകളെക്കുറിച്ച് ചിന്തിച്ച് ആകുലപ്പെടുന്ന മനുഷ്യനെ ഏതൊരു നിമിഷവും കീഴ്പ്പെടുത്തിയേക്കാവുന്ന ഒരവസ്ഥാവിശേഷമാണ് മരണം. നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിൽ ആയാൽപോലും. ഇത്രമേൽ നിശ്ചിതമായ അവസ്ഥയിൽ ജീവിക്കുന്ന മനുഷ്യൻ ആ യാഥാർത്ഥ്യത്തിൽനിന്നും അകന്നുജീവിക്കാൻ ശ്രമിക്കുന്നു. മരണം കാണുമ്പോൾ ഇത് താനല്ലല്ലോ എന്ന് സ്വയം ആശ്വസിക്കുന്നു.

**നൂതന ചാവുചിന്തകൾ**

മേൽപറഞ്ഞതിൽനിന്നും തികച്ചും ഭിന്നമായ മരണചിന്തകൾ ആധുനിക മനസ്സുകളിൽ ഉരുത്തിരിയുന്നത് സാമൂഹ്യമാധ്യങ്ങളിൽ വ്യത്യസ്ത തിരിവെട്ടങ്ങൾ നൽകുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ മരണാന്തര നിസ്സാരതയെ മറ്റ് ജീവജാലങ്ങളുടെ മരണാനന്തര സമൃദ്ധിയുടെ രുചിവൈവിധ്യങ്ങളുമായി തുലനംചെയ്തുകൊണ്ട് ഹാസ്യരൂപേണ വരച്ചുവയ്ക്കുന്നത് ഇപ്രകാരമാണ്:-

തള്ളക്കോഴി കുഞ്ഞിക്കോഴിയോട് പറഞ്ഞു: 'നമ്മൾ ഭാഗ്യവാന്മാരാണ്'. കുഞ്ഞിക്കോഴി കാരണംതിരക്കി. അപ്പോൾ തള്ളക്കോഴി കുഞ്ഞിക്കോഴിയെ ചിറകിനകത്ത് ചേർത്തുപിടിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:, 'നമ്മൾ മരിച്ചാൽ നമുക്ക് വിലയേറും. മനുഷ്യൻ മരിച്ചാൽ അവൻ വെറും ശവമാകും'. കുഞ്ഞിക്കോഴിയ്ക്ക് മനസ്സിലായില്ല. അമ്മക്കോഴി അപ്പോൾ പറഞ്ഞുകൊടുത്തു, 'നീ കേട്ടിട്ടില്ലേ, ചിക്കൻ 65, ചില്ലി ചിക്കൻ, ഗ്രിൽഡ് ചിക്കൻ എന്നൊക്കെ'. കുഞ്ഞിക്കോഴി അപ്പോൾ കിണുങ്ങിച്ചിരിച്ചു.

സാഹിത്യം മരണത്തെ പലമട്ടിൽ ആവിഷ്കരിച്ചിട്ടുണ്ട്. ജീവിതത്തിൽനിന്നുള്ള വ്യക്തിയുടെ രക്ഷപ്പെടൽ എന്നനിലയിലും ജീവിതത്തിലെ ജയപരാജയ നിർണ്ണയനങ്ങളിൽ, നിലനിൽപ്പിൽ, സംഘർഷങ്ങളിൽ, അതിജീവനങ്ങളിൽ എല്ലാംതന്നെ മരണം വരുകയും പോകുകയുംചെയ്യുന്നു. മനസ്സിലെ മരണചിന്തയുടെ പൂർത്തീകരണത്തിനപ്പുറത്തെ മരണമെന്ന ശാശ്വതസത്യത്തിലേക്ക് എത്താൻ ശ്രമിക്കുകയോ, ശ്രമിച്ച് പരാജയപ്പെടുകയോ ജീവിതത്തിലേക്ക് തിരിച്ച് നടക്കുകയോ ചെയ്യുവർ എന്നിങ്ങനെ. ഏതു സമയത്തും വന്നുചേർന്നേക്കാവുന്ന രംഗബോധമില്ലാത്ത കോമാളിയാണ് മരണമെന്ന് എം.ടി തന്നെ 'മഞ്ഞ്' എന്ന നോവലിൽ പറയുന്നുണ്ട്.

**അഭയം**

മരണം മനുഷ്യമനസുകളെ ഗ്രസിക്കുന്നത് പലതരത്തിലാണ്. ഒരിക്കൽ സംഭവിക്കാവുന്ന മരണമെന്ന ആത്യന്തികമായ സത്യത്തിനുനേരെ കണ്ണടയ്ക്കുകയോ, ഒഴിഞ്ഞുമാറുകയോ, മരിച്ചത് താനല്ലല്ലോ എന്ന് സ്വയം സമാധാനിക്കുകയോ ചെയ്തുകൊണ്ടാണ് ഓരോ മരണാവസ്ഥകളെയും മനുഷ്യൻ അഭിമുഖീകരിക്കുന്നത്. ഒടുവിൽ ഒരു കീഴടങ്ങലിന്റെ തത്വശാസ്ത്രത്തിലൂടെ അതിലേക്ക് ഇറങ്ങിപ്പോവുകയും ചെയ്യുന്നു. നടപ്പുദീനത്തിൽ മരിച്ചുപോയ കല്യാണിയുടെ മകൻ ശങ്കരൻ കാലങ്ങൾക്കുശേഷം ദേശത്ത് തിരിച്ചെത്തി പുളിക്കൻ നാരായണനെയും അമ്മയുടെ ഏടത്തിയുടെ മക്കളെയും തെരയുന്നു. പക്ഷേ, അയാൾക്കൊരിക്കലും കൃത്യമായ മറുപടി എവിടെനിന്നും ലഭിക്കുന്നില്ല. ഒരു മരണം ശൂന്യത സൃഷ്ടിക്കുന്നത് മനസ്സുകളിൽ മാത്രമല്ല ദേശത്തുകൂടിയാണെന്ന തിരിച്ചറിവ് ശങ്കരനെ അമ്പരപ്പിക്കുന്നുണ്ട്. വേരുകൾ നഷ്ടപ്പെട്ടലയുന്ന ശങ്കരൻ തന്റെ ഭൂതകാലങ്ങളെ ഓർത്തെടുത്ത് ചോദിക്കുന്നുണ്ട്, "നടപ്പ് ദിനത്തിൽ മരിച്ച കല്യാണിയുടെ ഏടത്തിയുടെ മക്കൾ എവിടെയാണ് താമസം? നടപ്പുദീനത്തിൽ ഏഴു കല്യാണിമാർ മരിച്ചു. പാട്ടി കല്യാണി, ഇരിക്ക്ണമ്മ കല്യാണി, പ്രാന്തത്തി കല്യാണി, വെളിച്ചപ്പാട് കല്യാണി" (എം.ടി :2008:476). ചോദ്യങ്ങൾക്കപ്പുറത്തേക്ക് ഉത്തരങ്ങൾ നീളുമ്പോൾ ഉത്തരം കിട്ടാത്ത സമസ്യയായി പിന്നെയും ശങ്കരന്റെ ജീവിതവും ചോദ്യവും അവശേഷിക്കുന്നു. ഒരു പേര് എത്രമാത്രം അപ്രസക്തമാണെന്ന് തിരിച്ചറിയുന്നത് മരണത്തോടെയാണ്. ജനിക്കുമ്പോൾ മുതൽ

ചേർത്തുകെട്ടിയ പേരുപോലും മരണത്തോടെ സംശയത്തിന്റെ നിഴലിലാക്കുന്ന കാലത്തിന്റെ വികൃതി. പതിമൂന്നുകൊല്ലം വളർന്ന ദേശംപോലും അന്യമാകുന്നതിന് കാരണം അമ്മയുടെ മരണമാണ്. മരണത്തോടെ ആ വ്യക്തിയുമായി ബന്ധപ്പെട്ട പലതും മരിക്കുന്നുണ്ട്. അമ്മയുടെ മരണത്തോടെ താളംതെറ്റിയ മനസ്സുമായി സഞ്ചരിച്ച അയാൾ കാലങ്ങൾക്കൊടുവിൽ അന്വേഷിക്കുന്നത്, 'ഞാനെവിടെ'യെന്നാണ്. ഒരിക്കൽ വലിച്ചെറിയേണ്ട ശരീരമെന്ന ചട്ടക്കൂടിനെ മറന്നുകൊണ്ട്, തന്നെ തിരസ്കരിച്ച ദേശത്ത് ഇടം നേടുവാൻ അയാൾ ശ്രമിക്കുകയാണ്. ഇത് ദേശം ഭരിക്കുന്ന തമ്പുരാന്റെ കൊലയിൽ അവസാനിക്കുന്നു. ഒരു മരണംകൊണ്ട് അന്യമായ ഇടത്തെ മറ്റൊരു മരണംകൊണ്ട് നേടി, അഭയമറ്റിരുന്നിടത്ത് അഭയം നൽകുന്നവനായി വാഴുന്ന അവസ്ഥയിലേക്ക് ശങ്കരൻ എത്തിച്ചേർന്നിടത്താണ് അഭയം അർത്ഥപൂർണ്ണമാകുന്നത്.

**കൽപാന്തം**

കൽപ്പം എന്നാൽ കാലത്തിന്റെ ഒരു മാത്ര എന്നാണ് അർത്ഥം. കല്പാന്തം എന്നാൽ ആ മാത്രയുടെ അവസാനം. കഥയുടെ പേര് ഒരു കാലത്തിന്റെ അവസാനത്തെ/ മരണത്തെ ഉൾവഹിക്കുന്നു. മരിച്ച കണ്ണുകൾകൊണ്ട് ജീവിതത്തിലേക്കുള്ള ഒരു നോട്ടമാണ് കൽപ്പാന്തം. നിലച്ച ക്ലോക്ക്, നിലച്ച ഫോൺ, അണയുന്ന വിളക്കുകൾ എന്നിവയെല്ലാം തന്നെ മരണത്തിന്റെ പ്രതീകങ്ങളായി കഥയിൽ പ്രത്യക്ഷീകരിക്കുന്നു. ഇരുട്ട് അനുഭൂതിയായി മാറുന്നു. മരണത്തോടുള്ള പ്രതിപത്തി ഉണ്ടാകുന്നത് ജീവിതത്തിന്റെ മടുപ്പിൽ നിന്നാണ്. മരണമെന്നത് ഇരുട്ടിന്റെകൂടി പ്രതീകമാകുന്നു. ഒരാൾ മരണത്തിലേക്ക് ഇറങ്ങുമ്പോൾ ജീവിക്കുന്നവരിൽ ഇരുട്ട് വ്യാപിക്കും. ജീവിതകാലത്തെ വെളിച്ചമായും, മരണം ഇരുട്ടിലേക്കുള്ള ഇറങ്ങിപ്പോക്കായും കണക്കാക്കുന്നു. കഥയിലെ രുഗ്മിണി താൻ ഭർത്താവിനാൽ കബളിപ്പിക്കപ്പെടുകയായിരുന്നു എന്നറിയുന്നതോടെ മരണത്തെ സ്വാഗതംചെയ്യുകയാണ്. ഇത്രയുംനാൾ ഭർത്താവ് പറഞ്ഞതത്രയും നുണകളായിരുന്നു എന്ന തിരിച്ചറിവ് അവരുടെ ജീവിതകാലത്തിന്റെ അവസാനമായി എന്ന ചിന്തയെ ഉണർത്തുന്നു. ഒരു നെഞ്ചുവേദനയിലൂടെ അവർ മരണത്തിലേക്കുള്ള സാധ്യതയെ കാണുന്നു. "പിന്നെ സ്വീകരണമുറിയിലും കിടപ്പറകളിലും വെറുതെ നടന്നു. കുറേനേരം പിന്നെ ജനലുകൾ തുറന്നു. കാറ്റിന്റെ ഇരമ്പത്തിന് ഒരു താളക്രമം ഉണ്ടെന്നു തോന്നി. മുൻവാതിൽ തുറന്നപ്പോൾ കോലായിൽനിന്ന് വെള്ളം സ്വീകരണമുറിയിലേക്ക് അടിച്ചുകയറി" (എം.ടി.2019:207). അവർ അത്രയുംകാലം ജീവിച്ച അടച്ചിട്ടലോകത്തിലെ സുരക്ഷിതത്വമെന്ന മായയെ മറികടന്ന് ആത്യന്തികമായ മരണത്തിലേക്ക് ഇറങ്ങുകയാണ്. താൻ ക്രമപ്പെടുത്തിയ ജീവതാളം/കുടുംബം അപതാളമായിരുന്നു എന്ന് അവർ തിരിച്ചറിയുന്ന നിമിഷങ്ങളിൽ തന്നെ അവർ പരോക്ഷമായി മരിക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാകണം പ്രളയത്തിനപ്പുറത്തെ നിതാന്തശാന്തതയെക്കുറിച്ചും രുഗ്മിണി ചിന്തിക്കുന്നത്. വാതിൽപ്പടിയിൽ തല ചായ്ച്ച് മരണത്തെ കാത്തുകിടന്ന അനുഭവത്തെ അത്രമേൽ മനോഹരമായ വാങ്മയ ചിത്രങ്ങളായി കഥയിൽ വരച്ചിടുന്നു. "ഞാൻ വാതിൽപ്പടിമേൽ തലചായ്ച്ച് വരാന്തയിൽ നീണ്ടു നിവർന്നുകിടന്നു. വെള്ളത്തിന്റെ തണുത്തവിരലുകൾ വാരിയെല്ലിൻ താഴെക്കൂടി പുറത്തേക്ക് തിരക്കികയറുന്നു. ചെരിച്ചുകിടത്താൻ നോക്കുന്ന കുസൃതികൈകൾ. ഇക്കിളിപ്പെടുത്താൻ നോക്കുന്ന നനുത്തവിരലുകൾ. ആകെ മുങ്ങിയ നഗരത്തിന് മുകളിൽ വെള്ളത്തിൽ പാറിനടക്കുന്നത് സങ്കൽപ്പിച്ചുകൊണ്ട് ചിരിച്ചുകൊണ്ട് ഞാൻ കിടന്നു. ആശ്വാസം. മനസ്സ് സ്വസ്ഥം" (എം.ടി:2019: 208). മരണം


ISSN: 2582 - 2594

അത്രമേൽ ശാന്തിയെയും സമാധാനത്തെയും പ്രദാനംചെയ്യുന്നതായി കഥ വ്യവഹരിക്കുന്നു. അവധി ദിവസം മരിച്ചത് സൗകര്യമായി എന്ന് ചിന്തിച്ചുകൊണ്ട് മരണാനന്തര ജീവിതത്തിലേക്കും വന്നുകൂടിയവരിലേക്കും നടത്തുന്ന നിരീക്ഷണവുമാണ് കഥ. മരണപ്പെട്ട വ്യക്തിയുടെ ആത്മഗതം എന്നനിലയിൽ മാത്രമല്ല മരണപ്പെട്ട വ്യക്തിയുടെ ശേഷിക്കുന്നവരിലേക്കുള്ള സൂക്ഷ്മനിരീക്ഷണമാണ് കൽപ്പാന്തം. സുഹൃത്തുക്കളായിരുന്നവർ ആതിഥേയരായി മാറുന്നുണ്ട്, സംഭാഷണങ്ങൾ വിഷയമില്ലാതെ വരുന്നതും ചോദിച്ച് ചെടിച്ച ചോദ്യങ്ങൾതന്നെ വീണ്ടും ചോദിക്കുന്നതുമെല്ലാം മരണം സൃഷ്ടിക്കുന്ന സ്വാഭാവികതയായി മാറുന്നു. ജീവിച്ചിരിക്കുമ്പോൾ അത്രമേൽ അത്രമേൽ അവഗണിച്ച, കബളിപ്പിച്ച ഭർത്താവിന്റെ ദൈന്യഭാവത്തെ അവൾ ആസ്വദിക്കുന്നുണ്ട്, അതേസമയം ആ ദൈന്യത മാറ്റണമെന്നും അവൾ ചിന്തിക്കുന്നുണ്ട്. മരണം മരണപ്പെട്ടവന്റെ തന്നെ ചില നിസ്സഹായതകളും മുന്നോട്ടുവയ്ക്കുന്നുണ്ടെന്നും കഥ വ്യവഹരിക്കുന്നു. "ഡൈനിങ് ടേബിളും സോഫകളുംനീക്കി സ്ഥലമുണ്ടാക്കി എന്നെ പുതപ്പിച്ചുകിടത്തിയിരിക്കുകയാണല്ലോ" (എം.ടി:2019:209) എന്ന പരാമർശത്തിൽനിന്നാണ് ഇത് ഒരു പ്രേത ആത്മഗതമാണെന്ന് വായനക്കാരന് മനസ്സിലാകുന്നത്. മരണം ചിലപ്പോഴെങ്കിലും ആശ്വാസവും ശാന്തിയുമാണെന്ന നിരീക്ഷണം മരിച്ചവരാൽ തന്നെ അടയാളപ്പെടുത്തുന്ന കഥയാണ് കല്പാന്തം.

### അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ

അക്കല്ദാമ എന്നാൽ 'രക്തനിലം' എന്നാണ് അർത്ഥമാക്കുന്നത്. ശീർഷകം തന്നെ മരണത്തെ അടയാളപ്പെടുത്തുന്നുണ്ട്. മരണം ജീവിതത്തിന്റെ ഒരു മറുകരയാണെങ്കിൽ അവിടേക്ക് എത്തുന്ന വഴികളിലെ വൈവിധ്യതകളെ കഥ പരോക്ഷമായി ആഖ്യാനംചെയ്യുന്നു. ജീവിതത്തിനൊടുവിൽ നീതികൊണ്ടുള്ള മരണവുമുണ്ട് അനീതികൊണ്ടുള്ള മരണവുമുണ്ട്. നീതിമാന്റെ രക്തം പുതിയ ചരിത്രം സൃഷ്ടിക്കുമ്പോൾ, അനീതി പൊയ്മുഖം ധരിച്ച പ്രലോഭനത്തിന്റെ വിത്തുകളെ ഭൂമിയിലേക്ക് വർഷിക്കുന്നു. കഥയിൽ മരണത്തിന്റെ ബിംബങ്ങളായി ആകാശത്തിന്റെ മുഖംമറയ്ക്കുന്ന കറുത്ത പുക, കത്തുന്ന മനുഷ്യശരീരത്തിന്റെ ഗന്ധം, വെടിമരുന്നിന്റെ ഗന്ധം എന്നിവ കടന്നുവരുന്നുണ്ട്. അനീതികൊണ്ടുള്ള മരണത്തെ സ്നാപകയോഹന്നാന്റെ വധവുമായി ബന്ധപ്പെട്ട് പരാമർശിക്കുന്നുണ്ട്. "ആ ശബ്ദത്തിന്റെ വായ് മൂടപ്പെട്ടു സുന്ദരിയായ ഒരു രാജകുമാരിയുടെ നൃത്തത്തിന് ചോരപുരണ്ട ശിരസ്സ് സമ്മാനം ലഭിച്ചു. മരണം മരവിപ്പിച്ച ചുണ്ടുകളിൽ വാക്കുകൾ ഉറഞ്ഞുകൂടി നിൽക്കുന്നു" (എം.ടി.:2008:218). ഹെറോദേസിന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യ ഹെറോദിയ നിമിത്തമാണ് സ്നാപകയോഹന്നാനെ വധിക്കാൻ രാജാവായ ഹെറോദേസ് ആജ്ഞാപിക്കുന്നത്. കാരണം, സ്നാപകയോഹന്നാൻ ഹെറോദേസിനോട് ഹെറോദിയയെ നീ സ്വന്തമാക്കുക നിയമാനുസൃതയായിരിക്കില്ലെന്ന് പറയുന്നുണ്ട്. യോഹന്നാനെ വധിക്കാൻ അദ്ദേഹത്തിന്റെ ഈ വാക്കുകൾ പ്രേരണയാകുന്നു. എങ്കിലും, ഹെറോദേസ് ജനങ്ങളെ ഭയപ്പെട്ടു. കാരണം, യോഹന്നാൻ ഒരു പ്രവാചകൻ എന്നനില യിലേക്ക് ഉയർത്തപ്പെട്ടിരുന്നു. ജന്മദിനത്തിൽ ഹെറോദിയയുടെ പുത്രി രാജ്യസഭയിൽ നൃത്തംചെയ്ത് രാജാവിനെ സന്തോഷിപ്പിച്ചു. അതിനായി അവൾ ചോദിക്കുന്നതെന്തും നൽകാമെന്നും രാജാവ് വാഗ്ദാനംചെയ്യുന്നുണ്ട്. അവൾ തന്റെ അമ്മയായ ഹെറോദിയുടെ നിർദ്ദേശമനുസരിച്ച് യോഹന്നാന്റെ ശിരസ്സ് ഒരു തളികയിൽ വച്ചുതരാൻ

ആവശ്യപ്പെടുന്നുണ്ട്. കേട്ട മാത്രയിൽ രാജാവ് ദുഃഖിതനായെങ്കിലും തന്റെ ശപഥത്തെയും അതിഥികളെയും പരിഗണിച്ച് അവൾക്ക് അത് നൽകാൻ തീരുമാനിക്കുന്നു. അതുപ്രകാരം യോഹന്നാന്റെ തലവെട്ടിയെടുത്ത് അത് തളികയിൽ വച്ച് പെൺകുട്ടിക്ക് കൊടുക്കുവാൻ തന്റെ അനുചരന്മാരോട് രാജാവ് ആവശ്യപ്പെടുന്നുണ്ട്. അവൾ ആ ശിരസ് അമ്മയായ ഹെറോദിയയ്ക്ക് നൽകുന്നു. തികഞ്ഞ അനീതിയാണ് യോഹന്നാന്റെ മരണം. കാരണം, സത്യം വിളിച്ചു പറഞ്ഞതാണ് സ്നാപകയോഹന്നാൻ ചെയ്ത തെറ്റ്. സത്യം വിളിച്ചുപറയുന്നവനെ അധികാരം തന്നെ നിശബ്ദനാക്കി. ആ ചരിത്രം ഇന്നും തുടരുന്നു.

മരണം മരവിപ്പിച്ചുവെങ്കിലും ആ ചുണ്ടുകൾ കാഴ്ചയിൽ പിന്നെയും എന്തൊക്കെയോ പറയാൻ വെമ്പുന്നുണ്ടായിരുന്നു. മരണം ഒരു അനിവാര്യതയാകുമ്പോൾ പല അപൂർവതകളും അതിനെ ചുറ്റിപ്പറ്റി നിലനിൽക്കുന്നു. പാതിയിൽ മുറിഞ്ഞ വാക്കുകൾ, മുറിഞ്ഞുപോയ കാഴ്ചകൾ, അനുഭവങ്ങൾ അങ്ങനെ ആ പട്ടിക നീളുന്നു. കാലത്തിന്റെ സഞ്ചാരം മനുഷ്യന്റെ ചിന്തകൾക്ക് അതീതമായി കടന്നുപോകുമ്പോൾ നിശ്ചേഷ്ടനായി മരണത്തിന് കീഴടങ്ങാൻ മാത്രമേ കേവലമനുഷ്യന് സാധിക്കുകയുള്ളൂ. യുദ്ധവും കലാപവും എല്ലാകാലത്തും മനുഷ്യനെയും അവന്റെ നിലനിൽപ്പിനെയും നിരന്തരവിചാരണയ്ക്ക് വിധേയമാക്കുന്ന രണ്ട് അവസ്ഥകളാണ്. "പുകയാണ് നിറയെ. ആകാശത്തിന്റെ മുഖം പാതിയും കറുത്തു. കത്തുന്ന മനുഷ്യശരീരത്തിന്റെയും വെടിമരുന്നിന്റെയും ഗന്ധം" (എംടി: 2008:224). അധികാരത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി എല്ലാകാലത്തും യുദ്ധങ്ങൾ നടന്നിട്ടുണ്ട്. നൂറ്റാണ്ടുകൾക്കപ്പുറത്തേക്ക് സഞ്ചരിച്ചെത്തിയിട്ടും മനുഷ്യന്റെ അടിസ്ഥാനമായ ഇത്തരം വികാരങ്ങൾക്ക് മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്ന് കഥ വ്യവഹരിക്കുമ്പോൾ മനുഷ്യാവസ്ഥകൾ എല്ലാകാലവും കാര്യമായ പരിവർത്തനങ്ങൾക്ക് വിധേയപ്പെടാൻ മടിച്ചുകൊണ്ട് നിൽക്കുന്നതായി വിലയിരുത്താൻ സാധിക്കും. കേവലജീവിതം വിധിയാൽ നിർണ്ണീതമാണ്. എന്നിട്ടും "മരിച്ചുപോയ ഇന്നലെ ചൊല്ലി, ജന്മമെടുക്കാത്ത നാളെയെച്ചൊല്ലി എന്തിനു വേദനിക്കുന്നു?" (എം.ടി: 2008:223) എന്ന ഒരു ചോദ്യവും കഥ മുന്നോട്ടുവയ്ക്കുന്നുണ്ട്. കടന്നുപോകുന്ന ഓരോ നിമിഷങ്ങളും തിരിച്ചുപിടിക്കാനാവില്ലെന്നറിയുമ്പോഴും കേവലമനുഷ്യൻ വരാനിരിക്കുന്ന നിമിഷങ്ങളിലേക്ക് പ്രതീക്ഷകളത്രയും ചേർത്തുവയ്ക്കുന്നു. നാളെ എന്നത് ഇന്ന് തന്നെയായാണ് വന്നുചേരുന്നത്. പോയ്പോയ ഇന്നലെകളിലും വരുമെന്ന് ഒരു ഉറപ്പുമില്ലാത്ത നാളെകളിലും ജീവിതം തേടുമ്പോൾ ഇന്നുകളെയാണ് നഷ്ടപ്പെടുന്നതെന്ന ദർശനത്തെ കഥ മുന്നോട്ടുവയ്ക്കുന്നു. കൂടാതെ ജീവിതത്തിൽ അനീതിയോടെ അനീതിയിലൂടെ നേടുന്നതെല്ലാം അനുഭവിക്കാൻ ഒരു കാലവും അവസരം ഒരുക്കുന്നില്ല എന്ന ജീവിതദർശനത്തെയും കഥ വ്യവഹരിക്കുന്നുണ്ട്.

## ഉപസംഹാരം

